ദാദാ ഭഗവാൻ

വിശദീകരിച്ചിരിക്കുന്നതു പോലെ

# മരണം

## അതിനു മുമ്പും, മരണ സമയത്തും, അതിനു ശേഷവും.....

- ജനനമുള്ളിടത്ത് മരണവുമുണ്ട്.
- ആത്മാവ് ജനന മരണങ്ങളിൽ നിന്നും സ്വതന്ത്രമാണ്.
- അത് അനശ്വരമാണ്.

Malayalam

ദാദാ ഭഗവാൻ
വിശദീകരിച്ചിരിക്കുന്നതു പോലെ

# മരണം

(അതിനു മുമ്പും, മരണ സമയത്തും , അതിനു ശേഷവും.....)

മൂലരൂപം ഗുജറാത്തിയിലാണ്.
അതിന്റെ ഇംഗ്ലീഷ് വിവർത്തനം ഈ മാർഗ്ഗം പിന്തുടരുന്നവർ നടത്തിയിട്ടുള്ളതാണ്.
ഈ മലയാളം വിവർത്തനത്തിന് ഇംഗ്ലീഷ് വിവർത്തനമാണ് അവലംബിച്ചിട്ടുള്ളത്.

**Publisher : Mr. Ajit C. Patel**
**Dada Bhagwan Vignan Foundation**
1, Varun Apartment, 37, Shrimali Society,
Opp. Navrangpura Police Station,
Navrangpura, Ahmedabad - 380009
Tel.: +91 79 3500 2100

© All Rights reserved with
Dada Bhagwan Foundation Trust,
5, Mamta Park Society, B/h. Navgujarat College,
Usmanpura,Ahmedabad - 380014, Gujarat, India.
No Part of this book may be used or reproduced in any manner whatsoever without written permission from the holder of the copyrights.

**First Edition :** 500 copies, June 2021

**Price :** Ultimate Humility (leads to Universal oneness) and Awareness of
"I Don't Know Anything"
Rs.: 30.00

**Printer :** Amba Multiprint
B - 99, Electronics GIDC, K-6 Road
Sector - 25, Gandhinagar - 382044.
Gujarat, India.
Tel. : +91 79 3500 2142

# ത്രിമന്ത്രം








**നമോ വീതരാഗായ**
**നമോ അരിഹന്താണം**
**നമോ സിദ്ധാണം**
**നമോ ആയരിയാണം**
**നമോ ഉവ്വജ്ജായാണം**
**നമോ ലോ യേ സവ്വ സാഹൂണം**
**എസോ പഞ്ച നമുക്കാരോ**
**സവ്വ പാവാപ്പനാസണോ**
**മംഗളാണം ച സവ്വേശിം**
**പഠമം ഹവായ് മംഗളം**
**ഓം നമോ ഭഗവതേ വാസുദേവായ**
**ഓം നമഃ ശിവായ**

**ജയ് സത് ചിദാനന്ദ്.**



## ആരാണ് ദാദാ ഭഗവാൻ?

1958 ജൂൺ മാസത്തിലെ ഒരു സായാഹ്നം, ഏകദേശം ആറുമണിക്ക്, സൂറത്ത് റെയിൽവേ സ്റ്റേഷനിലെ കോലാഹലങ്ങൾക്കിടയിൽ, ഒരു ബഞ്ചിലിരിക്കെ, ***ദാദാഭഗവാൻ*** അംബാലാൽ മുൽജിഭായ് പട്ടേലിന്റെ വിശുദ്ധ ശരീരത്തിനുള്ളിൽ പൂർണ്ണമായി വെളിപ്പെട്ടു. ആത്മീയതയുടെ ശ്രദ്ധേയമായ ഒരു പ്രതിഭാസം പ്രകൃതി വെളിവാക്കി! ഒരു മണിക്കൂറിനകം, പ്രപഞ്ചത്തിന്റെ ദർശനം അദ്ദേഹത്തിന് വെളിവായി. ആരാണ് നാം? ആരാണ് ദൈവം? ആര് ലോകം പരിപാലിക്കുന്നു? എന്താണ് കർമ്മം? എന്താണ് മോക്ഷം? എന്നു തുടങ്ങിയ ആത്മീയമായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പൂർണ്ണമായും അദ്ദേഹത്തിന് വ്യക്തമായി.

ആ വൈകുന്നേരം അദ്ദേഹത്തിന് ലഭിച്ചത്, വെറും രണ്ടു മണിക്കൂർ കൊണ്ട്, തന്റെ ***ജ്ഞാനവിധി*** എന്ന നൈസർഗ്ഗികമായ ശാസ്ത്രീയ പരീക്ഷണത്തിലൂടെ, അദ്ദേഹം മറ്റുള്ളവർക്ക് നല്കി! ഇത് ***അക്രം മാർഗ്ഗം*** എന്ന് അറിയപ്പെടുന്നു. തുടർച്ചയായി പടികൾ ഒന്നൊന്നായി കയറിപ്പോകുന്ന മാർഗ്ഗമാണ് ക്രം. അക്രം പടികളില്ലാത്ത എളുപ്പവഴിയാണ്, ഒരു ലിഫ്ററിലെന്ന പോലെ പെട്ടന്ന് ഉയർത്തുന്ന മാർഗ്ഗമാണ്!

അദ്ദേഹം സ്വയം ദാദാ ഭഗവാൻ ആരാണ് എന്ന് വിശദീകരിക്കുന്നത് ഇങ്ങനെയാണ്, "നിങ്ങളുടെ മുന്നിൽ ദൃശ്യനായിരിക്കുന്ന ആൾ ***ദാദാ ഭഗവാൻ*** അല്ല. ഞാൻ ജ്ഞാനീപുരുഷനാണ്. എനിക്കകത്ത് വെളിപ്പെട്ടിരിക്കുന്ന ഭഗവാനാണ് ***ദാദാ ഭഗവാൻ.*** അദ്ദേഹം പതിനാലു ലോകങ്ങളുടേയും ഭഗവാനാണ്. അദ്ദേഹം നിങ്ങൾക്കുള്ളിലുമുണ്ട്, എല്ലാവരുടെ ഉള്ളിലും ഉണ്ട്. അദ്ദേഹം നിങ്ങൾക്കുള്ളിൽ പ്രകടമാകാതെ ഇരിക്കുന്നു, അതേ സമയം ഇവിടെ (എ.എം.പട്ടേലിനകത്ത്) അദ്ദേഹം പൂർണ്ണമായി വെളിപ്പെട്ടിരിക്കുന്നു! ഞാൻ, സ്വയം ദൈവമല്ല (ഭഗവാനല്ല); എനിക്കകത്ത് വെളിപ്പെട്ടിരിക്കുന്ന ***ദാദാ ഭഗവാനെ*** ഞാനും വണങ്ങുന്നു."

# ആത്മജ്ഞാനം നേടുന്നതിന് ഇപ്പോഴുള്ള കണ്ണി

1958 ൽ ആത്മജ്ഞാനം ലഭിച്ചതിനു ശേഷം, പരമപൂജ്യനായ ***ദാദാ ഭഗവാൻ*** (ദാദാശ്രീ) ആത്മീയ പ്രഭാഷണങ്ങൾ നടത്തുന്നതിനും ആത്മീയ അന്വേഷകർക്ക് ആത്മജ്ഞാനം നല്കുന്നതിനുമായി ദേശീയവും അന്തർദേശീയവുമായ യാത്രകൾ നടത്തി.

അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ, ദാദാജി പൂജ്യ ഡോ. നീരുബെൻ അമീനിന് (നീരുമാ) മറ്റുള്ളവർക്ക് ആത്മജ്ഞാനം നല്കുന്നതിനുള്ള സിദ്ധികൾ നല്കിയിരുന്നു. അതേ പോലെ, ദാദാശ്രീ നശ്വര ശരീരം വെടിഞ്ഞതിനു ശേഷം പൂജ്യ നീരുമാ ആത്മീയാന്വേഷകർക്ക് സത്സംഗങ്ങളും ആത്മജ്ഞാനവും, ഒരു നിമിത്തം എന്ന രീതിയിൽ നല്കിക്കൊണ്ടിരുന്നു. സത്സംഗങ്ങൾ നടത്തുന്നതിനുള്ള ആത്മീയ സിദ്ധികൾ പൂജ്യ ദീപക് ഭായ് ദേശായിക്കും ദാദാജി നല്കിയിരുന്നു. ഇപ്പോൾ പൂജ്യ നീരുമയുടെ അനുഗ്രഹത്തോടെ പൂജ്യ ദീപക് ഭായ് ആത്മജ്ഞാനം നല്കുന്നതിനുള്ള നിമിത്തമായി ദേശീയവും അന്തർദേശീയവുമായ യാത്രകൾ നടത്തിവരുന്നു.

ആത്മജ്ഞാനത്തിനുശേഷം, ആയിരക്കണക്കിന് ആത്മീയാന്വേഷകർ ബന്ധനമുക്തരായി സ്വതന്ത്രമായ അവസ്ഥയിൽ നില നില്ക്കുകയും ലൗകികമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനിടക്കു തന്നെ ആത്മാനുഭവത്തിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നു.

# വിവർത്തകക്കുറിപ്പ്

ദാദാശ്രീ അല്ലെങ്കിൽ ദാദാ അല്ലെങ്കിൽ ദാദാജി എന്ന് അറിയപ്പെടുന്ന ജ്ഞാനി പുരുഷ് അംബലാൽ എം.പട്ടേൽ, സയൻസ് ഓഫ് സെൽഫ്-റിയലൈസേഷൻ, ലൗകിക ഇടപെടലിന്റെ കല എന്നിവയെ കുറിച്ചുള്ള തന്റെ സത്സംഗത്തെ ഇംഗ്ലീഷിലേക്ക് കൃത്യമായി വിവർത്തനം ചെയ്യാൻ കഴിയില്ല എന്ന് പറയും ആയിരുന്നു. അന്വേഷകനെ അറിയിക്കേണ്ട അർത്ഥത്തിന്റെ ആഴവും ഉദ്ദേശ്യവും നഷ്ടപ്പെടും. തന്റെ പഠിപ്പിക്കലുകൾ എല്ലാം കൃത്യമായി മനസ്സിൽ ആക്കാൻ ഗുജറാത്തി പഠിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു

അങ്ങനെയാണെങ്കിലും തന്റെ വാക്കുകൾ ഇംഗ്ലീഷിലേക്കും മറ്റു ഭാഷകളിലേക്കും വിവർത്തനം ചെയ്യുന്നതിന് അദ്ദേഹം അനുഗ്രഹം നല്കിയിട്ടുണ്ട്. അങ്ങനെ ആത്മീയ അന്വേഷകർക്ക് ഒരു പരിധിവരെ നേട്ടമുണ്ടാക്കാനും പിന്നീട് സ്വന്തം പരിശ്രമത്തിലൂടെ മുന്നേറാനും സാധിക്കും. ഈ ശാസ്ത്രത്തിന്റെ അസാധാരണ ശക്തികളെ കുറിച്ച് ലോകം വിസ്മയപ്പെടുന്ന ഒരു ദിവസം വരുമെന്നും അദ്ദേഹം പറഞ്ഞു.

ജ്ഞാനിപുരുഷനായ ദാദാശ്രീയുടെ ഉപദേശങ്ങളുടെ സാരാംശം ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ ഉള്ള എളിയ ശ്രമമാണ് ഇത്. അദ്ദേഹത്തിന്റെ വാക്കുകളുടെ സ്വരവും സന്ദേശവും സംരക്ഷിക്കാൻ വളരെ അധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഇത് അദ്ദേഹത്തിന്റെ കൃതികളുടെ അക്ഷരീയ വിവർത്തനമല്ല. നിരവധി വ്യക്തികൾ ഈ ഉല്പ്പന്നത്തിനായി ഉത്സാഹത്തോടെ പ്രവർത്തിച്ചിട്ടുണ്ട്, ഞങ്ങൾ എല്ലാവരോടും നന്ദി ഉള്ളവരായി തുടരുന്നു

അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളുടെ വിശാലമായ പുതിയ നിധിയുടെ പ്രാഥമിക ആമുഖം ആണ് ഇത്. വിവർത്തനത്തിൽ വരുത്തിയ പിശകുകൾ പൂർണ്ണമായും വിവർത്തകരുടെത് ആണെന്ന കാര്യം ശ്രദ്ധിക്കുക. ഞങ്ങൾ അവർക്കായി മാപ്പ് അഭ്യർത്ഥിക്കുന്നു

# ആമുഖം

ധാരാളം ആളുകൾ മരണത്തെ ഭയപ്പെടുന്നു. മരണം ആളുകളെ ദുഃഖിതർ ആക്കുന്നു. അവർ വ്യസനത്തിൽ ആണ്ട് പോകുന്നു. ജീവിത കാലത്ത് ഇടക്ക് ഒക്കെ എല്ലാവർക്കും മരണത്തിന് സാക്ഷി ആകേണ്ടി വരും. അത്തരം സമയത്ത് മരണത്തിന്റെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ച് നൂറുകണക്കിന് ചോദ്യങ്ങൾ ഉയർന്നു വരുന്നു. ഉത്തരം ലഭിക്കാതിരിക്കുമ്പോൾ അവർ സ്തബ്ധരായി പോകുന്നു. മരണത്തെ പൊതിയുന്ന നിഗൂഢത തിരിച്ചറിയാൻ ആളുകൾക്ക് വളരെ ഏറെ ആഗ്രഹമുണ്ട്. ആ വിഷയത്തെ കുറിച്ച് ധാരാളം എഴുതപ്പെട്ടിട്ടുണ്ട്. അവയെല്ലാം ബുദ്ധിപരമായ വ്യായാമങ്ങളാണ്.

എന്താണ് മരണം? ഈ മരണത്തിനു മുമ്പ് എന്തായിരുന്നു? മരണ പ്രക്രിയയിൽ എന്താണ് സംഭവിക്കുന്നത്? മരണത്തിനു ശേഷം എന്തു സംഭവിക്കുന്നു? മരണാനുഭവത്തെ കുറിച്ച് ആർക്കാണ് വിവരിച്ചു തരാൻ കഴിയുക? മരിച്ചവര്ക്ക് അവരുടെ അനുഭവത്തെ കുറിച്ച് പറയാൻ ആവില്ല. ജനിച്ചവര്ക്ക് അവരുടെ കഴിഞ്ഞ ജീവിതത്തെ കുറിച്ച് അറിവില്ല. ജനനത്തിനു മുമ്പും മരണത്തിനു ശേഷവും എന്തു സംഭവിക്കും എന്ന് ആർക്കും അറിയില്ല. അതുകൊണ്ടാണ് മരണത്തിനു മുമ്പും, മരണ സമയത്തും, അതിനു ശേഷവും, എന്തു സംഭവിക്കുന്നു എന്നത് ഒരു നിഗൂഢതയായി തുടരുന്നത്. ദാദാശ്രീ, തന്റെ ജ്ഞാനത്തിലൂടെ, മരണത്തിന്റെ നിഗൂഢത യഥാർത്ഥത്തിൽ എങ്ങനെയാണോ, അങ്ങനെ തന്നെ തുറന്നു കാട്ടിയിട്ടുണ്ട്.

മരണത്തെ പൊതിയുന്ന വസ്തുതകൾ ഒരാൾ മനസ്സിൽ ആക്കിയാൽ, അയാളിൽ നിന്നും മരണവുമായി ബന്ധപ്പെട്ട ഭീതികളെല്ലാം അകന്നു പോകുന്നു.

പ്രിയപ്പെട്ട ഒരാൾ മരിച്ചു കൊണ്ടിരിക്കുമ്പോൾ ഒരാൾ എന്താണ് ചെയ്യേണ്ടത്? എന്താണ് നമ്മുടെ യഥാർത്ഥ കടമ?

എങ്ങനെ നമുക്ക് അവരുടെ അടുത്ത ജന്മം മെച്ചപ്പെടുത്താൻ ആവും? നമ്മുടെ പ്രിയപ്പെട്ടവരുടെ മരണത്തിനു ശേഷം നാം എന്തു ചെയ്യണം? എന്തു തിരിച്ചറിവു ലഭിച്ചാൽ ആണ് നമുക്ക് ശാന്തരും സമചിത്തത ഉള്ളവരും ആയി നിൽക്കാൻ കഴിയുക?

തങ്ങളുടെ മരിച്ചുപോയ ബന്ധുക്കൾക്ക് ആളുകൾ നൽകുന്ന ആചാര ബന്ധിതമായ ചടങ്ങുകളുടെ പിറകിലുള്ള സത്യമെന്താണ്? മരണത്തിനു ശേഷം നടക്കുന്ന സാമൂഹികമായ വിവിധ ആചാരങ്ങൾക്കെല്ലാം എന്താണ് പ്രാധാന്യം? ഈ മരണാനന്തര ചടങ്ങുകളിലൂടെ മരിച്ച ആള്ക്ക് എന്തെങ്കിലും ഗുണമുണ്ടാകുമോ? ആ മരണാനന്തര ചടങ്ങുകൾ നിര്വ്വഹിക്കേണ്ടത് ആവശ്യമാണോ? ഈ ചോദ്യങ്ങള്ക്കെല്ലാം ഉത്തരം ഈ പുസ്തകത്തിൽ ചുരുക്കി വിവരിക്കുന്നു.

ജനങ്ങളിൽ ഭയം സൃഷ്ടിക്കുന്ന മരണത്തെ കുറിച്ചുള്ള നിഗൂഢതകൾ എല്ലാം വെളിവാക്കപ്പെടുമ്പോൾ, തീര്ച്ചയായും ആളുകള്ക്ക് അത്തരം സാഹചര്യങ്ങളിൽ ആശ്വാസം ലഭിക്കും.

ശരീരത്തിൽ നിന്നും, ശരീരവുമായി ബന്ധപ്പെട്ട എല്ലാ അവസ്ഥകളിൽ നിന്നും, ജനനമരണങ്ങളിൽ നിന്നുമെല്ലാം വേറിട്ടു നിൽക്കുന്ന ആളാണ് **ജ്ഞാനീപുരുഷൻ.** അദ്ദേഹം നിരന്തരം ശരീരത്തെ കാണുന്നവനും അറിയുന്നവനുമായി നിലനിൽക്കുന്നു. ആത്മാവിന്റെ അനന്തമായ ജനനമരണങ്ങളില് നിന്നും വിമുക്തമായ അവസ്ഥ അദ്ദേഹം അനുഭവിക്കുന്നു. ജ്ഞാനീപുരുഷന് തന്റെ ജ്ഞാനത്തിലൂടെ, അതെല്ലാം ശരിയായ രൂപത്തില് കാണുകയും, സത്യസന്ധമായി ജനനമരണങ്ങളെ കുറിച്ചും അവയില് നിന്നും വിമുക്തി നേടുന്നതിനെ കുറിച്ചും നമുക്ക് പറഞ്ഞു തരികയും ചെയ്യുന്നു.

ആത്മാവ് അവിനാശിയാണ്. അത് ജനനമരണങ്ങള്ക്ക് അപ്പുറമാണ്. അത് പരിപൂര്ണ്ണ ജ്ഞാനമാണ്. ആത്മാവ് പരിപൂര്ണ്ണ ജ്ഞാതാവും ദൃഷ്ടാവുമാണ്. ആത്മാവിന് ജനനവും മരണവുമില്ല. എന്നിട്ടും, തന്റെ ബുദ്ധി ഉപയോഗിച്ച്, മനുഷ്യന് ജനന മരണ ചക്രങ്ങളെ മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. സ്വാഭാവികമായും ഉയരുന്ന പ്രധാന പ്രശ്നം എങ്ങനെയാണ് ജനനവും മരണവും സംഭവിക്കുന്നത് എന്നതാണ്. ജനന സമയത്തും മരണ സമയത്തും ആത്മാവ് കൂടാതെ മറ്റേതൊക്കെ വസ്തുക്കളാണുള്ളത്? അവക്കെല്ലാം എന്താണ് സംഭവിക്കുന്നത്? ആരാണ് പുനർ ജന്മത്തിലൂടെ കടന്നു പോകുന്നത്? അതെങ്ങനെ സംഭവിക്കുന്നു? ആരാണ് പോകുന്നതും വരുന്നതും? കാരണങ്ങളുടേയും ഫലങ്ങളുടേയും, ഫലങ്ങളുടേയും കാരണങ്ങളുടേയും തുടര്ച്ച എങ്ങനെയാണ് സ്ഥാപിതം ആയിരിക്കുന്നത്? എങ്ങനെ അത് അവസാനിപ്പിക്കാം? എങ്ങനെ ആണ് ജീവിത കാലയളവ് നിർണ്ണയിക്ക പെടുന്നത്? ജീവിത കാല അളവ് എന്തിനെ ആശ്രയിച്ചിരിക്കുന്നു? ഇങ്ങനെയുള്ള അനശ്വരമായ ചോദ്യങ്ങള്ക്ക് കൃത്യവും ശാസ്ത്രീയവുമായ ഉത്തരം നൽകാൻ ജ്ഞാനി പുരുഷനല്ലാതെ മറ്റാര്ക്കാണ് കഴിയുക?

അതിലും ഉപരി എന്തൊക്കെയാണ് ഒരു ലൗകികമായ ആത്മാവിന്റെ വിവിധ ജീവ രൂപങ്ങളിലേക്കുള്ള പ്രവേശനത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ? എന്തൊക്കെയാണ് ആത്മഹത്യക്കുള്ള കാരണങ്ങളും അതിന്റെ അനന്തരഫലങ്ങളും? എന്താണ് ഭൂതങ്ങൾ? പ്രേതങ്ങൾ എന്നു പറയുന്ന വസ്തുക്കളുണ്ടോ? ലൗകിക ജീവിതത്തിലെ സ്ഥാനം മാറുന്നതിനെ നിയന്ത്രിക്കുന്ന നിയമങ്ങൾ എന്തൊക്കെയാണ്? പല തരത്തിലുള്ള ജീവ രൂപങ്ങളെ നിലനിര്ത്തുന്നതെന്താണ്? ഒരു പ്രത്യേക ഗ്രഹത്തിൽ നിന്നും ഒരാള്ക്കെങ്ങനെ മോക്ഷം നേടാം? മോക്ഷം ലഭിക്കുന്ന ആത്മാവ് എവിടെ പോകും? എന്താണ് സിദ്ധഗതി? ഈ പുസ്തകത്തിൽ ഇവക്കെല്ലാം വിശദീകരണങ്ങൾ നല്കപ്പെടുന്നു.

ജ്ഞാനീ പുരുഷനല്ലാതെ മറ്റാര്ക്കും ഇത്രയും വ്യക്തമായ വിശദീകരണങ്ങളോടെ ആത്മാവിന്റേയും അഹത്തിന്റേയും ഗുണങ്ങൾ മനസ്സിലാക്കിത്തരാനാവില്ല.

മരണത്തിന്റേയും ജനനത്തിന്റേയും നിഗൂഢതകൾ എല്ലാം വ്യക്തമായ വിശദീകരണങ്ങൾ ലഭിക്കുകയാണെങ്കിൽ ഒരാള്ക്ക് ജനനമരണങ്ങളിൽ നിന്നും മുക്തമായ അവസ്ഥ നേടിയെടുക്കാനാവും. അത്തരം വസ്തുതകൾ ഈ ചെറുപുസ്തകത്തിൽ നിന്നും ലഭിക്കും. അത് ലൗകികവും ആത്മീയവുമായ തലങ്ങളിൽ വായനക്കാരന് മുന്നേറാൻ സഹായകമാവും.---

**ഡോ. നീരുബെൻ അമീൻ**

# മരണം

## അതിനുമുമ്പും, മരണസമയത്തും, അതിനുശേഷവും.....

### ഒന്നാം ഭാഗം

### (1.1) ജനനമരണ ചക്രങ്ങളിൽ നിന്നും മോചനം

**ചോദ്യകർത്താവ്:** വേദനാജനകമായ ജനന മരണ ചക്രങ്ങളിൽ നിന്നും എങ്ങനെ രക്ഷപ്പെടാം?

**ദാദാശ്രീ:** അത് വളരെ നല്ല ഒരു ചോദ്യമാണ്. നിങ്ങളുടെ പേരെന്താണ്?

**ചോദ്യകർത്താവ്:** ചന്ദുഭായ്.

**ദാദാശ്രീ:** നിങ്ങൾ ശരിക്കും ചന്ദുഭായാണോ?

**ചോദ്യകർത്താവ്:** അതെ.

**ദാദാശ്രീ:** ചന്ദുഭായി എന്നത് നിങ്ങളുടെ പേരു മാത്രമാണ്. അങ്ങനെയല്ലേ?

**ചോദ്യകർത്താവ്:** അതെ.

**ദാദാശ്രീ:** അപ്പോൾ നിങ്ങളാരാണ്? ചന്ദുഭായി എന്നത് നിങ്ങളുടെ പേരാണ് എന്ന് ഞങ്ങൾക്കെല്ലാം അറിയാം. പക്ഷെ നിങ്ങളാരാണ്?

**ചോദ്യകർത്താവ്:** അതെല്ലാം അറിയാനാണ് ഞാൻ വന്നിരിക്കുന്നത്.

**ദാദാശ്രീ:** ഈ ചോദ്യത്തിന് ഉത്തരം ലഭിച്ചാൽ, ജനന മരണ ചക്രങ്ങളുടെ വേദനകളിൽ നിന്നും നിങ്ങൾക്ക് എന്നന്നേക്കുമായി രക്ഷപ്പെടാം.

ഇന്നുവരെ നിങ്ങൾ ചെയ്തതെല്ലാം ചന്ദുഭായിയുടെ പേരിലായിരുന്നു. നിങ്ങൾക്ക് സ്വയം എന്തെങ്കിലും ഒന്ന് നിങ്ങൾക്കു വേണ്ടി (നിങ്ങളുടെ ആത്മാവിനു വേണ്ടി) ചെയ്യേണ്ടതില്ലേ? സൂക്ഷിച്ചിരിക്കു, തയ്യാറായിരിക്കു, ഏറ്റവും വലിയ ചതി നേരിടാൻ.

മരണസമയത്ത് , പ്രകൃതി, നിങ്ങളുടെ പേരും അതുമായി ബന്ധപ്പെട്ട എല്ലാ വസ്തുക്കളും നിങ്ങളിൽ നിന്നും പറിച്ചെടുക്കും: നിങ്ങളുടെ ബാങ്ക് ബാലൻസ്, സ്വത്ത്, കുടുംബം, നിങ്ങളുടെ ശരീരത്തിൽ ധരിച്ചിരിക്കുന്ന വസ്ത്രം പോലും നിങ്ങൾക്ക് നഷ്ടപ്പെടും. എല്ലാം നിങ്ങൾക്ക് നഷ്ടപ്പെടും. അപ്പോൾ, “എന്താണ് എന്നോടൊപ്പം വരിക?” എന്ന് നിങ്ങൾ ചോദിക്കുകയാണെങ്കിൽ, "നിങ്ങൾ കണ്ടുമുട്ടിയവരുമായ ഉണ്ടാക്കിയ എല്ലാ സംഘർഷങ്ങളും കൂടെ വരും" എന്നായിരിക്കും ഉത്തരം. നിങ്ങൾ മരിക്കുമ്പോൾ പ്രകൃതി എല്ലാം പിടിച്ചെടുക്കും. അതുകൊണ്ട് നിങ്ങളിലെ യഥാർത്ഥ നിങ്ങൾക്കു വേണ്ടി അതായത് ആത്മാവിനു വേണ്ടി നിങ്ങൾ എന്തെങ്കിലും ചെയ്യേണ്ടതില്ലേ?

## (1.2) നിങ്ങളുടെ അടുത്ത ജന്മത്തിലേക്ക് ഒരു സമ്മാനപ്പൊതി അയക്കുക

നിങ്ങളുടെ ബന്ധുക്കളല്ലാത്തവർക്ക് നിങ്ങൾ എന്തെങ്കിലും ചെയ്യുമ്പോൾ, അവർക്ക് ഭക്ഷണം, മരുന്ന്, ജ്ഞാനം എന്നിവ ദാനം ചെയ്ത് അവരെ സന്തോഷിപ്പിക്കുമ്പോൾ, നിങ്ങൾ പുണ്യം ബന്ധിപ്പിക്കും. അതിന്റെ ഫലം നിങ്ങൾക്ക് അടുത്ത ജന്മത്തിൽ കൊയ്തെടുക്കാനാവും. നിങ്ങൾ അഹിംസാത്മകമായ ജീവിതം നയിച്ച് ഒരു ജീവിയും നിങ്ങളിൽ നിന്നും ഭയം

അനുഭവിക്കാതിരിക്കുകയാണെങ്കിൽ, അതും നിങ്ങൾക്ക് വലിയ പുണ്യം നൽകുന്നതായിരിക്കും.

ഭൗതികവസ്തുക്കൾ അടുത്ത ജന്മത്തിലേക്ക് കൊണ്ടു പോകാൻ കഴിയുമായിരുന്നെങ്കിൽ ആളുകൾ എല്ലാം അവരോടൊപ്പം കൊണ്ടുപോയെനെ. അവർ കോടിക്കണക്കിന് രൂപ ലോൺ വരെ എടുത്തുകൊണ്ടു പോകുമായിരുന്നു. അതുകൊണ്ട് ആർക്കും ഒന്നും കൊണ്ടു പോകാൻ കഴിയാതിരുന്നത് നന്നായി.

## (1.3) മായ എന്നു വിളിക്കപ്പെടുന്ന ഇല്യൂഷൻ

മായ നിങ്ങളെ കൊണ്ട് ജന്മം എടുപ്പിക്കുന്നു, വിവാഹം കഴിപ്പിക്കുന്നു, നിങ്ങൾക്ക് മരണത്തിനും കാരണമാകുന്നു. നിങ്ങളത് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, നിങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു തിരഞ്ഞെടുപ്പിന് അവസരമില്ല. എന്നാൽ മായയല്ല എല്ലാറ്റിനും മുകളിൽ നിൽക്കുന്നത് എന്നത് നിശ്ചയം ആണ്. നിങ്ങളാണ് അവകാശി. അതുകൊണ്ട് എല്ലാം നിങ്ങളുടെ ഇഷ്ടം പോലെ തന്നെ കളിക്കപ്പെടുന്നു. ഈ ജീവിതം എല്ലാറ്റിന്റേയും അന്തിമ ഫലമാണ്. കഴിഞ്ഞ ജന്മത്തിൽ ആഗ്രഹിച്ചതിന്റെയെല്ലാം ബാലൻസ് ഷീറ്റ്. അതിന്റെ അടിസ്ഥാനത്തിൽ മായ എല്ലാം നടത്തിക്കൊണ്ടു പോവുകയാണ്. അതുകൊണ്ട് ഇപ്പോൾ ആക്ഷേപം പറയുന്നതിൽ ഒരർത്ഥവുമില്ല. നിങ്ങൾ ഈ അവസാന ബാലൻസ് ഷീറ്റ് അംഗീകരിച്ച് ഒപ്പുവെച്ചു, മായയുടെ കൈകളിൽ ഏല്പിച്ചു. ആത്മാവിനെ മറക്കാൻ നിങ്ങളെ പ്രേരിപ്പിക്കുന്ന ശക്തി മായയാണ്.

## (1.4) ജീവിതം ഒരു തടവറയാണ്

**ചോദ്യകർത്താവ്:** അങ്ങയുടെ ജ്ഞാനത്തിന്റെ ദൃഷ്ടിയിൽ എന്താണ് ജീവിതം?

**ദാദാശ്രീ:** എന്റെ ജ്ഞാനദൃഷ്ടിയിൽ ജീവിതം ഒരു തടവറയാണ്. നാലു തരത്തിലുള്ള തടവറകളുണ്ട്. സ്വർഗ്ഗത്തിലുള്ളവർ എല്ലാ സുഖ

സൗകര്യങ്ങളോടും കൂടിയ ലളിതമായ തടവറയിലാണ്. മനുഷ്യരും ലളിതമായ തടവിലാണ്. മൃഗങ്ങൾ തീവ്രമായ കഷ്ടപ്പാടുകളുടേയും കഠിനതകളുടേയും തടവറയിൽ ആണ്. നരകത്തിലുള്ളവർ ജീവിതകാലം മുഴുവനുമുള്ള വേദനയോടും പീഡനത്തോടും കൂടിയ തടവറയിൽ ആണ് .

## (1.5) ജനിച്ച നിമിഷം മുതൽ അറക്കവാൾ ഈ മരത്തെ (ജീവിതത്തെ) അറുത്തു കൊണ്ടിരിക്കുകയാണ്.

ഓരോ സെക്കന്റിലും ശരീരം സാവധാനത്തിൽ മരിച്ചു കൊണ്ട് ഇരിക്കുകയാണ് . പക്ഷെ ആളുകൾ അത് തിരിച്ചറിയുന്നുണ്ടോ? ഒരു തടി മുറിഞ്ഞ് രണ്ടു കഷണമാവുന്നതു വരെ ആരും മരം മുറിച്ചു എന്നു പറയുകയില്ല. അങ്ങനെയാണെങ്കിലും അറുക്കവാൾ അതിനെ തൊട്ട നിമിഷം മുതൽ അത് മുറിക്കപ്പെടുന്ന പ്രക്രിയയിൽ തന്നെയാണ്.

## (1.6) മരണഭയം

ഈ ലോകത്തിൽ നിരന്തര ഭയമാണ്. ഒരു നിമിഷം പോലും ഈ ലോകത്തിൽ ഭയമില്ലാതിരുന്നിട്ടില്ല. ഒരു ഭയവുമില്ലാതിരിക്കുന്ന സമയത്തൊക്കെ ആളുകൾ ഈ ലോകത്തിന്റെ യഥാർത്ഥമായ അവസ്ഥയെക്കുറിച്ച് അജ്ഞതയിലിരിക്കുന്നു. കണ്ണുതുറന്നു കൊണ്ട് ആളുകൾ ഉറങ്ങിക്കൊണ്ട് ഇരിക്കുന്നത് കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. (ഈ ലോകത്തിന്റെ യഥാർത്ഥ അവസ്ഥയെ കുറിച്ച് അജ്ഞരായിട്ടാണ് ആളുകൾ ജീവിക്കുന്നത്)

**ചോദ്യകർത്താവ്:** ആത്മാവ് ഒരിക്കലും മരിക്കില്ല, അത് അനശ്വരമാണ് എന്ന് പറയുന്നു.

**ദാദാശ്രീ:** ആത്മാവ് ഒരിക്കലും മരിക്കില്ല. എന്നാൽ ആത്മാവാകുന്നതു വരെ (ആത്മജ്ഞാനം നേടുന്നതുവരെ) നിങ്ങൾ ഭയം അനുഭവിക്കും. നിങ്ങൾ മരണത്തെ ഭയപ്പെടുന്നില്ലേ? നിങ്ങളുടെ ശരീരത്തിന് എന്തെങ്കിലും സംഭവിച്ചാലുടനെ, നിങ്ങൾ മരണത്തെ

കുറിച്ച് ചിന്തിച്ച് ഭയപ്പെടാൻ തുടങ്ങും. അത് നിങ്ങൾ ശരീരമാണെന്ന ഉറച്ച വിശ്വാസത്തിന്റെയും, നിങ്ങൾ ചന്ദുലാൽ ആണെന്ന വിശ്വാസത്തിന്റേയും മരണം ഉണ്ട് എന്ന വിശ്വാസത്തിന്റേയും ഫലമാണ്. ആ വിശ്വാസവും ശ്രദ്ധയും ശരീരത്തിലല്ലെങ്കിൽ, മരണത്തിന് നിങ്ങളെ തൊടാൻ കഴിയില്ല.

## (1.7) യമരാജൻ - മരണദേവനോ വിധിയോ?

ഇന്ത്യയിൽ നിലനിൽക്കുന്ന ഈ തെറ്റായ വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളുമെല്ലാം മാറ്റാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യം മുഴുവൻ അന്ധവിശ്വാസങ്ങൾ കൊണ്ടും, തെറ്റായ വിശ്വാസങ്ങൾ കൊണ്ടും ആചാരങ്ങൾ കൊണ്ടും എല്ലാം രോഗാതുരമായി നശിച്ചിരിക്കുകയാണ്. യമരാജൻ (കാലൻ - മരണദേവൻ) എന്നൊരു ജീവിയില്ല എന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. ആളുകൾ ചോദിക്കുമ്പോൾ ഞാൻ പറയും അത് വെറും വിധിയാണ്, കർമ്മ നിയമമാണ് മരണത്തിലേക്ക് നയിക്കുന്നത് എന്നു പറയും. ഞാൻ എന്റെ ജ്ഞാനം കൊണ്ട് ദർശിക്കുന്നതാണ് കൃത്യമായി വ്യക്തമാക്കുന്നത്. ഞാൻ വായിച്ചിട്ടുള്ള എന്തെങ്കിലും വസ്തുതയുടെ അടിസ്ഥാനത്തിലല്ല ഞാനിത് പറയുന്നത്. എന്റെ ജ്ഞാന ദൃഷ്ടിയിലൂടെയാണ് ഞാനത് പറയുന്നത്. ഈ ഭൗതികമായ കണ്ണുകളിലൂടെ കാണുന്നതല്ല.

## (1.8) മരണശേഷം എന്തു സംഭവിക്കുന്നു?

**ചോദ്യകർത്താവ്:** മരണ ശേഷം എന്തു രൂപത്തിൽ ഉള്ള ജീവനായിരിക്കും?

**ദാദാശ്രീ:** മരണസമയത്ത് ജീവിതകാലം മുഴുവൻ ചെയ്തിട്ടുള്ള കർമ്മങ്ങളുടെ ഒരു ബാലൻസ് ഷീറ്റ് ഉണ്ടാവുന്നു. അത് മരണത്തിന് ഒരു മണിക്കൂർ മുമ്പാണ് സംഭവിക്കുക. തനിക്ക് അവകാശ പെടാത്തത് അയാൾ സമ്പാദിച്ചിട്ടുണ്ടെങ്കിൽ, അത് പെണ്ണോ പണമോ ആവാം, അയാൾ മൃഗലോകത്തിലേക്ക് പോകും.

ബുദ്ധിയുടെ ദുരുപയോഗം കൊണ്ട് അയാൾ എന്തെങ്കിലും നേടിയെടുത്തിട്ടുണ്ടെങ്കിൽ അയാൾക്ക് മൃഗ ജന്മമാണ് ലഭിക്കാൻ പോകുന്നത്. അവൻ മാന്യനും മനുഷ്യത്വമുള്ളവനുമാണെങ്കിൽ അയാൾക്ക് മനുഷ്യ രൂപത്തിൽ തിരിച്ചുവരാം. മരണ ശേഷം നാലു രൂപങ്ങളിലേക്കാണ് ഒരാൾക്ക് വീണ്ടും ജനിക്കാൻ കഴിയുന്നത്. സ്വന്തം നേട്ടത്തിനു വേണ്ടി മനുഷ്യ ജീവനും കുടുംബങ്ങളും നശിപ്പിക്കുന്നവൻ നരകത്തിലേക്കു പോകും. മറ്റുള്ളവർ ഉപദ്രവിച്ചാൽ പോലും അവരോട് പ്രതികാരം ചെയ്യാതെ, അവർക്ക് നന്മ മാത്രം പ്രവർത്തിക്കുകയും കാംക്ഷിക്കുകയും ചെയ്യുന്ന ദിവ്യ ഗുണങ്ങൾ പ്രകടമാക്കുന്നവർ സ്വർഗ്ഗത്തിലേക്കു പോകും.

## (1.9) മുഴുവൻ സമയവും മറ്റുള്ളവർക്ക് സേവനത്തിൽ മുഴുകൽ

നിങ്ങളുടെ മനസ്സും വാക്കും ശരീരവും ആത്മാവുമെല്ലാം മറ്റുള്ളവർക്കായി ഉപയോഗിക്കുക. അത് നിങ്ങളുടെ കാര്യത്തിനു വേണ്ടി മാത്രം ഉപയോഗിച്ചാൽ നിങ്ങൾ മരങ്ങളായി താഴ്ന്ന ജന്മങ്ങളിൽ പുനർ ജനിക്കും. നിങ്ങളുടെ തടവുജീവിതത്തിൽ നിങ്ങൾ മറ്റുള്ളവരെ സേവിക്കാൻ പ്രേരിതരാകും. ആളുകൾ നിങ്ങളുടെ ഫലങ്ങളും തടിയും ഉപയോഗിക്കും. നൂറുകണക്കിനു വർഷങ്ങൾ മരങ്ങളായി നിങ്ങൾ കഷ്ടത അനുഭവിക്കും. അതുകൊണ്ടാണ് നിങ്ങളുടെ മനസ്സും വാക്കും ശരീരവും ആത്മാവുമെല്ലാം മറ്റുള്ളവർക്കായി ഉപയോഗിക്കാൻ ഭഗവാൻ പറഞ്ഞിരിക്കുന്നത്. അങ്ങനെ ചെയ്തിട്ടും നിങ്ങൾക്കെന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അദ്ദേഹത്തിലേക്ക് തിരിയുക.

## (1.10) സന്ദർശിക്കാൻ മറ്റു ജീവരൂപങ്ങൾ

**ചോദ്യകർത്താവ്:** ശരീരം ഉപേക്ഷിച്ച് ഇവിടേക്കു തന്നെ വരേണ്ടി വരുമോ?

**ദാദാശ്രീ:** പോകാൻ വേറെ സ്ഥലമില്ല. നമ്മുടെ ചുറ്റുപാടും തന്നെ കാണും. ഈ പശുക്കളും, കാളകളും, നായ്ക്കളും, പൂച്ചകളും നമ്മുടെ

കഴിഞ്ഞ ജന്മത്തിലെ സ്വന്തം അമ്മാവന്മാരും അമ്മായിമാരും ബന്ധുക്കളുമല്ലാതെ മറ്റാരുമല്ല. അവരെങ്ങനെയാണ് നിങ്ങളെ തുറിച്ചുനോക്കുന്നതും, ചിലപ്പോൾ നിങ്ങളെ സ്നേഹത്തോടെ നക്കുന്നതും എന്നെല്ലാം നോക്കൂ. അതുകൊണ്ട് അവയെ വേദനിപ്പിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യരുത്. അവയെ നന്നായി സംരക്ഷിക്കൂ.

## (1.11) റിട്ടേൺ ടിക്കറ്റ്

**ചോദ്യകർത്താവ്:** എന്തു കൊണ്ടാണ് മൃഗ ജീവിതരൂപം, ഉദാഹരണത്തിന്, പശു, എരുമ എന്നിവ ജനന മരണ ചക്രത്തിൽ പ്രധാന ഭാഗമായിരിക്കുന്നത്?

**ദാദാശ്രീ:** മനുഷ്യ ജീവിതത്തിലേക്ക് എത്തിച്ചേരുന്നതിനു മുമ്പ് അനന്ത കാലങ്ങൾ മനുഷ്യർ ജന്തു ലോകത്തിലൂടെ സഞ്ചരിച്ചിട്ടുണ്ട്. അവയിൽ ഏതാണ്ട് പതിനഞ്ചു ശതമാനം മാത്രമെ ഉയർന്നു പോവുകയുള്ളൂ. ബാക്കിയുള്ളവർ താഴ്ന്ന ലോകത്തിലേക്കു തന്നെ തിരിച്ചു പോകാനുള്ള റിട്ടേൺ ടിക്കറ്റുമായാണ് വന്നിരിക്കുന്നത്. തങ്ങളുടെ കസ്റ്റമേഴ്സിനെ മായം ചേർത്ത വസ്തുക്കളും മറ്റും നൽകി വഞ്ചിക്കുന്നവരും സ്വന്തമല്ലാത്ത സുഖങ്ങൾ ആസ്വദിക്കുന്നവരും എല്ലാം റിട്ടേൺ ടിക്കറ്റ് നേടും. അത്തരം എല്ലാ ശീലങ്ങളും മൃഗ ലോകത്തിലേക്ക് നയിക്കുന്നതാണ്.

## (1.12) കഴിഞ്ഞ ജന്മങ്ങളെ കുറിച്ചുള്ള ബോധം

**ചോദ്യകർത്താവ്:** എന്തു കൊണ്ടാണ് നമുക്ക് കഴിഞ്ഞ ജന്മങ്ങളെ കുറിച്ച് ഓർമ്മയില്ലാത്തത്? ഓർമ്മ വന്നാൽ എന്തു സംഭവിക്കും?

**ദാദാശ്രീ:** മരണസമയത്ത് യാതൊരു വിഷമവും ഇല്ലാത്തവർ ആണ് കഴിഞ്ഞ ജന്മത്തെ കുറിച്ച് ഓർക്കാനിടയുള്ളത്. നന്മ നിറഞ്ഞ ചിന്തകളും പ്രവർത്തികളും ഉള്ളവരും ഓർക്കും. അമ്മയുടെ

ഗർഭപാത്രത്തിൽ കടുത്ത കഷ്ടപ്പാടുകളാണുള്ളത്. അതിനോടൊപ്പം മരണ സമയത്തെ വേദനയും കൂടിച്ചേരും. അതുകൊണ്ട് ബോധ രഹിതരാവും. അവർക്ക് ഒന്നും ഓർക്കാനാവില്ല.

## (1.13) അടുത്ത ജന്മത്തിലേക്കുള്ള ഭാണ്ഡം മരണസമയത്ത്

എൺപത് വയസ്സുള്ള ഒരാൾ ആശുപത്രിയിൽ തന്റെ മരണത്തോട് അടുക്കുകയാണ്. അയാൾക്ക് വളരെ കുറച്ച സമയമെ ഉള്ളു. പക്ഷെ, എന്നിട്ടും ആരൊക്കെയാണ് തന്നെ കാണാൻ വന്നത്, ആരൊക്കെയാണ് കാണാൻ വരാത്തത് എന്നൊക്കെയാണ് അയാളുടെ ചിന്ത! വിഡ്ഢി! അതിനു പകരം അയാൾ തന്റെ ശരീരത്തെ കുറിച്ച് ഓർക്കണമായിരുന്നു. അത് അയാളെ അല്പ നിമിഷത്തിനുള്ളിൽ ഉപേക്ഷിക്കാൻ പോവുകയാണ്. അടുത്ത ജന്മത്തിലേക്ക് എന്ത് ഭാണ്ഡമാണ് താൻ കൊണ്ടു പോകുന്നത് എന്ന് അയാൾ ഓർക്കണമായിരുന്നു. ആ കൂട്ടുകാരനോ ഈ കൂട്ടുകാരനോ തന്നെ സന്ദർശിക്കാൻ വന്നതുകൊണ്ട് അയാൾക്ക് എന്തു ഗുണമുണ്ടാവാനാണ്?

## (1.14) അത് ലളിതമാക്കു

വളരെ മെഡിക്കൽ പരിചരണത്തിനു ശേഷമാണ് ഒരു വൃദ്ധൻ മരിക്കുന്നത്. അദ്ദേഹത്തിന്റെ മരണാനന്തര ചടങ്ങിനു വന്നവർ, അദ്ദേഹത്തിന്റെ മരണത്തിനു കാരണമായ സംഭവങ്ങളെ കുറിച്ച് വിശദമായി അന്വേഷിച്ചു. വൃദ്ധന്റെ മരുമകൻ, ഡോക്ടർ ഫ്ലൂ ആയിരുന്നു എന്നു വിചാരിച്ചു, എന്നാൽ അദ്ദേഹത്തിനു മലേറിയ ഫിവർ ആയിരുന്നു എന്നു വിശദീകരിച്ചു. ഡോക്ടറുടെ പേര് കേട്ട ആളുകൾ മരുമകനു നേരെ ചാടി വീണു. "ആരെങ്കിലും ആ ഡോക്ടറെ കാണുമോ? നീ അത്രക്കും വിഡ്ഢിയാണോ?'' ചീത്ത തീരുമാനം എടുത്തതിന് മറ്റുള്ളവരും അവനെ വിമർശിക്കുന്നു. ആളുകൾ അങ്ങനെയാണ്. പാവപ്പെട്ടവരിൽ നിന്നും ആളുകൾ നേട്ടം ഉണ്ടാക്കുന്നു . അതുകൊണ്ട് ആളുകളോട് അസ്വാഭാവികമായി ഒന്നും സംഭവിച്ചില്ല, പെട്ടന്നൊരു പനി വന്ന് അദ്ദേഹം മരിച്ചു എന്നു

പറയുകയാവും നല്ലത്. വലിയ വിശദീകരണങ്ങളൊന്നുമില്ലാത്ത ഒരുത്തരം ആളുകൾക്ക് നൽകുകയാവും നല്ലത്. അല്ലെങ്കിൽ അവർ കൂടുതൽ പ്രശ്നങ്ങളുണ്ടാക്കും.

## (1.15) മരണസമയത്ത് പ്രിയപ്പെട്ടവർക്ക് നൽകേണ്ട പരിചരണം

**ചോദ്യകർത്താവ്:** അവരുടെ പ്രിയപ്പെട്ടവർ മരിക്കുന്ന സമയത്ത് അദ്ദേഹത്തിനു ചുറ്റും നിൽക്കുന്നവരും ബന്ധുക്കളും എന്താണ് ചെയ്യേണ്ടത്?

**ദാദാശ്രീ:** മരണക്കിടക്കയിൽ കിടക്കുന്നവരെ പരിചരിക്കുമ്പോൾ നിങ്ങൾ വളരെ ശ്രദ്ധാലുക്കളായിരിക്കണം. അയാൾ പറയുന്നതെല്ലാം വളരെ ദയാപൂർവ്വം കേൾക്കണം. ഒറ്റ വാക്കു പോലും തള്ളിക്കളയരുത്. അയാളുടെ അപേക്ഷകളെല്ലാം നിറവേറ്റി കൊടുക്കണം. അയാളെ സന്തോഷിപ്പിക്കാൻ ആവശ്യം ആയതെല്ലാം ചെയ്യുക. അയാൾ മോശക്കാരൻ ആയിരുന്നിരിക്കാം. എന്നാൽ തിരിച്ച് അദ്ദേഹത്തോട് ദയ കാണിക്കണം. അയാൾ ചിലപ്പോൾ കുറച്ച് പാലു ചോദിച്ചേക്കാം. ഉടനെ അത് എത്തിച്ചു കൊടുക്കുക. പാലിന് തീരെ കട്ടിയില്ല, മുഴുവൻ വെള്ളമാണ് എന്നയാൾ പറയുകയാണെങ്കിൽ, ഉടനെ തന്നെ അയാൾക്ക് നല്ല പാല് എത്തിച്ചു കൊടുക്കണം. അയാൾക്ക് ആശ്വാസം ലഭിക്കുന്നത് എല്ലാം ചെയ്തു കൊടുക്കണം.

**ചോദ്യകർത്താവ്:** ശരിയെന്ത് തെറ്റെന്ത് എന്ന് ചിന്തിക്കേണ്ട കാര്യമില്ല, അല്ലേ?

**ദാദാശ്രീ:** ഈ ലോകത്തിൽ ശരി, തെറ്റ് എന്നിങ്ങനെ ഒന്നുമില്ല. അയാളെ സന്തോഷിപ്പിക്കാൻ നിങ്ങൾ ചെയ്യുന്നത് എല്ലാം തുടർന്നുകൊണ്ടിരിക്കുക. ഒരു കുട്ടിയോട് പെരുമാറുന്നതു പോലെ നിങ്ങൾ ക്ഷമയോടും ദയയോടും വേണം പെരുമാറാൻ.

## (1.16) മരണസമയത്തെ ശരിയായ ധ്യാനം

**ചോദ്യകർത്താവ്:** മരണത്തോടടുക്കുന്ന അവസാന മണിക്കൂറുകളിൽ ആളുകൾ പിന്തുടരുന്ന ചില ആചാരങ്ങളുണ്ട്. അവരുടെ മരണത്തിനു മുമ്പുള്ള ഒരു മണിക്കൂറിൽ ചില ലാമമാർ ചെയ്യേണ്ട ചില പ്രവർത്തനങ്ങളുണ്ട്. ഒരു മനുഷ്യൻ മരിക്കാൻ കിടക്കുമ്പോൾ, ആത്മാവ് എങ്ങനെയാണ് ശരീരം വിട്ടുപോകേണ്ടത് എന്ന് തിബറ്റൻ ലാമമാർ പറഞ്ഞുകൊടുക്കാറുണ്ട് എന്നു പറയുന്നു. ചിലർ ഗീത വായിക്കുന്നു, അങ്ങനെ അവസാനം അയാൾ കേൾക്കുന്നത് ഗീതയിലെ നല്ല വാക്കുകളായിരിക്കും. ഈ ആചാരങ്ങൾ കൊണ്ടെല്ലാം എന്തെങ്കിലും ഫലങ്ങളുണ്ടോ?

**ദാദാശ്രീ:** ഇല്ല. അത്തരം അവസാന നിമിഷത്തിലെ ആചാരങ്ങൾ കൊണ്ട് ഒന്നും നേടാനാവില്ല. ഒരു വർഷം മുഴുവൻ ഉണ്ടായ നഷ്ടം അവസാന നിമിഷം ഉണ്ടായ ഒരു ചെറിയ ലാഭം കൊണ്ട് നികത്താനാവുമോ?

**ചോദ്യകർത്താവ്:** ഇല്ല. അതുകൊണ്ട് ഗുണമില്ല.

**ദാദാശ്രീ:** എന്തുകൊണ്ട്?

**ചോദ്യകർത്താവ്:** ബാലൻസ് ഷീറ്റിൽ ആ വർഷത്തെ മുഴുവൻ വിനിമയത്തിന്റെ കണക്കുകൾ കാണും.

**ദാദാശ്രീ:** അതുപോലെ, ഒരാളുടെ ജീവിതത്തിലെ മുഴുവൻ കണക്കുകളുടേയും പ്രവർത്തികളുടേയും ആകത്തുകയാണ് മുന്നോട്ടു കൊണ്ടു പോകുന്നത്. ആചാരങ്ങൾ നിർവ്വഹിക്കുമ്പോൾ ആളുകൾ മരിക്കുന്ന ആളേയും മറ്റുള്ളവരേയും വഞ്ചിക്കുകയാണ്. തെറ്റായ വാഗ്ദാനങ്ങൾ നൽകി അവർ അവരെയെല്ലാം വിഡ്ഢികളാക്കുന്നു.

**ചോദ്യകർത്താവ്:** ഒരാൾ മരണ കിടക്കയിൽ ബോധവാൻ

ആയിരിക്കുകയും, മറ്റൊരാൾ അയാളുടെ കാതിൽ ഗീതാ വാക്യങ്ങളോ മറ്റ് മത ഗ്രന്ഥങ്ങളിൽ നിന്നുള്ള ഭാഗങ്ങളോ ചൊല്ലിക്കൊടുക്കുകയുമാണെങ്കിലോ?

**ദാദാശ്രീ:** മരിക്കുന്ന ആൾ ആവശ്യപ്പെടുന്നുവെങ്കിൽ മാത്രമെ അങ്ങനെ ചെയ്യാൻ പാടുള്ളൂ. അയാൾ കേൾക്കാൻ താല്പര്യം കാണിക്കുന്നുവെങ്കിൽ ചൊല്ലിക്കൊടുക്കാം.

## (1.17) യൂഥാൻസിയ: ദയാവധം

**ചോദ്യകർത്താവ്:** ഒരാൾ വളരെ ഗൗരവതരമായ ഒരു രോഗം കൊണ്ട് വിഷമിക്കുമ്പോൾ, ആ രോഗത്തിന് ഒരു ചികിത്സയുമില്ലെങ്കിൽ, അവരുടെ കഷ്ടപ്പാട് ദീർഘിപ്പിക്കുന്നതിൽ ഒരർത്ഥവുമുണ്ട് എന്ന് തോന്നുന്നില്ല. അവരുടെ കഷ്ടപ്പാട് ശമിപ്പിക്കുന്നതിന് സഹായം ചെയ്യുന്നതിൽ എന്താണ് തെറ്റ്? ഈ രീതിയിൽ ചിന്തിക്കുമ്പോൾ ദയാ വധത്തിന് നാം സഹായിക്കുമ്പോൾ, അടുത്ത ജന്മത്തിൽ അയാളുടെ വേദന തുടരും എന്നു വിശ്വസിക്കാൻ വിഷമം തോന്നുന്നു.

**ദാദാശ്രീ:** എന്തുതന്നെയായാലും അങ്ങനെ ചെയ്യാൻ ഒരാൾക്കും അധികാരമില്ല. അവരെ ചികിത്സിക്കാനുള്ള അവകാശം നമുക്കുണ്ട്, അവരെ സംരക്ഷിക്കാനുള്ള അവകാശവും നമുക്കുണ്ട്. എന്നാൽ കൊല്ലാൻ നമുക്കവകാശമില്ല.

**ചോദ്യകർത്താവ്:** അവരുടെ കഷ്ടപ്പാട് നീട്ടി കൊണ്ടു പോകുന്നതു കൊണ്ട് നമുക്കെന്ത് നേട്ടമാണുള്ളത്?

**ദാദാശ്രീ:** അങ്ങനെയാണെങ്കിൽ കൊല്ലുന്നതുകൊണ്ട് എന്തു നേട്ടമാണുള്ളത്? വിഷമിക്കുന്ന ഒരാളെ കൊല്ലുമ്പോൾ, വീണ്ടും മനുഷ്യനായി ജനിക്കാനുള്ള അവകാശം നിങ്ങൾക്ക് നഷ്ടപ്പെടുന്നു. അത് മാനവികതയുടെ തത്വത്തിന് വിരുദ്ധമാണ്.

## (1.18) ചിത വരെ മാത്രം നീളുന്ന സൗഹൃദം

ഈ തലയണയുടെ കവർ മാറിക്കൊണ്ടിരിക്കുന്നു, എന്നാൽ തലയിണ അതു തന്നെ ആയിരിക്കും. തലയിണയുടെ കവർ കീറി പോകുമ്പോൾ , അത് മാറ്റിയിടുന്നു. അതേപോലെ നമ്മുടെ കവറിങ്ങുകളും, അതായത് ഈ ശരീരങ്ങളും ഉപേക്ഷിക്കപ്പെടുന്നു.

ഈ ലോകം മുഴുവൻ വെറും പൊള്ളയാണ്. അതിനകത്ത് ഒന്നുമില്ല. എന്നാൽ അത് ഈ ലോകത്തിൽ നിങ്ങൾക്ക് തുറന്നു പറയാനാവില്ല. ജനങ്ങൾ അവരുടെ പ്രിയപ്പെട്ടവരുടെ കൂടെ ശ്മശാനം വരെ പോകുന്നു. എന്നാൽ അവിടന്ന് ഒരിക്കലും തിരിച്ചു വരാതിരിക്കുന്ന തരത്തിൽ അവർ അത്രമാത്രം ദുഃഖിതരല്ല. അവരെല്ലാം വീട്ടിലേക്ക് മടങ്ങിവരുന്നു. സ്വന്തം മകനെ കുഴിച്ചിട്ടിട്ടു വരുന്ന തീവ്രദുഃഖിതയായ അമ്മ വരെ മടങ്ങിപ്പോരുന്നു.

**ചോദ്യകർത്താവ്:** മരിച്ച ആൾ കുടുംബാംഗങ്ങൾക്കു വേണ്ടി ഒന്നും സമ്പാദിച്ചു വെച്ചിട്ടില്ലെങ്കിൽ, അവർ കരയുകയും ആക്ഷേപം പറയുകയും എല്ലാം ചെയ്യും. എന്നാൽ അയാൾ വേണ്ടത്ര സമ്പാദിച്ചു വെച്ചിട്ടുണ്ടെങ്കിൽ, അവർ നിശ്ശബ്ദരായിരിക്കും.

**ദാദാശ്രീ:** അതെ. അയാൾ അവർക്കൊന്നും ബാക്കി വെച്ചിട്ടില്ലെങ്കിൽ അവർ കണ്ണീരൊഴുക്കും. മനസ്സിൽ അവൻ ഒന്നും സമ്പാദിക്കാത്തതിനും അവരെ നശിപ്പിച്ചതിനും അയാളെ പഴിച്ചു കൊണ്ടിരിക്കും. കുടുംബത്തിന്റെ പുണ്യക്കുറവുകൊണ്ടാണ് മരിച്ച ആൾക്ക് ഒന്നും സമ്പാദിച്ചുവെക്കാൻ കഴിയാതെ വന്നത്. അതുപോലെ മരിച്ച ആളുടെ പുണ്യക്കുറവു കൊണ്ടാണ് അയാൾ ശപിക്കപ്പെടുന്നതും കുറ്റപ്പെടുത്തപ്പെടുന്നതും.

ശ്മശാനത്തിലേക്ക് കൂടെ പോകുന്നവരെല്ലാം മടങ്ങിപ്പോരും, ഇല്ലേ? ആരെങ്കിലും മരിച്ചവരുടെ കൂടെ പോകാറുണ്ടോ? സത്യം! ഇതെല്ലാം വെറും പ്രദർശനം മാത്രമാണ്. കരയാത്തവരേയും ദുഃഖിക്കാത്തവരേയും ഹൃദയശൂന്യരെന്ന് ആളുകൾ പഴിക്കും.

അതേപോലെ കരയുന്നവരെ വികാരജീവികളെന്നും വെറും നാട്യക്കാരെന്നും പറയും. ഒരാൾ എന്തുതന്നെ ചെയ്താലും, രണ്ടു രീതിയിലും അവർക്ക് പ്രശ്നമായിരിക്കും. ലോകം രണ്ടു തരത്തിലും ആളുകളെ കുറ്റപ്പെടുത്തും.

ശ്മശാനത്തിലെ വിശ്രമസ്ഥലത്ത്, ശവദാഹം നടക്കുമ്പോൾ തന്നെ, അവർ പലഹാരങ്ങൾ പങ്കു വെച്ച് തിന്നുന്നതു കാണാം. നിങ്ങളതു കണ്ടിട്ടില്ലേ?

**ചോദ്യകർത്താവ്:** അവർ ശരിക്കും പലഹാരങ്ങൾ കൂടി കൂടെ കൊണ്ടുപോകാറുണ്ട്.!

**ദാദാശ്രീ:** അങ്ങനെയാണോ? ഇങ്ങനെയുള്ള ഒരു ലോകത്ത് ഒരാൾ എന്താണ് ചെയ്യേണ്ടത്?

സാധാരണ ഉപയോഗിക്കുന്ന 'സ്വാഗതം, പോയി വരൂ' എന്നിങ്ങനെയുള്ള വാക്കുകളിലൂടെയാണ് ആളുകൾ ബന്ധം സ്ഥാപിക്കുന്നത്. അതിനപ്പുറം അവർ ഉത്തരവാദിത്വം ഒന്നും ഏറ്റെടുക്കുന്നില്ല. നിങ്ങൾ എന്തെങ്കിലും ഉത്തരവാദിത്വം ഏറ്റെടുക്കാറുണ്ടോ? ഭാര്യയുടെ കാര്യത്തിലെങ്കിലും?

**ചോദ്യകർത്താവ്:** ഇല്ല.

**ദാദാശ്രീ:** എന്താ പറയുന്നത്! ആളുകൾ ഭാര്യയെ പ്രേമിക്കുകയും, അവളില്ലാതെ തനിക്ക് ജീവിക്കാനാവില്ല എന്നു പറയുകയും ചെയ്യും. എന്നാൽ അവളോടൊപ്പം ചിതയിലേക്ക് അയാൾ പോകുന്നില്ല!

## (1.19) ശ്രാദ്ധദിനം

**ചോദ്യകർത്താവ്:** പ്രിയപ്പെട്ടവർ മരിച്ചതിന്റെ ശ്രാദ്ധ ദിനങ്ങളിൽ നാം എന്താണ് ചെയ്യേണ്ടത്?

**ദാദാശ്രീ:** അവർ ദൈവത്തോട് പ്രാർത്ഥിക്കണം. അവർ എവിടെയായാലും അവരെ അനുഗ്രഹിക്കണമേ എന്ന് ദൈവത്തോട് അപേക്ഷിക്കണം.

## (1.20) പ്രിയപ്പെട്ടവർ എവിടെയാണ് പോയത് ?

**ചോദ്യകർത്താവ്:** മരണത്തിനു ശേഷം മരിച്ച ആൾ എവിടെയാണ് എന്ന് എങ്ങനെയാണ് നാം അറിയുക?

**ദാദാശ്രീ:** അതിനു നിങ്ങൾക്ക് പ്രത്യേകമായ ഒരു തരം അറിവ് ആവശ്യമാണ്. അത് അറിഞ്ഞാലും നിങ്ങൾക്ക് ഗുണമൊന്നുമില്ല. നിങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും സന്ദേശമയക്കുകയും ചെയ്താൽ, അതയാളിൽ എത്തിച്ചേരും.

നിങ്ങൾക്ക് ആരുടെയോ വിശേഷം അറിയണം, അല്ലേ? നിങ്ങളുടെ ഒരു ബന്ധു നഷ്ടപ്പെട്ടിട്ടുണ്ട്, അല്ലേ?

**ചോദ്യകർത്താവ്:** അടുത്ത കാലത്ത് എന്റെ പ്രിയസഹോദരൻ മരിച്ചുപോയി.

**ദാദാശ്രീ:** അവൻ നിങ്ങളെ കുറിച്ച് ചിന്തിക്കുന്നില്ല. നിങ്ങൾ അവനെ കുറിച്ച് ചിന്തിച്ചു കൊണ്ടിരിക്കുകയാണോ? ഒരാൾ മരിച്ചു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണെന്ന് നിങ്ങൾക്കറിയാമോ? നിങ്ങളും അയാളുമായുള്ള എല്ലാ കണക്കുകളും (കർമ ബന്ധങ്ങളും) ഇപ്പോൾ തീർന്നിരിക്കുന്നു എന്നാണ് അതിനർത്ഥം. അതുകൊണ്ട് എപ്പോഴെങ്കിലും നിങ്ങൾക്ക് അയാളെ കുറിച്ച് ഓർമ്മ വന്നാൽ, നിങ്ങൾക്ക് ചെയ്യാൻ കഴിയുന്നത്, അവന് സമാധാനം നൽകണമെന്ന് ദൈവത്തിനോട് പ്രാർത്ഥിക്കുക മാത്രമാണ്. എപ്പോഴെങ്കിലും നിങ്ങൾക്ക് സഹോദരനെ കുറിച്ച് ഓർമ്മ വന്നാൽ, എവിടെയാണെങ്കിലും അദ്ദേഹത്തിന് ശാന്തി നൽകണേ എന്ന് ദൈവത്തിനോട് പ്രാർത്ഥിക്കണം. അതല്ലാതെ നിങ്ങൾക്കെന്തു ചെയ്യാൻ കഴിയും?

## (1.21) ദൈവത്തിൽ വിശ്വാസമർപ്പിച്ച്

നിങ്ങൾക്ക് എന്ത് ചോദ്യങ്ങൾ ഉണ്ടെങ്കിലും ചോദിക്കൂ. ദൈവത്തിൽ എത്തിച്ചേരാനുള്ള ഒരു വഴിയെ കുറിച്ച് ചോദിക്കൂ. അതിനുള്ള തടസ്സങ്ങൾ നീങ്ങാനുള്ള വഴിയെ കുറിച്ച് ചോദിക്കൂ. അപ്പോൾ അതെല്ലാം നീക്കിത്തരാൻ എനിക്കു കഴിയും.

**ചോദ്യകർത്താവ്:** എന്റെ മകൻ ഒരു അപകടത്തിൽ മരിച്ചു. ആ അപകടത്തിനുള്ള കാരണമെന്താണ്?

**ദാദാശ്രീ:** ഈ ലോകത്തിൽ, നിങ്ങൾക്ക് ചുറ്റും നിങ്ങൾ സംഭവിക്കുന്നതായി നഗ്ന നേത്രങ്ങൾ കൊണ്ട് കാണുന്നതും, കാതുകൊണ്ട് കേൾക്കുന്നതും എല്ലാം ആപേക്ഷികമായ സത്യങ്ങൾ മാത്രമാണ്. അത് അന്തിമ സത്യമല്ല. നിങ്ങളുടെ സ്വന്തം ശരീരം പോലും നിങ്ങളുടെ സ്വന്തമായി തുടരുകയില്ല എന്നിരിക്കെ, എങ്ങിനെ നിങ്ങളുടെ മകൻ നിങ്ങളുടേതാവും? സാമൂഹികവും ലൗകികവുമായ വ്യവഹാരങ്ങൾ കൊണ്ടുമാത്രമാണ് നിങ്ങളുടെ മകൻ നിങ്ങളുടേതായി കണക്കാക്കപ്പെടുന്നത്. വാസ്തവത്തിൽ അവൻ നിങ്ങളുടെ മകനല്ല. വാസ്തവത്തിൽ നിങ്ങളുടെ ശരീരം പോലും നിങ്ങൾക്ക് സ്വന്തമല്ല. നിങ്ങളോടൊപ്പം എന്നെന്നും നില നിൽക്കുന്നതു മാത്രമെ നിങ്ങളുടെ സ്വന്തം എന്നു പറയാനാവൂ. നിങ്ങളുടെ മകൻ ശരിക്കും നിങ്ങളുടേതാണ് എന്ന വിശ്വാസമാണ് നിങ്ങളുടെ ദുഃഖത്തിനും പ്രശ്നങ്ങൾക്കും കാരണം. ഇപ്പോൾ നിങ്ങളുടെ മകൻ പോയിരിക്കുന്നു. അത് ദൈവത്തിന്റെ ഇച്ഛയാണ്. അതുകൊണ്ട് നിങ്ങൾ അത് അനുവദിക്കണം.

**ചോദ്യകർത്താവ്:** അത് ശരിയാണ്. എനിക്കുണ്ടായിരുന്നത് ദൈവത്തിന്റെ സ്വത്തായിരുന്നു. അതദ്ദേഹം തിരിച്ചെടുത്തു.

**ദാദാശ്രീ:** അതെ. ഇതെല്ലാം ദൈവത്തിന്റെ തോട്ടമാണ്.

**ചോദ്യകർത്താവ്:** ഞങ്ങളുടെ ചീത്ത കർമ്മം കൊണ്ടാണോ അവൻ ഇങ്ങനെ മരിച്ചത് ?

**ദാദാശ്രീ:** അതെ, നിങ്ങളുടെ മകന്റെ ചീത്ത കർമ്മവും, നിങ്ങളുടെ ചീത്ത കർമ്മവും. നിങ്ങളുടെ കർമ്മമെല്ലാം നല്ലതാണെങ്കിൽ, അപ്പോൾ ഫലവും നല്ലതായിരിക്കും.

## (1.22) ആന്തരിക തരംഗങ്ങൾ മരിച്ചവരിൽ എത്തിച്ചേരുന്നു

മാതാപിതാക്കൾ വ്യസനിക്കുമ്പോഴും മരിച്ച മക്കളെക്കുറിച്ച് ദുഃഖിക്കുമ്പോഴും, അവരുടെ ദുഃഖം, മക്കൾ ഇപ്പോൾ എവിടെ ആയിരുന്നാലും, അവരിൽ എത്തിച്ചേരുന്നു. മരിച്ചവരെ കുറിച്ച് ദുഃഖിക്കുന്നവർ, അജ്ഞത കൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അതുകൊണ്ട് അവർ വസ്തുതകൾ മനസ്സിലാക്കിക്കൊണ്ട് ശാന്തമായി ജീവിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അനാവശ്യമായി വ്യസനിക്കുന്നതുകൊണ്ട് എന്താണ് കാര്യം? മരണം ഏവർക്കും ഒഴിച്ചു കൂടാനാവാത്തതാണ്. മരിച്ചു പോകുന്ന ഈ ചെറുപ്പക്കാർ കഴിഞ്ഞ ജന്മത്തിലെ വ്യവഹാരങ്ങളിലൂടെ നിങ്ങളുണ്ടാക്കിയിട്ടുള്ള എക്കൗണ്ടുകളാണ്. ഇതെല്ലാം കൊടുക്കൽ വാങ്ങലുകളുടെ എക്കൗണ്ടുകളാണ്. എനിക്കും ഒരു മകളും മകനും ഉണ്ടായിരുന്നു. അവർ രണ്ടു പേരും മരിച്ചു പോയി. അവർ എന്റെ വീട്ടിലെ അതിഥികളായിരുന്നു. അവർ വന്നു, അവർ പോയി. എന്തായാലും അവർ ഞങ്ങളുടെ സ്വത്തായിരുന്നില്ല. നമുക്കും ഒരു ദിവസം പോകണം. വേണ്ടേ? അതുകൊണ്ട് മരിച്ചവരെ കുറിച്ച് ദുഃഖിക്കരുത്. അതിനു പകരം ജീവിച്ചിരിക്കുന്നവർക്ക് സമാധാനവും സന്തോഷവും നൽകു. ഇപ്പോഴും ജീവിക്കുന്നവരോടും നമ്മെ ആശ്രയിക്കുന്നവരോടും നമുക്ക് ബാധ്യതകൾ നിറവേറ്റാനുണ്ട്. പോയവർ പോയി. അവരെക്കുറിച്ച് ഓർക്കുന്ന തുപോലും അവസാനിപ്പിക്കു. പോയവരെ കുറിച്ച് ദുഃഖിക്കുകയും പകരം ജീവിച്ചിരിക്കുന്നവരെ ശ്രദ്ധിക്കാതിരിക്കുകയും അവർക്ക് സമാധാനം നൽകാതിരിക്കുകയും ചെയ്യുന്നത് എന്തു വിഡ്ഢിത്തമാണ്? അതിനു പകരം ആളുകൾ ഭൂതകാലത്തിൽ ജീവിക്കുകയും വർത്തമാനകാലത്തെയും

ജീവിച്ചിരിക്കുന്നവരേയും മറക്കുകയും ചെയ്യുന്നു. അങ്ങനെ ചെയ്യുമ്പോൾ അവർ അവരുടെ കടമകൾ നിർവ്വഹിക്കുന്നില്ല.

നമ്മുടെ സന്തോഷമില്ലായ്മയുടെ ഫലങ്ങൾ നമ്മെ വിട്ടുപോയവരിൽ എത്തിച്ചേരുകയും അവരെ ദുഃഖിതരാക്കുകയും ചെയ്യും. ഒന്നും നമ്മുടെ നിയന്ത്രണത്തിലല്ല. വേദങ്ങൾ പോലും നമ്മെ പിരിഞ്ഞുപോയ പ്രിയപ്പെട്ടവരെക്കുറിച്ച് വിഷമിക്കരുത് എന്ന് പറഞ്ഞിരിക്കുന്നു. ആളുകൾ അവരുടെ പ്രിയപ്പെട്ടവരെ മറക്കാനാണ് വേദപാരായണങ്ങളും പ്രാർത്ഥനകളും മറ്റും നടത്തപ്പെടുന്നത്. നിങ്ങളും അത്തരം ചടങ്ങുകളിലൂടെ കടന്നു പോയിട്ടുണ്ടാവും, ഇല്ലേ?

**ചോദ്യകർത്താവ്:** പക്ഷെ എനിക്കു മറക്കാൻ കഴിയുന്നില്ല. ഞാൻ മകനുമായി വളരെ അടുപ്പത്തിലായിരുന്നു.

**ദാദാശ്രീ:** ശരിയാണ്. മറക്കാൻ വലിയ വിഷമമാണ്. പക്ഷെ മറന്നില്ലെങ്കിൽ, നിങ്ങൾ രണ്ടുപേരും ദുഃഖത്തിലാവും. ഒരു പിതാവെന്ന നിലക്ക് നിങ്ങൾ മകനെ ഇനി ഒരിക്കലും വേദനിപ്പിക്കുകയില്ല എന്ന് ഉറപ്പുവരുത്തണം.

**ചോദ്യകർത്താവ്:** ഏത് രീതിയിലാണ് അവൻ വേദനിപ്പിക്കപ്പെടുന്നത്?

**ദാദാശ്രീ:** നിങ്ങൾ അവനെക്കുറിച്ച് ദുഃഖിക്കുമ്പോൾ, നിങ്ങളുടെ സന്തോഷമില്ലായ്മ കൃത്യമായി അവനിൽ എത്തിച്ചേരുന്നു. അതുറപ്പാണ്. അത് ടെലിഫോണിലും ടെലിവിഷനിലും അകലെ നിന്ന് ഫലമുണ്ടാകുന്നതിന് സമമാണ്. ഈ ലോകത്തിൽ, അകത്തുണ്ടാകുന്ന തരംഗങ്ങളുടെ സ്വഭാവം ഇതാണ്. നിങ്ങളുടെ ദുഃഖം കൊണ്ട് അവനെ തിരിച്ചു കൊണ്ടുവരാനാവുമോ?

**ചോദ്യകർത്താവ്:** ഇല്ല.

**ദാദാശ്രീ:** അവൻ തിരിച്ചു വരാൻ ഏതെങ്കിലും മാർഗ്ഗമുണ്ടോ?

**ചോദ്യകർത്താവ്:** ഇല്ല.

**ദാദാശ്രീ:** നിങ്ങൾ ദുഃഖിക്കുമ്പോൾ നിങ്ങളുടെ ദുഃഖം അവനിൽ എത്തിച്ചേരും. നിങ്ങൾ അവനുവേണ്ടി പ്രാർത്ഥിച്ചാൽ, ആ പ്രാർത്ഥനയും അവനിൽ എത്തിച്ചേരും അവന് സമാധാനവും ലഭിക്കും. അവന് സമാധാനം നൽകേണ്ടത് നിങ്ങളുടെ കടമയല്ലേ? നിങ്ങളുടെ മകന്റെ ഓർമ്മക്കായി സ്കൂൾ കുട്ടികൾക്ക് മധുര പലഹാരങ്ങൾ വരെ വിതരണം ചെയ്യാം.

നിങ്ങളുടെ മകന്റെ ഓർമ്മ വന്നാലുടനെ, അവന്റെ ആത്മാവിന്റെ മോക്ഷത്തിനു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. ആത്മജ്ഞാനം നേടിയ കൃപാലുദേവ്, ദാദാ ഭഗവാൻ എന്നിവരെ പോലെയുള്ളവരുടെ പേരുകൾ നിങ്ങൾക്ക് ഉപയോഗിക്കാം. കാരണം ആത്മാവിനെ സംബന്ധിച്ചിടത്തോളം കൃപാലുദേവനും ദാദാഭഗവാനും ഒരു പോലെയാണ്. അവർ വ്യത്യസ്ത അസ്തിത്വമുള്ളവരാണ്. എന്നാൽ മൂലരൂപത്തിൽ അവർ രണ്ടുപേരും ഒരു പോലെയാണ്. നിങ്ങൾ ഭഗവാൻ മഹാവീരന്റെ പേരു പറയുമ്പോഴും അത് അതു തന്നെയാണ്. നിങ്ങളുടെ ഒരേയൊരു ആഗ്രഹം അവന്റെ ആത്മാവിന്റെ മോക്ഷത്തിനു വേണ്ടി ആയിരിക്കണം. നിങ്ങൾ മറ്റുള്ളവരുടെ നന്മക്കായി പ്രാർത്ഥിക്കുന്നു. നിങ്ങൾക്ക് വളരെ അടുത്തവരോടും അങ്ങനെ തന്നെ ചെയ്യണ്ടേ? നിങ്ങൾ അവരോടൊപ്പം ജീവിച്ചു. എല്ലാം അവനോടൊപ്പം പങ്കുവെച്ചു. അവന്റെ മോക്ഷം മാത്രം ആയിരിക്കണം നിങ്ങളുടെ ആഗ്രഹം.

## (1.23) എന്തിനാണവർ കരയുന്നത്?

**ചോദ്യകർത്താവ്:** പുനർജ്ജന്മത്തെ കുറിച്ച് അറിഞ്ഞിട്ടും, എന്തുകൊണ്ടാണ് ആളുകൾ സ്വന്തം കുടുംബത്തിൽ ഒരാൾ മരിച്ചുപോകുമ്പോൾ കരയുന്നത്?

**ദാദാശ്രീ:** അവർ കരയുന്നത് അവരുടെ സ്വന്തം സ്വാർത്ഥത

മൂലമാണ്. വളരെ അടുത്ത ബന്ധുക്കൾ സത്യസന്ധമായി കരയുന്നു. മറ്റുള്ളവർ കരയുന്നത് അവരുടെ മരിച്ചുപോയ ബന്ധുക്കളെ ഓർത്തിട്ടാണ്. അത് ശരിക്കും ഒരത്ഭുതമാണ്! ഈ ആളുകൾ ഭൂതകാലത്തെ വർത്തമാനത്തിലേക്ക് കൊണ്ടുവരുന്നു. ഈ ഇന്ത്യക്കാർ ശരിക്കും അത്ഭുതമാണ്! എങ്ങനെ ഭൂത കാലത്തെ വർത്തമാനത്തിലേക്ക് കൊണ്ടുവരാം എന്ന് അവർക്കറിയാം.

ഇങ്ങനെയുള്ള തീവ്രമായ ദുഃഖം കൊണ്ട് വരും ജന്മങ്ങളിൽ വളരെയധികം അലയാനുള്ള കർമ്മം ഒരാൾ ബന്ധിക്കും.

## (1.24) മനസ്സിൽ സൂക്ഷിക്കേണ്ട കാര്യം പുറത്തുവരാനിട വരുത്തരുത്

**ചോദ്യകർത്താവ്:** നർസിംഹ് മേത്ത (കൃഷ്ണ ഭഗവാന്റെ കവിയായ ഭക്തൻ) തന്റെ ഭാര്യ മരിച്ച വിവരം അറിഞ്ഞപ്പോൾ "നല്ലൊരു കാര്യം സംഭവിച്ചു, വിവാഹ ജീവിതത്തിന്റെ ചങ്ങല പൊട്ടി :

ഇനി മുഴുവൻ സമയവും എനിക്ക് ഭഗവാന് വേണ്ടി സമാധാനത്തോടെ ചിലവഴിക്കാം'' എന്നു പറഞ്ഞത് എന്തുകൊണ്ട് ആവും?

**ദാദാശ്രീ:** ആ പ്രസ്താവന സ്വാഭാവികമായി വന്നതാണ്. അത്തരം ആഴമായ ബോധം ഒരാൾ മനസ്സിനകത്ത് സൂക്ഷിക്കണം. ഒരിക്കലും പുറത്തുവിടരുത്. അത് വാക്കുകളായി പുറത്തുവരരുത്. ഉള്ളിൽ സൂക്ഷിക്കേണ്ട കാര്യങ്ങൾ തുറന്നു പറയുന്ന ആളുകളെ അവിവേകികൾ എന്നാണ് വിളിക്കുന്നത്.

## (1.25) ജ്ഞാനിയുടെ വിവേകം

ജ്ഞാനികൾ അവിവേകികൾ അല്ല. അവർ വളരെ വിവേകം ഉള്ളവരാണ്. അകത്ത്, അവർക്ക് നർസിംഹ് മേത്തക്ക് തോന്നിയ പോലെയുള്ള ആശ്വാസമായിരിക്കും. എന്നാൽ പുറത്തേക്ക് അവർ

ഭയങ്കരമായ ഒന്നു സംഭവിച്ചു എന്നായിരിക്കും പറയുന്നത്. "എന്റെ എല്ലാം നഷ്ടപ്പെട്ടു, ഞാനെന്താ ഇനി ചെയ്യുക? ഞാൻ എങ്ങനെ ഇനി ജീവിക്കും?" എന്നുവരെ അവർ പറയുകയും ദുഖിക്കുകയും ചെയ്യും. അവരുടെ ലൗകികജീവിതഭാഗം വളരെ ഭംഗിയായി അവർ അവതരിപ്പിക്കുന്നു. അവർ കണ്ണീർ കാണിക്കാൻ കണ്ണിൽ അല്പം വെള്ളം പോലും പുരട്ടിയെന്നു വരാം. ഒരു സാധാരണക്കാരൻ പോലും ചുറ്റുമുള്ളവർക്ക് ഇഷ്ടപ്പെടാത്ത കാര്യങ്ങൾ പറയാതിരിക്കാനുള്ള വിവേകം കാണിക്കും. അക്കാര്യത്തിൽ ഒരാളുടെ ഏറ്റവും കടുത്ത ശത്രുപോലും പവിത്രതയും ബഹുമാനവും കാണിക്കുന്നു. ജ്ഞാനി ഒരിക്കലും ദുഃഖിക്കുന്നില്ല. എന്നാൽ ലൗകികനാടകത്തിൽ തന്റെ ഭാഗം അദ്ദേഹം വളരെ ആത്മാർത്ഥതയോടെ നിർവ്വഹിക്കുന്നു. "ലോകം സ്വയം ഒരു നാടകമാണ്." നിങ്ങൾ നിങ്ങളുടെ ഭാഗം അഭിനയിക്കുക മാത്രമെ ചെയ്യേണ്ടത് ഉള്ളൂ. ആ ഭാഗം ആത്മാർത്ഥമായി അഭിനയിക്കുക.

## (1.26) ആത്മാവ് പതിമൂന്ന് ദിവസം അലയുമോ?

**ചോദ്യകർത്താവ്:** മരണത്തിനുശേഷം ഒരു വിശ്രമഗൃഹത്തിൽ പതിമൂന്നു ദിവസം ആത്മാവ് വിശ്രമിക്കുന്നു എന്നു പറയപ്പെടുന്നു. അത് സത്യമാണോ?

**ദാദാശ്രീ:** ബ്രാഹ്മണരാണ് ഈ പതിമൂന്നു ദിവസങ്ങളും വിശ്രമ ഗൃഹവുമെല്ലാം സൃഷ്ടിച്ചിരിക്കുന്നത്. മരിച്ച ആൾക്ക് അതുമായി എന്തു ബന്ധമാണുള്ളത്? ബ്രാഹ്മണർ അതിനെ വിശ്രമ ഗൃഹം എന്നു വിളിക്കുന്നു. അവർ പറയുന്നു, വേർപെട്ട ആത്മാവ്, ഒരു തള്ള വിരലിന്റെ വലിപ്പത്തിൽ മേല്പുര മുകളിലിരുന്ന് എല്ലാം നിരീക്ഷിക്കുന്നു എന്ന്. എന്ത് വിഡ്ഢത്തമാണ്! അതെന്താവും നിരീക്ഷിക്കുന്നത്? ആളുകൾ അത് വിശ്വസിക്കുകയും ചെയ്യുന്നു. ഒരാൾ മരിച്ചു കഴിഞ്ഞാൽ പതിമൂന്ന് ദിവസം കഴിയുന്നതുവരെ അവർ ശരാവണി (ശരാവണി എന്ന ചടങ്ങിൽ കുടുംബാംഗങ്ങൾ പുതിയ ഒരു കിടക്ക വാങ്ങി അതിൽ പുതപ്പും ബെഡ്ഷീറ്റുകളും വസ്ത്രങ്ങളും

ഷൂസുകളും ഒരു കുടയും ഭക്ഷണവുമെല്ലാം വിട്ടുപോയ ആത്മാവിന് അടുത്ത ജന്മത്തിലേക്ക് സഞ്ചരിക്കാനായി, അർച്ചനയായി ഒരുക്കി വെക്കുന്നു) എന്ന ചടങ്ങ് നടത്തില്ല.

**ചോദ്യകർത്താവ്:** ഗരുഡപുരാണത്തിൽ (ഹിന്ദു ദൈവശാസ്ത്രത്തിലെ പതിനെട്ടു പുരാണങ്ങളിൽ ഒന്നാണ് ഗരുഡപുരാണം) ആത്മാവിന് ഒരു തള്ളവിരലിന്റെ വലിപ്പമേ ഉള്ളൂ എന്നു പറഞ്ഞിരിക്കുന്നു.

**ദാദാശ്രീ:** അതെ. അതുകൊണ്ടാണ് അതിനെ ഗരുഡപുരാണം എന്നു വിളിക്കുന്നത്! അത് വളരെ മുമ്പ് കെട്ടിച്ചമച്ച ഒരു പഴയ കഥയാണ്. അത് ആത്മാവിന് ഒരു തള്ളവിരലിന്റെ വലിപ്പമേ ഉള്ളൂ എന്നു പറയുന്നു. ജനങ്ങൾക്ക് പുരോഗതി ഉണ്ടാവാത്തതിൽ അത്ഭുതമില്ല! അവരൊരിക്കലും മുന്നിലേക്ക് നീങ്ങില്ല. അവരുടെ ആചാരങ്ങളുടെ ലക്ഷ്യം ശാസ്ത്രീയമായിരുന്നു. പക്ഷെ അവരുടെ ചിന്തകൾ മോശമായിരുന്നു. ജനങ്ങൾ അത്തരം ചടങ്ങുകൾ നടത്തുന്നു. അതിനുമുമ്പ് അവർ ബ്രാഹ്മണ പുരോഹിതർക്ക് ദാനം നല്കുന്നു. ഒരു കാലത്ത് ബ്രാഹ്മണ പുരോഹിതർ ദാനം നല്കപ്പെടാൻ യോഗ്യരായിരുന്നു. വീട്ടുകാർക്ക് പുണ്യവും ലഭിക്കുമായിരുന്നു. എന്നാലിപ്പോൾ എല്ലാം വെറും അസംബന്ധ നാടകമായിരിക്കുന്നു. ബ്രാഹ്മണ പുരോഹിതർ കടയുടമകളുമായി മുൻകൂട്ടി കരാർ ഉറപ്പിച്ചിരിക്കും. അവർ ബെഡ്ഡും പുതപ്പുകളുമെല്ലാം തിരിച്ചു വാങ്ങും. ഇതെല്ലാം വേർപിരിഞ്ഞ ആത്മാവിന് ലഭിക്കും എന്ന് എങ്ങനെയാണ് ആളുകൾ വിശ്വസിക്കുന്നത്?

**ചോദ്യകർത്താവ്:** ദാദാ, ഇപ്പോൾ ആളുകൾ അതെല്ലാം കൊണ്ടു വരാൻ ബ്രാഹ്മണ പുരോഹിതരോട് ആവശ്യപ്പെടാറുണ്ട്. മുൻകൂട്ടി നിശ്ചയിച്ച തുക അതിനു നൽകുകയും ചെയ്യും.

**ദാദാശ്രീ:** അതിപ്പോഴല്ല. കാലങ്ങളായി അങ്ങനെ തന്നെയാണ് ചെയ്തു വരുന്നത്. പുരോഹിതൻ ആരെങ്കിലും കൊടുത്ത കിടക്ക കൊണ്ടു വരും. എന്നിട്ടും ആളുകൾ ഈ ആചാരങ്ങളിൽ

വിശ്വസിക്കുകയും അതെല്ലാം തുടർന്നു പോവുകയും ചെയ്യുന്നു. ജൈനമതത്തിൽ പെട്ടവർ അത്തരം ചടങ്ങുകൾ ചെയ്യില്ല. അവർ വളരെ സൂത്രശാലികളാണ്. അവർ ഇത്തരം കാര്യങ്ങൾ വിശ്വസിക്കുന്നില്ല. സത്യത്തിൽ ഈ ആചാരങ്ങൾ എല്ലാം അസംബന്ധമാണ്. ശരീരം വിട്ടാലുടനെ ആത്മാവ് അതിന്റെ അടുത്ത ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നു. അത് അതിന്റെ ഉല്പത്തി സ്ഥാനമായ ഗർഭപാത്രത്തിൽ എത്തിച്ചേരുന്നു.

## (1.27) ആചാരങ്ങൾ മരിച്ചവരെ ഒരു തരത്തിലും ബാധിക്കുന്നില്ല

**ചോദ്യകർത്താവ്:** ഞങ്ങൾ മരിക്കുന്നവർക്കുവേണ്ടി ഭക്തി ഗാനങ്ങളോ പ്രാർത്ഥനകളോ ചൊല്ലേണ്ടതുണ്ടോ? അതുകൊണ്ട് എന്ത് ഗുണമാണുള്ളത്?

**ദാദാശ്രീ:** മരിക്കുന്ന ആൾക്ക് അതുമായി ഒരു ബന്ധവുമില്ല.

**ചോദ്യകർത്താവ്:** അങ്ങനെയാണെങ്കിൽ ഒരാളുടെ മരണസമയത്ത് നടത്തുന്ന മതപരമായ ചടങ്ങുകൾ തെറ്റാണോ അതോ ശരിയാണോ?

**ദാദാശ്രീ:** ഇതുമായി ബന്ധപ്പെട്ട ഒരു ചടങ്ങും ശരിയല്ല. പോയവർ പോയി. കാര്യമായി ചിന്തിക്കാതെയാണ് ആളുകൾ ഈ ചടങ്ങുകൾ നടത്തുന്നത്. ആത്മീയ പുരോഗതിക്ക് സഹായകമായ അർത്ഥപൂർണ്ണമായ എന്തെങ്കിലും ചെയ്യാൻ പറഞ്ഞാൽ, അവർ സമയമില്ല എന്നു പറയും. അവരുടെ മരിച്ച മാതാപിതാക്കൾക്കു വേണ്ടി അങ്ങനെ ചെയ്യാൻ പറഞ്ഞാൽ അവരത് നിരസിക്കും. അങ്ങനെയാണെങ്കിലും സാമൂഹികമായ സമ്മർദ്ദം മൂലം ആളുകൾ ഇതെല്ലാം താല്പര്യമില്ലാതെ ചെയ്യുന്നു.

**ചോദ്യകർത്താവ്:** അപ്പോൾ ഗരുഡപുരാണം വായിക്കുന്നതിന്റെ പ്രാധാന്യം എന്താണ്?

**ദാദാശ്രീ:** വായനയെല്ലാം ആളുകളെ ആശ്വസിപ്പിക്കാനും അവർക്ക് ദുഖാചരണസമയത്ത് സമാധാനം അനുഭവപ്പെടാനുമാണ്.

## (1.28) എല്ലാം അഹങ്കാരത്തിന്റെ പ്രകടനമാണ്

**ചോദ്യകർത്താവ്:** ഒരാൾ മരിച്ച് പന്ത്രണ്ടാമത്തെയോ പതിമൂന്നാമത്തെയോ ദിവസം നടത്തുന്ന ചടങ്ങുകളും സദ്യയും ഒക്കെ എത്ര പ്രാധാന്യം ഉള്ളതാണ്? എന്തിനാണ് സദ്യക്കു വരുന്നവർക്കെല്ലാം അടുക്കളപ്പാത്രങ്ങൾ വിതരണം ചെയ്യുന്നത്?

**ദാദാശ്രീ:** അതൊന്നും അത്യാവശ്യമല്ല. അതെല്ലാം വെറുതെ ആളുകളെ സന്തോഷിപ്പിക്കാൻ ആണ്. ചിലരെ സംബന്ധിച്ചിടത്തോളം, ഇങ്ങനെ പണം ചിലവഴിച്ചില്ലെങ്കിൽ അവരുടെ ആർത്തി വർദ്ധിക്കുന്നു. മകൻ പണം സമ്പാദിക്കുന്നതിൽ മുഴുകിയിരിക്കും. എന്നാൽ ഇതുപോലെ പണം ചിലവഴിച്ചാൽ അവന്റെ മനസ്സ് ശുദ്ധമാകാൻ തുടങ്ങും, ആർത്തി കുറയും. എന്നാൽ ഇതൊന്നും നിർബ്ബന്ധമുള്ളവ അല്ല. അതിനുള്ള സാമ്പത്തിക സ്ഥിതിയുണ്ടെങ്കിൽ മാത്രമെ അങ്ങനെ ചെയ്യേണ്ടതുള്ളൂ.

## (1.29) ശ്രാദ്ധത്തെക്കുറിച്ചുള്ള യഥാർത്ഥ തിരിച്ചറിവ്

**(മരിച്ച പോയ പിതാക്കൾക്ക് നൽകുന്ന ആചാരപരമായ നിവേദ്യങ്ങൾ)**

**ചോദ്യകർത്താവ്:** ശ്രാദ്ധം നടത്തുമ്പോൾ പിതൃക്കളുടെ ആത്മാക്കൾ വിളിക്കപ്പെടുന്നു എന്നു പറയുന്നത് ശരിയാണോ?

**ദാദാശ്രീ:** ആരെയാണ് പിതൃക്കൾ എന്നു പറയുന്നത്? അവർ മകൻ, പിതാവ്, മുത്തച്ഛൻ എന്നിവർ തന്നെയല്ലേ? അവരെല്ലാം അവസാനം പിതൃക്കളായി മാറും. അച്ഛൻ മരിക്കുന്നത് അദ്ദേഹത്തിന് കുടുംബത്തിലുള്ള മകൻ തുടങ്ങി എല്ലാവരുമായുമുള്ള കെട്ടുപാടുകളും പൂർണ്ണമായും അവസാനിക്കുമ്പോളാണ് എന്നതാണ് വസ്തുത. ഇപ്പോഴുള്ള എല്ലാ ബന്ധുക്കളുമായുള്ള കണക്കുകളെല്ലാം തീരുമ്പോൾ

ഇപ്പോഴുള്ള ശരീരം ഉപേക്ഷിക്കുന്നു. അവർ പിന്നീട് ഒരിക്കലും കണ്ടുമുട്ടുന്നില്ല. എന്നാൽ ഈ ജീവിതത്തിൽ പുതിയൊരു ബന്ധം സ്ഥാപിക്കപ്പെടുകയാണെങ്കിൽ, അവർ വീണ്ടും കണ്ടു മുട്ടാൻ സാധ്യതയുള്ള സാഹചര്യങ്ങളിൽ ജന്മമെടുക്കുന്നു.

**ചോദ്യകർത്താവ്:** ഈ ആചാരങ്ങളെല്ലാം മരിച്ചവരെ ഓർക്കാൻ വേണ്ടി സൃഷ്ടിച്ചിട്ടുള്ളതാണോ?

**ദാദാശ്രീ:** അല്ല. അത് മരിച്ചവരെ ഓർമ്മിക്കാൻ ഉണ്ടാക്കിയിട്ടുള്ളതല്ല. ജനങ്ങൾ ഒരൊറ്റ പൈസ പോലും ദാനമായി ചെലവഴിക്കില്ല. അതുകൊണ്ട് അവരുടെ മരിച്ച പിതാവിന്റെ ഓർമ്മക്കായി ചെലവഴിക്കാൻ ആവശ്യപ്പെടുന്നു. അച്ഛനുവേണ്ടി ചെലവഴിക്കുമ്പോൾ അത് അദ്ദേഹത്തിനു ഗുണം ചെയ്യുമെന്ന് അവരോട് പറഞ്ഞിരിക്കുന്നു. അവരുടെ അച്ഛന്റെ പേരിൽ പണം ചെലവഴിക്കാൻ അവരെ നിർബ്ബന്ധിക്കുകയാണ്. അത് അവരുടെ അച്ഛന്റെ പേരിൽ അല്ലെങ്കിൽ അവർ ഒരു പൈസ പോലും ചെലവിടില്ല. ഇതെല്ലാം അന്ധമായ വിശ്വാസത്തിന്റെ പേരിലാണ് ചെയ്യപ്പെടുന്നത്.

ആളുകൾ നിരാഹാര വ്രതങ്ങൾ എടുക്കുമ്പോൾ അത് ആയുർവ്വേദത്തിൽ പറഞ്ഞിരിക്കുന്നതു പോലെ ആരോഗ്യത്തിന് ഗുണം ചെയ്യുന്നത് ആണ്. വ്രതങ്ങൾ സ്ഥാപിച്ചിരിക്കുന്നത് എല്ലാവരുടെയും ആരോഗ്യത്തെ ഉദ്ദേശിച്ചാണ്. വിഡ്ഢികൾക്കു പോലും അതുകൊണ്ട് ഗുണമുണ്ടാകും. അതുകൊണ്ടാണ് വ്രതമെടുക്കാനായി പല ദിവസങ്ങളും സ്ഥാപിച്ചിരിക്കുന്നത്. അവയിലൊന്നാണ് ശ്രാദ്ധവും. അതുകൊണ്ട് ശ്രാദ്ധം വളരെ നല്ല ഒരു കാര്യമാണ്.

**ചോദ്യകർത്താവ്:** പായസത്തോടുകൂടിയ 'വാസ് സദ്യ' മരിച്ച ബന്ധുക്കൾക്കായി അവരുടെ മരണ വാർഷികത്തിൽ ഒരുക്കുന്നതിന്റെ ഉദ്ദേശമെന്താണ്? ഇതും അജ്ഞതയാണോ?

**ദാദാശ്രീ:** അല്ല. അത് അജ്ഞതയല്ല. ഈ 'വാസ്' ആചരണത്തിന്റെ പിറകിൽ വലിയൊരു ചരിത്രമുണ്ട്. ശ്രാദ്ധം പതിനാറു ദിവസം നീണ്ടു നിൽക്കുന്ന ചടങ്ങാണ്. അത് പതിനൊന്നാം മാസത്തിലെ വെളുത്തവാവിന്റെ മധ്യം മുതൽ തുടങ്ങുന്നു. എന്തുകൊണ്ട് ആളുകൾ അത്തരം ഒരു ആചാരം നടത്തുന്നു? ആളുകൾ വളരെ സമർത്ഥരായിരുന്നു. ഇത് വളരെ കാലങ്ങൾക്കു മുമ്പ് കണ്ടെത്തിയ ശാസ്ത്രീയമായ ഒരു കാര്യമാണ്.

ഇന്ത്യയിൽ ഇന്ത്യൻ കലണ്ടർ അനുസരിച്ച് പതിനൊന്നാമത്തെ മാസമാണ് മഴക്കാലം ആരംഭിക്കുന്നത്. കൊതുകുകൾ പെരുകുന്നതും മലേറിയ പടർന്നുപിടിക്കുന്നതും ആ സമയത്താണ്. ഓരോ കുടുംബത്തിലും ചുരുങ്ങിയത് ഒരംഗമെങ്കിലും ആ രോഗത്തിന് ഉടമയാകുന്നു. രോഗം ബാധിച്ച ആൾ പുറത്ത് പനിയും മലേറിയയുടെ മറ്റ് ലക്ഷണങ്ങളുമായി കിടപ്പിലാവും. മലേറിയ കൊണ്ടുള്ള പനി പിത്തവുമായി ബന്ധപ്പെട്ടതാണ്. പിത്തരസം അപ്പോൾ അധികമായി ഉല്പാദിപ്പിക്കപ്പെടും. കഫവും വായുവും മൂലമുണ്ടാകുന്ന രോഗങ്ങൾക്ക് കഫവും വായുവുമാണ് കൂടുതലായി ഉണ്ടാകുക. ഇതെല്ലാം ആയുർവേദത്തിൽ ഉപയോഗിക്കുന്ന പേരുകളാണ്. ഇത് മനുഷ്യരിൽ കാണുന്ന മൂന്ന് അടിസ്ഥാനഘടകങ്ങളായി കണക്കാക്കപ്പെടുന്നു. മലേറിയ വരുമ്പോൾ കൂടുതലായി പിത്തരസം ഉല്പാദിപ്പിക്കപ്പെടുന്നതുകൊണ്ട് കൊതുകുകൾ അയാളിലേക്ക് ആകർഷിക്കപ്പെടും. മലേറിയ പകുതിലധികം ജനങ്ങളെ കൊന്നൊടുക്കുന്നതുകൊണ്ട് അതിന് ഒരു പരിഹാരം അവർക്ക് ആവശ്യമായിരുന്നു. അതിനു യോജിച്ച വ്രതങ്ങൾ അവർ കണ്ടെത്തി. പാല് കൂടുതലായി ചേർത്ത ആഹാരപദാർത്ഥങ്ങൾ പിത്തരസത്തിന്റെ അമിതമായ ഉല്പാദനം കുറക്കുമെന്ന് അവർ കണ്ടെത്തി. അങ്ങനെയാണ് ശ്രാദ്ധസമയത്ത് പാലുകൊണ്ടുള്ള പായസവും മറ്റും ജനപ്രീതി നേടിയത്. സാധാരണക്കാർക്ക് എന്നും പായസമുണ്ടാക്കാൻ കഴിയില്ല.

വാസ്തവത്തിൽ മരിച്ചവർക്ക് ഈ ആചാരങ്ങൾ കൊണ്ട്

ഉണമൊന്നുമില്ല. പക്ഷെ ജനങ്ങൾ വളരെ ആർത്തിയുള്ളവരാണ്. അവരൊറ്റ പൈസയും ധർമ്മകാര്യങ്ങൾക്ക് ചെലവഴിക്കില്ല. അത്രക്ക് പിശുക്കാണവർക്ക്. അതുകൊണ്ടാണ് ശ്രാദ്ധം എന്ന ചടങ്ങ് ജനങ്ങൾ കണ്ടെത്തിയത്. അവരുടെ മരിച്ച പൂർവ്വികർക്കുവേണ്ടി അവർ ജനങ്ങൾക്കു ഭക്ഷണം നല്കും. ഇങ്ങനെയാണ് ആളുകളെ ബോധ്യപ്പെടുത്തുന്നത്. എന്നെ ശാഠ്യക്കാരനായ ഒരാൾ പാരമ്പര്യം പിന്തുടരാതിരുന്നാൽ, ചുറ്റുമുള്ള ആളുകൾ പറഞ്ഞു പറഞ്ഞ് നിർബ്ബന്ധിച്ച് എല്ലാം ശരിയാക്കിക്കൊള്ളും.

ശ്രാദ്ധത്തിന്റെ പതിനാറു ദിവസവും, വെളുത്തവാവു മുതൽ ആളുകൾ, ഓരോ കുടുംബവും മാറി മാറി ആളുകളെ പായസം കൂട്ടി സദ്യ കഴിപ്പിക്കും. അങ്ങനെ അത് ഒരു പതിവ് ചടങ്ങായി. എല്ലാവർക്കും ഓരോ ദിവസം സദ്യ കൊടുക്കേണ്ടത് അനിവാര്യമായതുകൊണ്ട് ആരും അതിന് എതിരായില്ല. ഒരു രോഗി ശ്രാദ്ധത്തിന്റെ പതിനാറു ദിവസവും കടന്നാൽ അയാൾ നവരാത്രി കൂടാൻ വളരെ ഭാഗ്യവാനാണ് എന്ന് ആളുകൾ പറയുമായിരുന്നു. ചൈത്ര മാസത്തിന്റേയും ആശ്വിൻ മാസത്തിന്റേയും തിളക്കമുള്ള ദിവസങ്ങളായ ദേവി ആരാധനയുടെ ദിവസങ്ങളാണ് അവ.

## (1.30) നിങ്ങളുടെ ഒപ്പില്ലാതെ മരണം നടക്കില്ല

പ്രകൃതിയുടെ നിയമം അനുസരിച്ച് ആരേയും ഇവിടെ നിന്നും കൊണ്ടു പോകാനാവില്ല. മരിക്കുന്ന ആളുടെ സമ്മതം ഇല്ലാതെ അയാളെ കൊണ്ട് പോകാനാവില്ല. ആരെങ്കിലും അങ്ങനെ ഒരു സമ്മതം കൊടുക്കുമോ? “ദൈവമെ, ദയവായി എന്നെ ഈ ദുഃഖങ്ങളിൽ നിന്നും കരകയറ്റൂ. ഈ ലോകത്തിൽ നിന്നും എന്നെ കൊണ്ടു പോകൂ” എന്ന് ആളുകൾ പറയുന്നത് കേട്ടിട്ടില്ലേ? കഷ്ടപ്പെടുന്നതുകൊണ്ടാണ് അവർ അങ്ങനെ പറയുന്നത്. അങ്ങനെ പറയുമ്പോൾ അവർ മരണത്തിന് ഒപ്പുവെക്കുകയും ചെയ്യുന്നു.

## (1.31) ആത്മഹത്യചെയ്യാൻ തീരുമാനിക്കുന്നതിനു മുമ്പ്, ആദ്യം 'എന്നെ' ഓർക്കു

**ചോദ്യകർത്താവ്:** ദാദാ, ഒരാൾ ആത്മഹത്യചെയ്താൽ, അതുപോലെ അയാൾക്ക് ഏഴു ജന്മങ്ങളുണ്ടാവും എന്നത് സത്യമാണോ?

**ദാദശ്രീ:** എന്തു സംസ്കാരവും (ആഗ്രഹങ്ങൾകൊണ്ടും പ്രവർത്തികൾകൊണ്ടും, കഴിഞ്ഞ ജന്മങ്ങളിലെ പ്രവർത്തികളുടെ ഫലങ്ങൾ കൊണ്ടും മനസ്സിലുണ്ടാകുന്ന സൂക്ഷ്മമായ മുദ്രകൾ) ഉള്ളിൽ സൃഷ്ടിക്കപ്പെട്ടാൽ, അത് തീരാൻ ഏഴോ എട്ടോ ജന്മങ്ങൾ വേണ്ടി വരും. അതുകൊണ്ട് ഒരു തരത്തിലുള്ള നെഗറ്റീവ് മുദ്രകളും അതായത് ആന്തരികഭാവങ്ങളും സൃഷ്ടിക്കപ്പെടാൻ അനുവദിക്കരുത്. അത്തരം ഭാവങ്ങളിൽ നിന്നും ഓടിപ്പോവുക. എത്ര കഷ്ടപ്പെട്ടാലും നിങ്ങൾ നിങ്ങളുടെ ജീവനെടുക്കാൻ ശ്രമിക്കരുത്. കഷ്ടപ്പാടുകൾ സഹിക്കു. 1951മുതൽ ഞാൻ ബറോഡയിൽ കാണുന്നവരോടെല്ലാം പറയും, അവർക്ക് എപ്പോൾ എങ്കിലും ആത്മഹത്യ ചെയ്യണമെന്നു തോന്നുകയാണെങ്കിൽ എന്നെ വന്നു കാണണമെന്ന്. അവർക്ക് എന്നെ ഓർക്കാം, എന്നെ വന്നു കാണാം. എന്നിട്ടും ആത്മഹത്യ ചെയ്യണമെന്നു തോന്നുകയാണെങ്കിൽ അങ്ങനെ ചെയ്യാം. ഞാൻ അവർക്ക് എല്ലാ കാര്യങ്ങളും വിശദീകരിച്ചു കൊടുക്കും. അത്തരം ആത്മഹത്യാഭാവങ്ങൾ അവരിൽനിന്നും വിട്ടു പോകും. അത്തരം പ്രവർത്തികൾ എന്തെല്ലാം കാരണങ്ങളാണ് ഉണ്ടാക്കാൻ പോകുന്നത് എന്ന് ഞാൻ വിവരിച്ചുകൊടുക്കും. അതിന്റെ അനന്തര ഫലങ്ങൾ എന്തൊക്കെ ആയിരിക്കും എന്നും പറഞ്ഞുകൊടുക്കും. അവരുടെ മനസ്സ് മാറ്റുന്നതിൽ ഞാൻ വിജയിക്കും.

## (1.32) ആത്മഹത്യയുടെ അനന്തരഫലങ്ങൾ

**ചോദ്യകർത്താവ്:** ഒരാൾ ആത്മഹത്യ ചെയ്താൽ എന്ത് ജീവരൂപമാണ് പിന്നീട് ലഭിക്കുക? അവർ ഭൂതങ്ങളോ പ്രേതങ്ങളോ ആയി ശരീരമില്ലാതെ അലയുമോ?

**ദാദാശ്രീ:** ആത്മഹത്യ ചെയ്ത ആളുടെ ആത്മാവ് അലഞ്ഞു നടക്കും. സത്യത്തിൽ ആത്മഹത്യ ചെയ്യുന്നതുകൊണ്ട് ഒരാൾ കൂടുതൽ പ്രശ്നങ്ങൾ ക്ഷണിച്ചു വരുത്തുകയാണ്. ഒരു വട്ടം ആത്മഹത്യ ചെയ്താൽ അതിന്റെ തിരിച്ചടികൾ മൂലം വരാൻ പോകുന്ന കുറെ ജന്മങ്ങളിൽ അയാൾക്ക് അതു തന്നെ ചെയ്യേണ്ടി വരും. ഈ ജീവിതത്തിൽ ആത്മഹത്യ ചെയ്യുന്നത് ആദ്യത്തേത് ആയിരിക്കില്ല. മുമ്പ് ചെയ്തിട്ടുള്ള ആത്മഹത്യകളുടെ ഫലമായിട്ടായിരിക്കും അയാൾ ഇപ്പോൾ ആത്മഹത്യ ചെയ്യുന്നത്. അത്തരം ഫലങ്ങളാൽ ആളുകൾ തുടർച്ചയായി ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നു. ആത്മഹത്യ ചെയ്യുന്ന ആൾക്ക് ശരീരമില്ലാതെ അലയേണ്ടി വരും.

ഭൂതം തികച്ചും വ്യത്യസ്തമായ ഒന്നാണ്. ഭൂതമാവാൻ എളുപ്പമല്ല. അത് ദേവരൂപത്തിലുള്ള ജന്മമാണ്. അജ്ഞതയിൽ കഠിനതപസ്സും വ്രതങ്ങളും ചെയ്യുമ്പോഴാണ് ഭൂതരൂപത്തിൽ ജന്മം ലഭിക്കുന്നത്.

## (1.33) ഞാൻ ഉണ്ട് എന്ന ബോധമില്ലാതെ ആർക്കും ജീവിക്കാനാവില്ല

**ചോദ്യകർത്താവ്:** എന്തുകൊണ്ടാണ് ആത്മഹത്യക്കുള്ള ചിന്ത വരുന്നത്?

**ദാദാശ്രീ:** ഞാനുണ്ട്, എന്നെക്കൊണ്ട് കാര്യമുണ്ട് എന്ന ബോധമുള്ളതുകൊണ്ടാണ് ഒരാൾ ജീവിക്കുന്നത്. ‘‘ഞാൻ ചന്ദുലാൽ ആണ്’’ എന്ന അയാളുടെ ബോധത്തെ വികല്പം എന്നു പറയുന്നു. ‘‘ഇതെല്ലാം എന്റെയാണ്’’എന്നതാണ് അയാളുടെ സങ്കല്പം. ‘‘ഞാൻ, എന്റെ’’ എന്ന ബോധമാണ് ലൗകികജീവിതത്തിന്റെ അടിത്തറ. ഈ ബോധം അയാൾക്ക് നഷ്ടപ്പെടുമ്പോൾ, അയാൾക്ക് ലൗകിക ബോധം നഷ്ടമാകുന്നു. അപ്പോൾ ആത്മഹത്യക്കുള്ള ചിന്ത ഉയർന്നു വരുന്നു. അതുകൊണ്ട് "ഞാൻ ആകുന്നു’’ എന്ന ഈ ബോധം അത്യാവശ്യവും സഹായകവുമാണ്.

സ്വാഭാവികവും നൈസർഗ്ഗികവുമായ ചിന്തകൾ നിലയ്ക്കുമ്പോൾ നെഗറ്റീവ് ചിന്തകൾ ഉയർന്നു വരുന്നു. പൂർണ്ണമായ ആന്തരിക തിമിരത്തിൽ അയാൾ മുങ്ങിപ്പോകുന്നു. അയാൾക്ക് ഒന്നും ദൃശ്യമാവില്ല. 'എന്റെ' എന്ന സങ്കല്പവും 'ഞാൻ' എന്ന വികല്പവും നിലയ്ക്കുമ്പോൾ ഒരാൾ ആത്മഹത്യയെ കുറിച്ച് ചിന്തിക്കുന്നു.

## (1.34) ആത്മഹത്യക്കുള്ള കാരണങ്ങൾ

**ചോദ്യകർത്താവ്:** ആത്മഹത്യയെക്കുറിച്ച് ചിന്തിക്കാനും അത് നടപ്പിലാക്കാനും കാരണമാകുന്നതെന്താണ്?

**ദാദാശ്രീ:** ആത്മഹത്യക്കുള്ള അടിസ്ഥാനകാരണം അയാൾ മുൻ ജന്മങ്ങളിൽ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നതാണ്. അതിന്റെ സ്പന്ദനങ്ങൾ ഈ ജന്മത്തിലും തുടരുന്നു. അത് ഏഴു ജന്മങ്ങൾ വരെ തുടരും. നിങ്ങൾ ഒരു പന്ത് ഏതാണ്ട് മൂന്നടി ഉയരത്തുനിന്നും താഴെയിട്ടാൽ അത് വീണ്ടും വീണ്ടും ചാടിക്കൊണ്ടിരിക്കും. സാവധാനം അതിന്റെ ശക്തി കുറഞ്ഞ് ചാട്ടം അവസാനിക്കും. അത് നൈസർഗ്ഗികമായ ഒരു പ്രക്രിയയാണ്. സ്വാഭാവികമായ ഒരു ചലന തത്വമാണ് അത്. അതുപോലെ ഒരാൾ ആത്മഹത്യ ചെയ്താൽ ഏഴു ജന്മങ്ങളോളം അത് തുടരും. ഫലത്തിന്റെ തീവ്രത ദൃശ്യമല്ലെങ്കിലും അത് കുറഞ്ഞു കുറഞ്ഞ് അവസാനിക്കും.

## (1.35) അവസാന നിമിഷങ്ങളിൽ........

മരണസമയത്ത് മരിക്കുന്ന ആളുടെ മുഴുവൻ ജീവിതത്തിന്റേയും ഒരു ബാലൻസ് ഷീറ്റ് അയാൾക്കു മുന്നിൽ പ്രത്യക്ഷപ്പെടും. നാല്പത്തിയഞ്ച് നിമിഷങ്ങൾകൊണ്ട് അയാൾ അതിന്റെ ചുരുക്കം വായിച്ചു തീർക്കുമ്പോൾ, അടുത്ത ജന്മത്തിലേക്കുള്ള അയാളുടെ പുതിയ ശരീരത്തിനുള്ള രൂപമുണ്ടാകുന്നു. ആ സമയത്ത് അയാൾ കാലിത്തീറ്റ തിന്നുന്ന മൃഗമോ ചപ്പാത്തി തിന്നുന്ന മനുഷ്യനോ ആയിത്തീരും. കലിയുഗത്തിന്റെ പ്രത്യേകത ഇതാണ്. ഈ

കാലഘട്ടത്തിന്റെ ഫലമായി വീണ്ടും ഒരു മനുഷ്യശരീരം ലഭിക്കാൻ വളരെ പ്രയാസമാണ്!

**ചോദ്യകർത്താവ്:** അവസാനസമയത്ത്, ദിവ്യസന്ദേശങ്ങൾ ചെവിയിൽ ഓതിക്കൊടുക്കുമ്പോൾ, എപ്പോഴാണ് ആ കാതുകൾ അടഞ്ഞുപോവുക എന്ന് ആർക്കാണ് അറിയുന്നത്?

**ദാദാശ്രീ:** ആളുകൾ മരിക്കുന്ന ആളുടെ ചെവിയിൽ രാമഭഗവാന്റെ നാമം ഉച്ചരിക്കാൻ ആവശ്യപ്പെടും. വിഡ്ഢികൾ! എന്തിനാണ് അവർ രാമനാമം ചൊല്ലാൻ പറയുന്നത്? അയാൾ ശരീരമില്ലാത്ത സിദ്ധാവസ്ഥയിലാണ്.

**ചോദ്യകർത്താവ്:** മരിക്കുന്ന ആൾക്ക് അവസാന നിമിഷത്തിൽ എന്ത് സംഭവിക്കുന്നു എന്ന് ദയവായി പറഞ്ഞു തരൂ.

**ദാദാശ്രീ:** ഏറ്റവും അവസാനം എന്താണോ ഡെപ്പോസിറ്റ് ചെയ്യപ്പെട്ടത് (സൃഷ്ടിക്കപ്പെട്ട കർമ്മങ്ങൾ) അത് മുന്നോട്ട് കൊണ്ടുപോകും. ഈ അവസാന മണിക്കൂറിൽ അയാളുടെ അടുത്ത ജന്മത്തിലേക്കുള്ള രൂപം നിശ്ചയിക്കപ്പെടുന്നു. അത് അയാളുടെ ആത്മീയമായ പുരോഗതിയുടെ അടിസ്ഥാനത്തിലാവും. അത് കണക്കാക്കുന്നത് അയാളുടെ അവസാനത്തെ ബാലൻസ് ഷീറ്റ് അനുസരിച്ചായിരിക്കും. ബാലൻസ് ഷീറ്റ് അയാളുടെ മുഴുവൻ ജീവിതത്തിന്റേയും പ്രവർത്തനങ്ങളുടെ കണക്കല്ല. അത് അടുത്ത ജന്മത്തിന്റെയും മധ്യഭാഗത്തിന്റേയും കണക്കാണ്. മധ്യഭാഗം അവസാന മണിക്കൂറിനെ കുറിക്കുന്നു. അത് ഇപ്പോഴത്തെ അവസാന സംഭവമാണ്. ഉദാഹരണത്തിന്, അയാൾ തന്റെ അവിവാഹിതയായ, വിവാഹപ്രായമായ മകളുടെ ഭാവിയെ കുറിച്ചുള്ള ചിന്തയിൽ പ്രധാനമായും ആ സമയത്ത് മുഴുകുകയാണെങ്കിൽ, അയാൾക്ക് ലഭിക്കാൻ പോകുന്നത് മൃഗ ജീവിതമായിരിക്കും. ഈ ചിന്ത ബാലൻസ് ഷീറ്റിന്റെ ഒരു പ്രധാന ഭാഗമാണ്.

വേദങ്ങളിലെ വിശുദ്ധ വാക്യങ്ങൾ മരിക്കുന്ന ആളുടെ കാതിൽ പറഞ്ഞു കൊടുക്കണമെന്ന് ആളുകൾ പഠിച്ചിരിക്കുന്നു. എന്നാൽ അത് സ്വീകരിക്കാനുള്ള പുണ്യം അയാൾ ബന്ധിച്ചിട്ടുണ്ടെങ്കിൽ മാത്രമെ അയാൾക്കത് ഉപയോഗപ്പെടുത്താൻ കഴിയൂ. അതല്ലെങ്കിൽ, താൻ വിട്ടുപോകുന്ന അവിവാഹിതയായ മകളെ കുറിച്ചുള്ള വിഷമചിന്തകളാവും അയാളിൽ.

ബാലൻസ് ഷീറ്റിന്റെ ചുരുക്കം കേരി ഫോർവേഡ് ചെയ്യും. അങ്ങനെ കണക്കാക്കുമ്പോൾ പ്രായമായ കാലത്തു ചെയ്ത നന്മകൾക്കായിരിക്കും യുവത്വത്തിൽ ചെയ്തവയെക്കാൾ കൂടുതൽ ഫലം.

## (1.36) അടുത്ത ജന്മത്തിന്റെ ആദ്യത്തെ ഫോട്ടോഗ്രാഫ്

എന്ത് മുന്നോട്ടുയക്കുന്നു എന്ന കാര്യത്തിൽ പ്രകൃതിയുടെ നിയമം വളരെ കൃത്യമാണ്. എങ്കിലും സർവ്വജ്ഞരായ വീതരാഗ ഭഗവാന്മാർ, അമ്പത് വയസ്സാവുമ്പോൾ നമ്മോട് വളരെ ബോധപൂർവം ഇരിക്കണമെന്ന് മുന്നറിയിപ്പു നല്കുന്നുണ്ട്.

എഴുപതു വയസ്സുവരെ ജീവിക്കുന്ന ഒരാളുടെ അടുത്ത ജീവിതത്തിന്റെ ആദ്യത്തെ ഫോട്ടോഗ്രാഫ് അമ്പതാമത്തെ വയസ്സിൽ സൃഷ്ടിക്കപ്പെടുന്നു. അറുപതു വയസ്സുവരെ ജീവിക്കുന്ന ആളുടെ ആദ്യത്തെ ഫോട്ടോ ഗ്രാഫ് നാല്പതാമത്തെ വയസ്സിൽ ആയിരിക്കും. എൺപത്തിയൊന്ന് വരെ ജീവിതദൈർഘ്യമുള്ള ആളുടെ ആദ്യത്തെ ഫോട്ടോഗ്രാഫ് അമ്പത്തിനാല് വയസ്സിൽ ആയിരിക്കും. ആദ്യത്തെ ഈ ഫോട്ടോഗ്രാഫ് വരെ നിങ്ങളുടെ ജീവിതം സ്വതന്ത്രമാണ്. അതുകൊണ്ട് നിങ്ങൾക്ക് ഒന്നും നഷ്ടപ്പെടില്ല. നിങ്ങളുടെ ആദ്യത്തെ മൂന്നിൽ രണ്ട് ജീവിതം സ്വതന്ത്രമാണ്. അവസാനത്തെ മൂന്നിലൊന്ന് ജീവിതമാണ് നിർണ്ണായകമായത്. അവസാനത്തെ മൂന്നിലൊന്നു ഭാഗത്തെ നിങ്ങളുടെ പ്രവർത്തികൾ ബാലൻസ് ഷീറ്റിൽ മുദ്രചെയ്യപ്പെടുന്നു. അതാണ് നിങ്ങളുടെ അവസാനത്തെ മണിക്കൂറിൽ നിങ്ങൾക്കു

മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. ഇത് നല്ല നിയമമല്ലെ. അതോ മോശമായതാണോ? അത് നിങ്ങളുടെ ആദ്യമൂന്നിലൊന്നു ഭാഗത്തെ തോന്നിയ പോലെയുള്ള ജീവിതം പ്രശ്നമല്ല എന്നു പറയുന്നു. എന്നാൽ മരിക്കുന്നതിനു മുമ്പുള്ള മൂന്നിലൊന്ന് ജീവിതം നിങ്ങൾ നല്ല രീതിയിൽ രൂപപ്പെടുത്തണം എന്നു പറയുന്നു.

## (1.37) "ഞാൻ ചന്ദുലാൽ ആണ് "എന്ന രീതിയിൽ ഓരോ (1.38) സെക്കന്റും ഭയങ്കരമായ മരണമാണ്

**ചോദ്യകർത്താവ്:** ശരീരമാണ് മരിക്കുന്നത് എന്നു നമുക്ക് പറഞ്ഞുകൂടെ?

**ദാദാശ്രീ:** ആത്മജ്ഞാനം നേടാത്തവർ രണ്ടു തരം മരണത്തെ നേരിടുന്നു.

ആദ്യത്തേത് ഞാൻ ചന്ദുലാൽ ആണ് എന്നു പറയുന്ന ഓരോ നിമിഷവും സംഭവിച്ചു കൊണ്ടിരിക്കുന്നു. ഇതിനെ ഭാവമരണം എന്നു പറയുന്നു.

പിന്നെ ശരീരം മരിക്കുമ്പോഴുണ്ടാകുന്ന ലൗകികമായ മരണമാണ്.

അതുകൊണ്ടാണ് കൃപാലുദേവ്, ശ്രീമത് രാജ്ചന്ദ്ര എഴുതിയത്:

"എന്താണ്, എന്താണ് നിങ്ങളിങ്ങനെ ഈ ലൗകികജീവിതത്തിൽ മുഴുകിയിരിക്കുന്നത്, അതിൽ നിങ്ങളുടെ ഓരോ നിമിഷവും നിങ്ങൾക്ക് ഭയങ്കര മരണം സംഭവിച്ചു കൊണ്ടിരിക്കുകയാണ്, 'ഞാൻ ചന്ദുലാലാണ് 'എന്ന ഭാവം മൂലം?"

## (1.39) സമാധി മരണം - ഞാൻ ശുദ്ധാത്മാവ്

നിങ്ങൾക്കു മരണത്തിനോടു പറയാം, "എപ്പോൾ വേണമെങ്കിലും വരൂ, വൈകിയോ നേരത്തെയോ, എന്നാൽ സമാധി മരണമായി വരൂ.''

സമാധി മരണമെന്നാൽ മരണസമയത്ത് ഒരാൾ തന്റെ ആത്മാവിനെയല്ലാതെ ഒന്നും തന്നെ ഓർക്കുന്നില്ല. അയാളുടെ ചിത്തം, അന്തഃകരണത്തിന്റെ ഒരു ഘടകമായ അറിവും ദർശനവുമുള്ള ഭാഗം, ആത്മാവിൽ മാത്രം കേന്ദ്രീകൃതമാകുന്നു. അയാളുടെ മനസ്സ്, ചിത്തം, ബുദ്ധി, അഹങ്കാരം എന്നിവയെല്ലാം ശാന്തമാകുന്നു. ഇത് അനശ്വരമായ പരമാനന്ദം ആണ്. പുറത്തു നിന്നുള്ള ശക്തികൾ അയാളുടെ ശരീരത്തിലുണ്ടാക്കുന്ന പ്രശ്നങ്ങളൊന്നും (ഉപാധികൾ) അയാളെ സ്പർശിക്കുകയില്ല. ശരീരം മുഴുവനും പ്രശ്നങ്ങളല്ലേ?

**ചോദ്യകർത്താവ്:** അതെ, ശരിയാണ്.

**ദാദാശ്രീ:** അത് മുഴുവനും ശാരീരികം മാത്രമല്ല, മാനസികവുമായ പ്രശ്നങ്ങൾ നിറഞ്ഞതാണ്. ശാരീരികമോ മാനസികമോ ആയ പ്രശ്നങ്ങളൊന്നും ജ്ഞാനിയേയോ ആത്മജ്ഞാനം നേടിയ ആളെയോ സ്പർശിക്കുകയില്ല. ആത്മജ്ഞാനം നേടാത്ത ആൾ മാനസിക പ്രശ്നങ്ങൾ അത് ഇല്ലാത്തപ്പോൾ പോലും ക്ഷണിച്ചു വരുത്തുന്നു. സമാധി മരണം എന്നതിനർത്ഥം ഞാൻ ശുദ്ധാത്മാവാണ് എന്ന പരിപൂർണ്ണവും നിരന്തരവുമായ ബോധത്തോടുകൂടിയ മരണമാണ്. നമ്മുടെ ധാരാളം മഹാത്മാക്കൾ ശുദ്ധാത്മാവാണ് എന്ന ബോധത്തോടുകൂടിയാണ് മരിച്ചിരിക്കുന്നത്.

## (1.40) മരണശേഷം അവൻ എവിടെ പോകും ?

**ചോദ്യകർത്താവ്:** മരണസമയത്ത്, മരിക്കുന്ന ആൾ ഉയർന്ന ജന്മത്തിലേക്ക് പോകുമോ എന്ന് നമുക്ക് പറയാനാവുമോ?

**ദാദാശ്രീ:** മരണസമയത്ത് മരിക്കുന്ന ആൾ "കഷ്ടം, എനിക്കെന്റെ നാലാമത്തെ മകളെ വിവാഹം ചെയ്തു കൊടുക്കാൻ

കഴിഞ്ഞില്ല്'' എന്നു പറയുകയാണെങ്കിൽ അയാൾ താഴ്ന്ന ജന്മത്തിലേക്കു പോകും. ഒരാൾക്ക് തന്റെ മരണ സമയത്ത് തന്റെ കുടുംബത്തെ കുറിച്ച് വ്യസനങ്ങളും ഉത്ക്കണ്ഠകളുമുണ്ടെങ്കിൽ, അയാൾ താഴ്ന്ന ജന്മങ്ങളിലേക്ക് പോകുമെന്ന് നമുക്ക് മനസ്സിലാക്കാം. ഇതെല്ലാം ക്ഷണിച്ചു വരുത്തുന്ന കഷ്ടപ്പാടുകളാണ്. എന്നാൽ അയാളുടെ ബോധം ആത്മാവിൽ സ്ഥിരമാണെങ്കിൽ അയാൾ ഉയർന്ന രൂപങ്ങളിലേക്ക് പോകും.

**ചോദ്യകർത്താവ്:** കുറച്ചു ദിവസം അയാൾ അബോധത്തിൽ ഇരുന്നാൽ എന്തു സംഭവിക്കും?

**ദാദാശ്രീ:** അബോധത്തിൽ ആണെങ്കിലും, അയാൾ ജ്ഞാനത്തിൽ ഇരുന്നാൽ (ആത്മബോധത്തിൽ ഇരുന്നാൽ ) പ്രശ്നമൊന്നുമില്ല. ജ്ഞാനം സ്വീകരിച്ചിട്ടുണ്ടെങ്കിൽ, അയാൾ അബോധത്തിലാണ് എന്നത് പ്രശ്നമല്ല.

## (1.41) മരണഭയം

**ചോദ്യകർത്താവ്:** എന്തുകൊണ്ടാണ് ആളുകൾ മരണത്തെ ഭയപ്പെടുന്നത്?

**ദാദാശ്രീ:** അഹമാണ് മരണത്തെ ഭയപ്പെടുന്നത്, ആത്മാവല്ല. അഹത്തിനാണ് "ഞാൻ മരിക്കുകയാണ്, ഞാൻ മരിക്കുകയാണ് " എന്ന ഭയമുള്ളത്.

## (1.42) കേവലജ്ഞാനിയായ ഭഗവാന്റെ കാഴ്ചപ്പാടിൽ മരണം

മരണത്തെ കുറിച്ച് ഭഗവാന്റെ കാഴ്ചപ്പാട് എന്താണ്? ഭഗവാന്റെ കാഴ്ചപ്പാടിൽ ആരും ഒരിക്കലും മരിക്കുന്നില്ല. എന്നെങ്കിലും ഭഗവാൻ ഈ കാഴ്ചപ്പാട് നിങ്ങൾക്കു നല്കിയാൽ, ഈ ലോകത്തിൽ എത്ര മരണം നടന്നാലും നിങ്ങളെ അത് ബാധിക്കുകയില്ല. അത് ശരിയായ ദർശനമാണ്. (ജ്ഞാനം).

## (1.43) മരണം മുതൽ അനശ്വരത വരെ

എപ്പോഴെങ്കിലും നിങ്ങൾക്ക് ജീവിതത്തിന്റെയും മരണത്തിന്റെയും പിറകിലുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടി വരും. വാസ്തവത്തിൽ ആരും മരിക്കുകയോ ജനിക്കുകയോ ചെയ്യുന്നില്ല. ഇതെല്ലാം ഒരാളുടെ വിശ്വാസത്തിലുള്ള തെറ്റ് മാത്രമാണ്. അവൻ വിചാരിക്കുന്നു അവൻ ജീവിക്കുന്നവനാണ് എന്ന് (ജീവൻ). എന്നാൽ സത്യത്തിൽ അവൻ അനശ്വരനാണ് (ശിവൻ).

**ചോദ്യകർത്താവ്:** എല്ലാവർക്കും ഈ ബോധമുണ്ടായാൽ ഈ ലോകം പ്രവർത്തിക്കുകയില്ല!

**ദാദാശ്രീ:** അതെ. അത് പ്രവർത്തിക്കുകയില്ല! എന്നാൽ, ഇത് എല്ലാവർക്കും മനസ്സിലാവുന്ന കാര്യമല്ല. ഈ ലോകം മുഴുവനും ഒരു പ്രഹേളികയാണ്. അത് വളരെ നിഗൂഢമാണ്. ഈ അഗാധമായ നിഗൂഢത തിരിച്ചറിയാത്തതു കൊണ്ടാണ് ലോകത്തിൽ ഇത്രമാത്രം അലങ്കോലമായിരിക്കുന്നത്.

## (1.44) ആരാണ് ജനിക്കുന്നത്, ആരാണ് മരിക്കുന്നത്?

ആത്മാവ് ജന്മമെടുക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല. ആത്മാവ് നിത്യമായ ഒരു വസ്തുതയാണ്. അഹമാണ് മരിക്കുകയും ജനിക്കുകയുമാകുന്ന പ്രതിഭാസത്തിന് ഇടയാകുന്നത്. അഹമാണ് ജനിക്കുന്നതും അഹമാണ് മരിക്കുന്നതും. സത്യത്തിൽ ആത്മാവ് ഒരിക്കലും മരിക്കുന്നില്ല.

# രണ്ടാം ഭാഗം

## ആത്മാവിന്റെ അവസ്ഥ

### (2.1) എന്താണ് ജനനവും മരണവും?

**ചോദ്യകർത്താവ്:** എന്താണ് മരണവും ജനനവും?

**ദാദാശ്രീ:** മരണവും ജനനവും സംഭവിക്കുന്നു. അതിനെക്കുറിച്ച് ഒരു സംശയവുമില്ല. അതിനെല്ലാം നാം ദൃക്‌സാക്ഷികളാണ്. ഒരാളുടെ ജീവിതത്തിലെ കർമ്മങ്ങളുടെ കണക്കുകൾ എല്ലാം തീരുമ്പോഴാണ് ഒരാൾ മരിക്കുന്നത്. ഈ ജീവിതത്തിലേക്ക് അയാൾ ബന്ധിച്ച് കൊണ്ടുവന്ന കർമ്മങ്ങളെല്ലാം തീരുന്നു. അതുകൊണ്ട് മരണം സംഭവിക്കുന്നു.

### (2.2) എന്താണ് മരണം?

**ചോദ്യകർത്താവ്:** എന്താണ് മരണം?

**ദാദാശ്രീ:** മരണം ഇങ്ങനെയാണ്, ഒരു ഷർട്ട് നിങ്ങൾ തുന്നുമ്പോൾ നിങ്ങൾക്ക് പറയാം ഷർട്ട് ജനിച്ചു എന്ന്. ജനിച്ചതിന് മരണം ഒഴിച്ചുകൂടാൻ ആവാത്തതാണ്. ആത്മാവ് ജനന മരണങ്ങളിൽ നിന്നും സ്വതന്ത്രമാണ്. അത് അനശ്വരമാണ്. അതിന് മരണമില്ല. ജനിച്ചത് മരിക്കും. മരണം ഉള്ളതുകൊണ്ട് ജനനവും ഉണ്ട് . അതുകൊണ്ട് മരണം ജനനവുമായി ബന്ധപ്പെട്ടതാണ്. ജനനമുള്ളിടത്ത് മരണവുമുണ്ട്.

**ചോദ്യകർത്താവ്:** എന്തുകൊണ്ടാണ് മരണം?

**ദാദാശ്രീ:** ജനനവും മരണവും സംഭവങ്ങളാണ്. എല്ലാ

സംഭവങ്ങൾക്കും അവസാനമുണ്ട്. ആരംഭിക്കുന്നതിന്റെ സ്വാഭാവികമായ ഗുണം അത് അവസാനിക്കും എന്നുള്ളതാണ്. നിങ്ങൾ സ്കൂളിൽ പോകാൻ തുടങ്ങിയത് ഒരു തുടക്കമല്ലേ? അതിന് അവസാനമുണ്ടായില്ലേ? എല്ലാറ്റിനും ഒരു തുടക്കവും ഒരു ഒടുക്കവുമുണ്ട്. നിങ്ങൾക്ക് മനസ്സിലായോ?

**ചോദ്യകർത്താവ്:** ഉവ്വ്.

**ദാദാശ്രീ:** ഈ വസ്തുക്കൾക്കെല്ലാം തുടക്കവും ഒടുക്കവും ഉണ്ട് ഈ തുടക്കവും ഒടുക്കവും അറിയുന്നത് ആരാണ്? നിങ്ങൾ ആണ് ആ 'അറിയുന്ന ആൾ'.

തുടക്കവും ഒടുക്കവും ഉള്ളതെല്ലാം താല്ക്കാലികമാണ്. തുടക്കം ഉള്ളതിനെല്ലാം ഒടുക്കമുണ്ട്. എല്ലാറ്റിന്റേയും താല്ക്കാലികസ്വഭാവം അറിയുന്നതാരാണ്? സ്ഥിരമായ നിങ്ങളാണ് അറിയുന്ന ആൾ. നിങ്ങൾ സ്ഥിരമാണ്, കാരണം നിങ്ങൾ എല്ലാം താല്ക്കാലികമാണ് എന്നു കാണുന്നു. എല്ലാം താല്ക്കാലികമാണെങ്കിൽ പിന്നെ ഒന്നിനേയും താല്ക്കാലികമാണ് എന്ന് പറയേണ്ട ആവശ്യമില്ല. താല്ക്കാലികം എന്നത് ആപേക്ഷികമായ ഒരു വാക്കാണ്. സ്ഥിരമായതിന്റെ സാന്നിദ്ധ്യം ഉള്ളതു കൊണ്ടാണ് താല്ക്കാലികമായത് ഉണ്ടായിരിക്കുന്നത്.

## (2.3) മരണത്തിനും ജനനത്തിനും കാരണം

**ചോദ്യകർത്താവ്:** എങ്കിൽ മരണം സംഭവിക്കുന്നത് എന്തുകൊണ്ടാണ്?

**ദാദാശ്രീ:** ഒരു വ്യക്തിയുടെ ജനനസമയത്ത് മൂന്ന് ബാറ്ററികൾ ഉണ്ട്. മനസ്സ്, വാക്ക്, ശരീരം. ഈ ബാറ്ററികൾ ഗർഭപാത്രത്തിൽ വെച്ചുതന്നെ ഡിസ്ചാർജ് ചെയ്യാൻ തുടങ്ങുന്നു. അവ ജീവിതകാലം മുഴുവൻ ഡിസ്ചാർജ് ചെയ്തുകൊണ്ടിരിക്കും. മരണത്തോടെ അതിന്റെ ഫലം അവസാനിക്കും. ഈ മൂന്നു ബാറ്ററികളിലൂടെ മനുഷ്യരുടെ

കാർമ്മിക കണക്കുകളാണ് ചിലവഴിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ ബാറ്ററികളുടെ ഫലം അവസാനിക്കുമ്പോൾ അത് മരണമാണ്. മരണം വരെ ഈ ബാറ്ററികൾ നിലനിൽക്കും. അങ്ങനെയാണെങ്കിലും, ഈ ബാറ്ററികൾ ഡിസ്ചാർജ് ചെയ്യുന്ന സമയത്തു തന്നെ പുതിയ ബാറ്ററികൾ അടുത്ത ജന്മത്തിലേക്കായി ചാർജ് ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നുണ്ട്. ഈ രീതിയിൽ ചാർജിങ്ങും (കർമ്മബന്ധനം) ഡിസ്ചാർജിങ്ങും (കർമ്മഫലം) തുടർച്ചയായി നടന്നു കൊണ്ടിരിക്കുന്നു. ചാർജിങ്ങ് അല്ലെങ്കിൽ കാരണം സംഭവിക്കുന്നത് ആ വ്യക്തിയുടെ ആത്മാവിനെ കുറിച്ചുള്ള അജ്ഞത മൂലമാണ്. "ഞാൻ ചന്ദുലാലാണ്" എന്ന തെറ്റായ വിശ്വാസം നില നില്ക്കുന്നേടത്തോളം കാലം 'രാഗവും' 'ദ്വേഷവും' തുടർന്നു കൊണ്ടിരിക്കുന്നു. അത് പുതിയ കാരണങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കും. "ഞാൻ ശുദ്ധാത്മാവാണ് " എന്ന ശരിയായ വിശ്വാസം കൊണ്ട് ഈ തെറ്റായ വിശ്വാസം നീങ്ങിക്കഴിഞ്ഞാൽ രാഗദ്വേഷങ്ങളും അതോടൊപ്പം പുതിയ കാരണങ്ങളും ഇല്ലാതാകും.

## (2.4) പുനർജന്മം

**ചോദ്യകർത്താവ്:** മോക്ഷം കിട്ടാത്ത ആത്മാവ് മരണശേഷം തിരിച്ചു വരുമോ ?

**ദാദാശ്രീ:** പുനർജന്മത്തിൽ വിശ്വസിക്കാത്തവർ അത് തിരിച്ചുവരില്ല എന്ന് കരുതുന്നു. വിദേശികൾ അത് തിരിച്ചുവരില്ല എന്നു കരുതുന്നു. മുസ്ലീമുകളുടെ അഭിപ്രായത്തിൽ അത് തിരിച്ചു വരില്ല. എന്നാൽ ബാക്കി ഇന്ത്യക്കാർ, ഹിന്ദുക്കൾ, അത് വരുമെന്ന് കരുതുന്നു. ദൈവാനുഗ്രഹം കൊണ്ടാണ് അത് തിരിച്ചുവരുമെന്ന് നിങ്ങൾ കരുതുന്നത്. മരിച്ച അതേ സമയത്ത് ആത്മാവ് മറ്റൊരു ഗർഭപാത്രത്തിൽ പ്രവേശിക്കുന്നു.

വാസ്തവത്തിൽ എല്ലാ ആത്മാക്കളും തിരിച്ചുവരുന്നുണ്ട്. അഹിന്ദുക്കൾ ആത്മാവ് തിരിച്ചു വരില്ല എന്നാണ് കരുതുന്നതെങ്കിലും അത് തിരിച്ചു വരുന്നുണ്ട്. പുനർജന്മത്തെ കുറിച്ച്

അറിയാത്തതുകൊണ്ടാണ് അവർക്കിത് മനസ്സിലാവാത്തത്. നിങ്ങൾക്ക് പുനർജന്മം മനസ്സിലാവും.

മരിക്കുമ്പോൾ ശരീരം ജീവനില്ലാത്തതാകുന്നു. അതിൽ നിന്നും ജീവൻ അതിലുണ്ടായിരുന്നു എന്നും ഇപ്പോൾ അത് ശരീരം വിട്ടു പോയിരിക്കുന്നു എന്നും നമുക്ക് അനുമാനിക്കാം. പുനർജന്മത്തിൽ വിശ്വസിക്കാത്തവർ കരുതുന്നത് ശരീരത്തിനകത്തെ ജീവശക്തിയാണ് ജീവിച്ചിരുന്നത്, അതിപ്പോൾ മരിച്ചിരിക്കുന്നു എന്നാണ്. നാം അത് സ്വീകരിക്കുന്നില്ല. നാം ആത്മീയമായി പുരോഗതി നേടിയവരാണ്. ആത്മീയമായ പുരോഗതി കൊണ്ടാണ് പുനർജന്മത്തിൽ നമുക്ക് വിശ്വസിക്കാൻ കഴിയുന്നത്. അതുകൊണ്ടാണ് വീതരാഗ ഭഗവാന്മാരുടെ ശാസ്ത്രം നമുക്ക് മനസ്സിലാകുന്നത്. നമ്മളെല്ലാം ഒത്തുചേരുന്നത് പുനർജന്മം മൂലമാണ് എന്ന് ആ ശാസ്ത്രത്തിൽ പറയുന്നു. അങ്ങനെയുള്ളതാണ് നമ്മുടെ വിശ്വാസം. ആ വിശ്വാസത്തിന്റെ ശക്തിയിൽ ആണ് നാം ആത്മാവിൽ വിശ്വസിക്കുന്നത്. ആത്മാവിൽ വിശ്വാസമില്ലാതെ എങ്ങനെ പുനർജന്മത്തെ ന്യായീകരിക്കാനാവും?

ആരാണ് പുനർജനിക്കുന്നത്? ആത്മാവു ഉള്ളതു കൊണ്ടാണ് പുനർജന്മമുണ്ടാകുന്നത്. മരിക്കുന്ന ശരീരം കത്തിക്കുന്നത് നാം കാണുന്നുണ്ട്. അതുകൊണ്ട് ആത്മാവു മാത്രമാണ് പല രൂപത്തിൽ വരികയും പോവുകയും ചെയ്യുന്നത്.

നിങ്ങൾക്ക് ആത്മാവിന്റെ സ്വരൂപം മനസ്സിലായാൽ എല്ലാ സംശയങ്ങളും തീരും. എന്നാൽ അത് മനസ്സിലാക്കാൻ വലിയ പ്രയാസമാണ്. അതുകൊണ്ടാണ് ആത്മാവിനെ മനസ്സിലാക്കാൻ എല്ലാ വേദങ്ങളും പറഞ്ഞിരിക്കുന്നത്. ആ അറിവില്ലാതെ ചെയ്യുന്നതെല്ലാം വ്യർത്ഥമാണ്. അതുകൊണ്ട് ഗുണമൊന്നുമില്ല. ആദ്യം ആത്മാവിനെ അറിയൂ. പിന്നെ എല്ലാ പ്രശ്നങ്ങളും തീരും.

## (2.5) ആര് പുനർജനിക്കുന്നു?

**ചോദ്യകർത്താവ്:** ആരാണ് പുനർജനിക്കുന്നത്? ആത്മാവാണോ, ജീവശക്തിയാണോ?

**ദാദാശ്രീ:** അല്ല. ആരും പുനർജനിക്കേണ്ടതില്ല. അത് സ്വയം സംഭവിക്കുന്നു. ഈ പ്രപഞ്ചം മുഴുവൻ യാന്ത്രികമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. എല്ലാം സ്വയം സംഭവിച്ചു കൊണ്ടിരിക്കുന്നു.

**ചോദ്യകർത്താവ്:** ശരി. പക്ഷെ ആരാണ് അതെല്ലാം സംഭവിപ്പിക്കുന്നത്? അത് ജീവനാണോ, ആത്മാവാണോ?

**ദാദാശ്രീ:** ഇല്ല. ആത്മാവിന് ഇതിൽ ഒന്നും തന്നെ ചെയ്യാനില്ല. ജീവൻ മൂലമാണ് എല്ലാം സംഭവിക്കുന്നത്. ആത്മാവും, കാരണശരീരവും, വൈദ്യുതശരീരവും ചേർന്നതാണ് ഇത്. ഈ ലൗകിക സുഖം ആഗ്രഹിക്കുന്ന വസ്തുവിന് ഗർഭപാത്രത്തിൽ പ്രവേശിക്കാനുള്ള അവകാശം ലഭിക്കുന്നു. ലൗകിക സുഖം ആഗ്രഹിക്കാതിരിക്കുമ്പോൾ അതിന് പുനർജന്മത്തിനുള്ള അവകാശം നഷ്ടപ്പെടുന്നു.

## (2.6) ഒരു ജന്മത്തിന് മറ്റൊരു ജന്മത്തോടുള്ള ബന്ധം

**ചോദ്യകർത്താവ്:** ഒരു മനുഷ്യന്റെ തുടർച്ചയായ ജന്മങ്ങൾ അടുത്ത ജന്മവുമായി ബന്ധപ്പെട്ടതാണോ?

**ദാദാശ്രീ:** ഓരോ ജന്മവും മുൻജന്മത്തിന്റെ ഫലമാണ്. അതുകൊണ്ട് ഓരോ ജന്മത്തിന്റേയും ബന്ധം കഴിഞ്ഞ ജന്മവുമായാണ്.

**ചോദ്യകർത്താവ്:** പക്ഷെ, ഇപ്പോഴത്തെ ജന്മത്തിന് കഴിഞ്ഞ ജന്മവുമായുള്ള ബന്ധമെന്താണ്?

**ദാദാശ്രീ:** ഈ ജന്മം കഴിഞ്ഞ ജന്മത്തിന്റെ ഫലവും വരാൻ

പോകുന്ന ജന്മത്തിന്റെ കാരണവുമാണ്.

**ചോദ്യകർത്താവ്:** അതെ. അതു ശരിയാണ്. പക്ഷെ ഈ ജന്മത്തിനു കാരണമായി കഴിഞ്ഞ ജന്മത്തിൽ എന്തെങ്കിലും സംഭവിക്കുന്നുണ്ടോ?

**ദാദാശ്രീ:** വളരെ വലിയ ബന്ധമാണ്. കഴിഞ്ഞ ജന്മത്തിൽ വിതച്ച വിത്തുകൾ ഈ ജന്മത്തിൽ പൂർണ്ണരൂപത്തിലുള്ള ഫലമായി തീരുന്നു. അപ്പോൾ വിത്തും ഫലവുമായി എന്തെങ്കിലും വ്യത്യാസമുണ്ടോ? നാം ഒരു ഗോതമ്പുമണി കഴിഞ്ഞ ജന്മത്തിൽ വിതക്കുമ്പോൾ, അതിൽ നിന്നും മുളച്ചു വരുന്ന ചെടിയാണ് ഈ ജീവിതം. ഇപ്പോൾ ഈ ചെടിയിൽ നിന്നും ഈ ജന്മത്തിൽ വീഴുന്ന വിത്തുകൾ ചെടികളായി വളരും. അതാണ് പുതിയ ജീവിതം. അത് തുടർന്നു കൊണ്ടിരിക്കും. നിങ്ങൾക്കിത് മനസ്സിലായോ?

**ചോദ്യകർത്താവ്:** നടക്കുന്ന കുറെ അധികം ആളുകളിൽ ഒരാളെ മാത്രം പാമ്പു കടിക്കുന്നു. അത് കഴിഞ്ഞ ജന്മത്തിൽ നിന്നുള്ള ഫലമാണോ?

**ദാദാശ്രീ:** അതെ. അതു തന്നെയാണ് ഞാൻ ശരിയായി വിവരിക്കാൻ പോകുന്നത്. അതാണ് പുനർജന്മം. അതുകൊണ്ടാണ് പാമ്പ് അയാളെ കടിക്കുന്നത്. അത് പുനർജന്മം ആയിരുന്നില്ലെങ്കിൽ പാമ്പ് അയാളെ കടിക്കുമായിരുന്നില്ല. ചുരുക്കത്തിൽ, അയാൾക്ക് കഴിഞ്ഞ ജന്മത്തിൽ നിന്നുള്ള കണക്ക് ഈ ജന്മത്തിൽ തീരുകയാണ്. ഒരു കടം വീട്ടുന്നതുപോലെ. ആത്മീയ പുരോഗതിയിലൂടെ ഈ കണക്കുകളും അതിന്റെ വീടലുമൊക്കെ നമുക്ക് മനസ്സിലാക്കാനാവും. അതുകൊണ്ടാണ് ഇന്ത്യയിലെ ആളുകൾ പുനർജന്മത്തിൽ വിശ്വസിക്കുന്നത്. പക്ഷെ, അവർക്ക് ശരിയായ രീതിയിൽ പുനർജന്മത്തെ വിവരിക്കാൻ കഴിയുന്നില്ല. അത് ശരിക്കും സംഭവിക്കുന്നു എന്ന് അവർക്ക് തെളിവ് നല്കാൻ കഴിയുന്നില്ല. എന്നാൽ അവരുടെ ജീവിതത്തിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ, അവർക്ക് പുനർജന്മത്തിലുള്ള വിശ്വാസം

ശക്തിപ്പെട്ടിട്ടുണ്ട്.

ഒരു സ്ത്രീ ചിന്തിച്ചേക്കാം, എന്തുകൊണ്ടാണ് അവളുടെ സുഹൃത്ത് വളരെ നല്ല ഒരു അമ്മായിയമ്മയാൽ അനുഗ്രഹീതയായിരിക്കുന്നത്, അതേ സമയം അവൾക്ക് അങ്ങനെ ഒരു അനുഗ്രഹം ലഭ്യമായില്ല. അതുപോലെ എല്ലാ തരത്തിലുള്ള സാഹചര്യങ്ങളും കഴിഞ്ഞ ജന്മത്തിന്റെ അടിസ്ഥാനത്തിൽ അവർക്കു ലഭിക്കുന്നു.

## (2.7) എന്തൊക്കെയാണ് മുന്നോട്ടു പോകുന്നത് ?

**ചോദ്യകർത്താവ്:** ജീവൻ അടുത്ത ശരീരത്തിൽ പ്രവേശിക്കുമ്പോൾ പഞ്ചേന്ദ്രിയങ്ങളും മനസ്സും അതിനോടൊപ്പം പോകുമോ?

**ദാദാശ്രീ:** ഇല്ല. അങ്ങനെയുള്ളത് ഒന്നും എന്തായാലും പോവില്ല. ഇന്ദ്രിയങ്ങൾ അവസാനിച്ച് മരിക്കും, ഇന്ദ്രിയങ്ങൾ മുന്നോട്ടു പോവില്ല. ക്രോധം, അഹങ്കാരം, രാഗം, ആർത്തി എന്നിവ മുന്നോട്ടു പോകും. കാരണ ശരീരമാണ് മുന്നോട്ടു പോകുന്നത്. അത് സൂക്ഷ്മമായ ശരീരമാണ്. അതിൽ കോപവും, അഹങ്കാരവും, രാഗവും ആർത്തിയുമെല്ലാം ഉണ്ടാവും. അന്തിമ മോക്ഷം ലഭിക്കുന്നതുവരെ, എവിടെ ജനിച്ചാലും, അതെല്ലാം ആത്മാവിന്റെ കൂടെ ഉണ്ടായിരിക്കും.

## (2.8) വൈദ്യുതശരീരം

ആത്മാവ് മാത്രമല്ല ശരീരം വിടുന്നത്. മരണസമയത്ത് കർമ്മങ്ങൾ ഉൾക്കൊള്ളുന്ന കാരണശരീരവും, വൈദ്യുതശരീരവും ഒരുമിച്ച് ആത്മാവിനോടൊപ്പം പുറത്തു പോകുന്നു. ലൗകിക ജീവിതം ഉള്ള കാലം മുഴുവൻ എല്ലാ ജീവികളിലും വൈദ്യുത ശരീരം ഉണ്ടായിരിക്കും. കാരണശരീരമുണ്ടാകുമ്പോൾ വൈദ്യുതശരീരവും അതിനോടൊപ്പം എപ്പോഴും ഉണ്ടായിരിക്കും. എല്ലാ ജീവികൾക്കും ഒരു വൈദ്യുതശരീരം ഉണ്ട്. അതാണ് ദഹനം, രക്തപര്യയനം തുടങ്ങിയ സ്വാഭാവിക ശരീര പ്രവർത്തനങ്ങൾ നടത്തുന്നത്.

നിങ്ങളുടെ കാഴ്ചക്കും മറ്റു ശാരീരിക പ്രവർത്തനങ്ങൾക്കുമെല്ലാം കാരണം വൈദ്യുതശരീരം ആണ്. "ആത്മാവിന് കോപമോ അഹങ്കാരമോ രാഗമോ ലോഭമോ" ഒന്നുമില്ല. അതെല്ലാം വൈദ്യുത ശരീരത്തിലൂടെയാണ് നടക്കുന്നത്. അവ കാരണ ശരീരത്തിലൂടെയാണ് മുന്നോട്ടു പോകുന്നത്.

**ചോദ്യകർത്താവ്:** കർമ്മം ചാർജ്ജ ചെയ്യുന്നതിൽ വൈദ്യുതശരീരം സജീവമാണോ?

**ദാദാശ്രീ:** വൈദ്യുതശരീരം ഉണ്ടെങ്കിൽ മാത്രമെ കർമ്മങ്ങൾ ചാർജ്ജ ചെയ്യപ്പെടു. വൈദ്യുതശരീരം ഇല്ലെങ്കിൽ ഒന്നും നടക്കില്ല. ആത്മാവില്ലെങ്കിലും അങ്ങനെ തന്നെയാണ്. ആത്മാവില്ലാതെ വൈദ്യുതശരീരം ഉണ്ടായാലും ഒന്നും നടക്കില്ല. ഇതെല്ലാം കാരണങ്ങളുടെ ഒരു ശേഖരമാണ്.

## (2.9) എപ്പോഴാണ് ഗർഭപാത്രത്തിൽ ജീവൻ പ്രവേശിക്കുന്നത്?

**ചോദ്യകർത്താവ്:** ശ്വാസമെടുക്കുമ്പോൾ മാത്രമാണ് ജീവന് നിലനില്പുള്ളു. അങ്ങനെയാണ് വേദങ്ങളിൽ എഴുതിയിരിക്കുന്നത്.

**ദാദാശ്രീ:** അത് ശരിയല്ല. അത്തരം പ്രസ്താവനകൾ അനുഭവത്തിൽ അടിസ്ഥിതമല്ല. അവ ശരിയല്ല. ആ അറിവ് ലൗകികമായ അറിവാണ്. ജീവനില്ലാതെ ഒരു ഭ്രൂണം വളരുകയില്ല. അതിനു മുമ്പ് അത് ഒരു അണ്ഡം പോലെയാണ്. അത് സുഷുപ്താവസ്ഥയിലാണ്.

**ചോദ്യകർത്താവ്:** കോഴിമുട്ടയിൽ ഒരു ദ്വാരത്തിലൂടെയാണോ ജീവൻ പ്രവേശിക്കുന്നത്?

**ദാദാശ്രീ:** അല്ല. അതൊക്കെ ലൗകിക ചിന്തയാണ്. വേണ്ടത്ര

അറിവില്ലാതെയാണ് അത്തരം കാര്യങ്ങൾ എഴുതപ്പെട്ടിരിക്കുന്നത്. ഒരു ഭ്രൂണം ഉണ്ടാവാൻ ധാരാളം സാഹചര്യങ്ങൾ ഒത്തു വരണം. അതിൽ കാലവും ഉൾപ്പെടും. ഇതെല്ലാം ശാസ്ത്രീയ സാഹചര്യ തെളിവുകളാണ്. (Scientific Circumstantial Evidences).

ഗർഭപാത്രത്തിൽ കഴിയുന്ന ഒമ്പതു മാസങ്ങളിൽ ജീവൻ പരിപൂർണ്ണമാകുന്നു. ഏഴു മാസങ്ങളിൽ അതിന് പൂർത്തീകരണം വന്നിട്ടില്ല എന്നു പറയും. തലച്ചോറും കൈകാലുകളും മറ്റ് അവയവങ്ങളും വേണ്ട രീതിയിൽ വളർച്ച പ്രാപിച്ചിരിക്കില്ല. ഏഴാം മാസത്തിൽ ജനിച്ച കുട്ടി വളർച്ചയെത്താത്തതാണ് എന്നു പറയും. കാരണം അതിന്റെ വളർച്ച പൂർത്തിയായിട്ടില്ല. പതിനെട്ടാമത്തെ മാസത്തിൽ ജനിക്കുന്ന കുട്ടി മറ്റെന്തോ ആണ്! അവർക്ക് അസാധാരണമായ തലച്ചോറുണ്ടാവും. ഒമ്പതു മാസത്തിൽ കൂടുതൽ പോകുന്നവക്ക് കൂടുതൽ മെച്ചപ്പെട്ട തലച്ചോറുണ്ടാവും.

എന്താ പ്രശ്നം? നിങ്ങൾക്കതറിയില്ലേ? എന്താ നിങ്ങളൊന്നും പറയാത്തത്? നിങ്ങൾ കേട്ടിട്ടില്ലേ 'ഈ കുട്ടി പതിനഞ്ചു മാസം പ്രായമുള്ളതാണ് 'എന്നു പറയുന്നത്? അങ്ങനെ പറയുന്നത് നിങ്ങൾ കേട്ടിട്ടില്ലേ? അവർ പറയും 'ഈ കുട്ടി വളരെ മിടുക്കനാണ്. പതിനെട്ടു മാസം അവൻ അമ്മയുടെ ഗർഭത്തിൽ നിന്നും പുറത്തു വന്നില്ല. അവൻ വളരെ പ്രൗഢിയോടെ ഗർഭത്തിലിരുന്നു!' എന്നെല്ലാം.

## (2.10) ജനനത്തിനിടക്കുള്ള സമയം

**ചോദ്യകർത്താവ്:** ഒരു ആത്മാവിന് ഒരു ശരീരം വിട്ട് അടുത്ത ജന്മത്തിലേക്ക് പ്രവേശിക്കാൻ ?എത്ര സമയമെടുക്കും?

**ദാദാശ്രീ:** ഒരു സമയവും വേണ്ട. അത് ശരീരം വിടുമ്പോൾ തന്നെ അടുത്ത ഗർഭപാത്രത്തിൽ സന്നിഹിതമായിരിക്കും. ഈ സംഭവം ബീജവും അണ്ഡവും സംയോജിക്കുന്ന സമയത്തു തന്നെ നടക്കും. ആത്മാവിന് ശരീരം വിടേണ്ട സമയം വരുമ്പോൾ മറുഭാഗത്ത് അതിനെ സ്വീകരിക്കാനുള്ള സാഹചര്യങ്ങളെല്ലാം ഒത്തു

ചേർന്നിരിക്കും. അതുകൊണ്ട് ശരീരം മരിച്ചാലുടനെ ആത്മാവ് അടുത്ത ഭ്രൂണത്തിൽ പ്രവേശിച്ചിരിക്കും. അതുകൊണ്ട് ഇനിയെന്തു സംഭവിക്കും എന്ന് ചിന്തിക്കേണ്ട ആവശ്യമേ ഇല്ല. മരണ ശേഷം അടുത്ത ഗർഭപാത്രം ലഭിക്കും. ആ ഗർഭപാത്രത്തിൽ പോഷണത്തോടൊപ്പം മറ്റ് ആവശ്യമുള്ളവയെല്ലാം അതിന് സജ്ജമായിരിക്കും.

## (2.11) മൂന്ന് യാത്രക്കാർ

മിഥ്യാധാരണകൾ നിറഞ്ഞതാണ് ഈ ലോകം. അത് എപ്പോഴും പുറത്തെ പ്രവർത്തികൾ വീക്ഷിച്ചു കൊണ്ടിരിക്കുന്നു. അകത്തെ ഭാവം അതായത് 'ധ്യാനം' അത് പരിഗണിക്കുന്നില്ല. ആന്തരിക ധ്യാനമാണ് അടുത്ത ജന്മത്തിനുള്ള യഥാർത്ഥ പുരുഷാർത്ഥം. അത് അടുത്ത ജന്മത്തിൽ ഫലം നല്കുന്നു. ആ ധ്യാനം നടക്കുന്ന സമയത്ത് പുറത്തു നിന്നുള്ള ദ്രവ്യത്തിന്റെ അതിസൂക്ഷ്മ കണികകൾ ശരീരത്തിനകത്തേക്ക് ആകർഷിക്കപ്പെടുന്നു. ഏതു തരം ധ്യാനമാണോ നടക്കുന്നത് അതിനനുസരിച്ച് സൂക്ഷ്മമായ രൂപത്തിൽ അവ ശേഖരിക്കപ്പെടുന്നു. അങ്ങനെയാണ് കാരണ ശരീരം ഉണ്ടാകുന്നത്. കഴിഞ്ഞ ജന്മത്തിലെ ബന്ധം മൂലം അത് അനുയോജ്യമായ അമ്മയുടെ ഗർഭപാത്രത്തിൽ പ്രവേശിച്ച് ഫല സ്വരൂപത്തിലുള്ള ശരീരമായി മാറുന്നു. മരണസമയത്ത് ആത്മാവും കാരണശരീരവും സൂക്ഷ്മശരീരവും (വൈദ്യുതശരീരം) എല്ലാം ഒരുമിച്ച് പോകുന്നു. സൂക്ഷ്മശരീരം എല്ലാവർക്കും ഒരു പോലെയാണ്. എന്നാൽ കാരണശരീരം ഓരോ വ്യക്തിക്കും വ്യത്യസ്തമായിരിക്കും. അത് ഈ ശരീരത്തിൽ നിന്നുള്ള കാരണങ്ങളെ ആശ്രയിച്ചിരിക്കും. വൈദ്യുതശരീരമാണ് സൂക്ഷ്മശരീരം.

## (2.12) കാരണത്തിന്റേയും ഫലത്തിന്റേയും ശൃംഖല

മരണത്തിനു ശേഷം ജനനവും ജനനത്തിനു ശേഷം മരണവുമുണ്ട്. എന്തുകൊണ്ടാണ് ഈ ചക്രം നിരന്തരം തുടർന്നുകൊണ്ടിരിക്കുന്നത്? അത് 'കാരണവും ഫലവും, ഫലവും കാരണവും' തുടരുന്നതുകൊണ്ടാണ്. കാരണത്തെ നശിപ്പിച്ചാൽ

ഫലവും അവസാനിക്കും. പുതിയ ഒരു ജന്മമുണ്ടാവില്ല.

ഒരാൾ തന്റെ ജീവിതം മുഴുവനും കാരണങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ കാരണങ്ങൾക്കെല്ലാം എന്ത് സംഭവിക്കും? ഒരിക്കൽ കാരണം സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞാൽ അതിന്റെ അനന്തരഫലമായ ഫലത്തിൽ നിന്നും രക്ഷപ്പെടാനാവില്ല.

ഓരോ പ്രവർത്തിയിലും കാരണം സൃഷ്ടിക്കപ്പെടുന്നു. ആരെങ്കിലും നിങ്ങളെ 'നീ ഒരു മണ്ടനാണ് 'എന്നു പറഞ്ഞു കളിയാക്കിയാൽ അതൊരു ഫലം മാത്രമാണ്. കർമ്മ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് അയാൾ നിങ്ങളോട് അങ്ങനെ പറയുന്നത്. അത് നിങ്ങളുടെ പഴയ ജന്മത്തിൽ നിന്നുമുള്ള കണക്കാണ്. ആ പരിഹാസ സമയത്ത്, നിങ്ങളുടെ അകത്തുണ്ടാകുന്ന നെഗറ്റീവ് പ്രതികരണം, 'നിന്റെ അച്ഛനാണ് മണ്ടൻ' എന്നതായിരിക്കും. അതാണ് അടുത്ത ജന്മത്തിലേക്കുള്ള നിങ്ങളുടെ കാരണം. അത് വാക്കുകളായി പോലും പുറത്തു വന്നു എന്നു വരാം. അത് കഴിഞ്ഞ ജന്മത്തിൽ നിന്നുള്ള ഫലമാണ്. ഒരു സംഭവത്തോട് അനുബന്ധിച് ഉണ്ടാകുന്ന ആന്തരികമായ തീവ്രമായ ഭാവമാണ് കാരണം. ബാക്കിയെല്ലാം ഫലമാണ്.

നിങ്ങൾ കൈകാര്യം ചെയ്യുന്നതെല്ലാം കർമ്മ നിയമങ്ങളിൽ അടിസ്ഥിതമാണ്. നിങ്ങളുടെ പ്രതികരണം നിയമത്തെ ലംഘിക്കുന്നു

നിങ്ങൾക്കിത് മനസ്സിലായോ? എന്താണ് നിങ്ങളൊന്നും പറയാത്തത്?

**ചോദ്യകർത്താവ്:** ഉവ്വ് മനസ്സിലായി.

**ദാദാശ്രീ:** അതായത് കാരണങ്ങൾ ഈ ജന്മത്തിൽ സൃഷ്ടിക്കപ്പെടുന്നു. കാരണത്തിന്റെ ഫലങ്ങൾ അടുത്ത ജന്മത്തിൽ സഹിക്കേണ്ടി വരും.

ജനങ്ങൾ ഫലത്തെ കാരണമായി തെറ്റിദ്ധരിക്കുന്നു. ഫലത്തെ മാറ്റാനായി ശ്രമിക്കുകയും ചെയ്യുന്നു. കോപം വരുമ്പോൾ 'ഞാൻ കോപിച്ചു ' എന്നവർ വിശ്വസിക്കുന്നു. അതൊരു മിഥ്യാ ധാരണയാണ്. ഈ മിഥ്യാധാരണ നിലനില്ക്കുന്നേടത്തോളം കോപവും നിലനില്ക്കും. വാസ്തവത്തിൽ അവിടെ കോപമില്ല. അത് ഒരു ഫലം മാത്രമാണ്. കാരണം അവസാനിച്ചാൽ, ഫലം മാത്രമെയുള്ളൂ. ആ ഫലങ്ങൾക്ക് ആരും ഉത്തരവാദിയല്ല. ഈ ഫലങ്ങൾ അവയുടെ സ്വഭാവം പ്രകടമാക്കാതെ പോവില്ല.

## (2.13) കാരണങ്ങൾ അവസാനിപ്പിക്കാനാവുമോ?

**ചോദ്യകർത്താവ്:** ശരീരവും ആത്മാവുമായി ഒരു ബന്ധമുണ്ട്. ഇല്ലേ ?

**ദാദാശ്രീ:** ഈ ശരീരം ആത്മാവിനെ കുറിച്ചുള്ള അജ്ഞതയുടെ ഫലമാണ്. സൃഷ്ടിക്കപ്പെട്ട കാരണങ്ങളുടെയെല്ലാം ഫലമാണ് അത്. ആരെങ്കിലും നിങ്ങൾക്ക് വലിയ ബഹുമാനം നല്കിയാൽ നിങ്ങൾ വളരെയധികം സന്തോഷിക്കും. അതുപോലെ ആരെങ്കിലും നിങ്ങളെ അപമാനിച്ചാൽ നിങ്ങൾ കോപിക്കും. പുറത്തേക്കു കാണിക്കുന്ന നിങ്ങളുടെ കോപത്തിന്റേയോ സന്തോഷത്തിന്റേയോ പ്രകടനം പ്രധാനമല്ല. നിങ്ങളുടെ ആന്തരിക ഭാവമാണ് പുതിയ കർമ്മം ചാർജ്ജു ചെയ്യുന്നതിന് കാരണമാകുന്നത്. അത് അടുത്ത ജന്മത്തിൽ ഡിസ്ചാർജ്ജു ചെയ്യുകയും ചെയ്യും. ആ സമയത്ത് ഡിസ്ചാർജ് ഫലരൂപത്തിലുള്ളതായിരിക്കും. നിങ്ങളുടെ മനസ്സും വാക്കും ശരീരവുമെല്ലാം ഫലരൂപത്തിൽ ഉള്ളതാണ്. ഫലം ഡിസ്ചാർജ് ചെയ്യുന്ന സമയത്ത് ഉണ്ടാകുന്ന സന്തോഷമോ വേദനയോ പുതിയ കാരണങ്ങൾക്ക് ഇടയാക്കുന്നു. അത് അടുത്ത ജന്മത്തിൽ ഫല രൂപത്തിൽ ആവുകയും ചെയ്യുന്നു. ഈ രീതിയിൽ കാരണങ്ങളുടെയും ഫലങ്ങളുടെയും, ഫലങ്ങളുടെയും കാരണങ്ങളുടെയും ചക്രം നിരന്തരം തുടരുന്നു.

മനുഷ്യ ജീവിതത്തിൽ മാത്രമെ പുതിയ കർമ്മങ്ങൾക്കുള്ള

കാരണങ്ങൾ ഇല്ലാതാക്കാനാവൂ. മറ്റെല്ലാ ജീവ രൂപങ്ങളിലും ഫലം മാത്രമെ ഉള്ളൂ. മനുഷ്യരിൽ, കാരണവും ഫലവും, രണ്ടുമുണ്ട്. ഞാൻ നിങ്ങൾക്ക് നിങ്ങളുടെ യഥാർത്ഥ ആത്മാവിനെ കുറിച്ചുള്ള അറിവ്, ജ്ഞാനം, നല്കുമ്പോൾ പുതിയ കാരണങ്ങൾ ഇല്ലാതാകും. അപ്പോൾ പുതിയ ഫലങ്ങൾ ഉണ്ടാവുകയില്ല.

## (2.14) അതുവരെ അലച്ചിൽ തുടരുന്നു.....

ഫല സ്വരൂപത്തിലുള്ള ശരീരം മനസ്സ്, വാക്ക്, ശരീരം എന്നിങ്ങനെയുള്ള മൂന്ന് ചാർജ്ജ് ചെയ്യപ്പെട്ട ബാറ്ററികൾ ആണ്. അവ പുതിയ കാരണങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ ജീവിതത്തിൽ ഈ ബാറ്ററികൾ നിരന്തരം ഡിസ്ചാർജ് ചെയ്യപ്പെടുകയും ഒപ്പം പുതിയ ബാറ്ററികൾ ചാർജ്ജ് ചെയ്യപ്പെടുകയും ചെയ്യുന്നു. 'ജ്ഞാനീപുരുഷൻ' ചാർജിങ്ങ് നിർത്തുന്നു. പഴയത് മാത്രം ഡിസ്ചാർജ് ചെയ്തുകൊണ്ടിരിക്കും.

മരണത്തിനു ശേഷം ആത്മാവ് മറ്റൊരു ഗർഭപാത്രത്തിലേക്ക് പ്രവേശിക്കും. ആത്മജ്ഞാനം നേടുന്നതു വരെ അത് ഗർഭപാത്രങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കും. ഒരാൾ ബുദ്ധിയോടും മനസ്സിനോടും ഒന്നു ചേർന്നിരിക്കും. അത് പുതിയ കാരണങ്ങൾ സൃഷ്ടിക്കാൻ ഇടയാക്കും. അങ്ങനെ പുതിയ ജന്മങ്ങൾ വീണ്ടും വീണ്ടും തുടരും. മനസ്സും ബുദ്ധിയുമായി ഒന്നായിച്ചേരുന്നത് ഗർഭപാത്രത്തിൽ പുതിയ വിത്തു നടലാണ്. ഭഗവാൻ കൃഷ്ണൻ പറഞ്ഞിട്ടുണ്ട് ഗർഭപാത്രത്തിൽ വിത്തുകൾ വീഴുന്നതുകൊണ്ട് ലൗകികജീവിതം തുടരുന്നുവെന്ന്. വിത്തു വിതക്കുന്നതു നിന്നാൽ ലൗകികജീവിതവും അവസാനിക്കും.

## (2.15) പരിണാമ ശാസ്ത്രം

**ചോദ്യകർത്താവ്:** ഡാർവിന്റെ പരിണാമ സിദ്ധാന്തമനുസരിച്ച് ജീവൻ ഏകേന്ദ്രിയ ജീവിയിൽ നിന്നും പരിണമിച്ച് അവസാനം മനുഷ്യനിൽ എത്തിച്ചേരുന്നു. അതേ സമയം മനുഷ്യൻ ജന്തു

രൂപത്തിലേക്കു പോകുമെന്ന വിശ്വാസവുമുണ്ട്. ഇതിലെ പരസ്പര വൈരുദ്ധ്യം തീർത്തുതരാമോ ?

**ദാദാശ്രീ:** ഇല്ല. അതിൽ പരസ്പരവൈരുദ്ധ്യം ഒന്നും തന്നെ ഇല്ല. പരിണാമ സിദ്ധാന്തം ശരിയാണ്. പക്ഷെ അത് മനുഷ്യനിലെത്തുന്നതുവരെ മാത്രമാണ് ശരി. അതിനപ്പുറം എന്തു സംഭവിക്കും എന്നതിനെക്കുറിച്ച് ഒരറിവുമില്ല.

**ചോദ്യകർത്താവ്:** മനുഷ്യ രൂപത്തിലുള്ള ഒരു വ്യക്തിക്ക് മൃഗ രൂപത്തിലേക്ക് തിരിച്ചു പോകാൻ കഴിയുമെന്ന് പറയുന്നത് ശരിയാണോ?

**ദാദാശ്രീ:** ആദ്യം, ഡാർവിന്റെ സിദ്ധാന്തം പോലെ, ജീവൻ മനുഷ്യരൂപം വരെ വികസിക്കുന്നു.

അവിടെ നിന്ന്, ഇതാണ് എന്റെ വിശദീകരണം. മനുഷ്യരൂപത്തിൽ എത്തിയതിനുശേഷം, അഹങ്കാരത്തിന്റെ സാന്നിദ്ധ്യം കൊണ്ട്, അയാൾ കർതൃത്വം ഏറ്റെടുക്കുന്നു. അവൻ കർമ്മങ്ങളുടെ കർതൃത്വം ഏറ്റെടുക്കുന്നതുകൊണ്ട് അത് കാരണങ്ങൾ സൃഷ്ടിക്കാൻ ഇടയാക്കുന്നു. അതുകൊണ്ട് അതിന്റെ ഫലങ്ങൾ സഹിക്കേണ്ടി വരുന്നു. അയാൾ കടം (പാപം) ഉണ്ടാക്കിയാൽ മൃഗരൂപത്തിൽ പുനർജനിക്കും. ലാഭം (പുണ്യം) ഉണ്ടാക്കിയാൽ ദേവ ലോകത്തോ മനുഷ്യരൂപത്തിൽ തന്നെയോ ജന്മമെടുക്കും. അപ്പോൾ അയാൾക്ക് ലൗകിക സുഖങ്ങളും സുഖലോലുപതയും അനുഭവിക്കാം. അതുകൊണ്ട് മനുഷ്യ രൂപത്തിൽ എത്തിക്കഴിഞ്ഞാൽ, എല്ലാം ഈ നഷ്ട - ലാഭങ്ങളുടെ അടിസ്ഥാനത്തിലാണ്.

## (2.16) പിന്നെ ഗർഭപാത്രങ്ങളില്ല

**ചോദ്യകർത്താവ്:** എൺപത്തിനാലു ലക്ഷം (8.4 million) ഗർഭപാത്രങ്ങളിലൂടെ സഞ്ചരിച്ചാണ് മനുഷ്യരൂപത്തിലേക്ക് കടക്കുന്നത് എന്നു പറഞ്ഞിട്ടില്ലേ? അപ്പോൾ വീണ്ടും അവന്

അത്രയും തന്നെ വീണ്ടും സഞ്ചരിക്കേണ്ടി വരില്ലേ മനുഷ്യരൂപത്തിലേക്ക് തിരിച്ചു വരാൻ?

**ദാദാശ്രീ:** വേണ്ട. അങ്ങനെയല്ല. ഒരിക്കൽ മനുഷ്യ രൂപത്തിൽ എത്തിക്കഴിഞ്ഞാൽ പിന്നീട് അയാൾക്ക് വീണ്ടു എൺപത്തിനാലു ലക്ഷം ജന്മങ്ങളിലൂടെ കടന്നു പോകേണ്ടി വരില്ല. ഒരാൾക്ക് മൃഗസ്വഭാവമുണ്ടെങ്കിൽ അയാൾ മൃഗരൂപത്തിൽ ജനിക്കും. പിന്നീട് കൂടിയത് എട്ടു ജന്മങ്ങളേ അയാൾക്ക് മനുഷ്യ രൂപത്തിൽ തിരിച്ചെത്താൻ ആവശ്യമായി വരൂ. അതും നൂറോ ഇരുന്നൂറോ വർഷങ്ങൾ മാത്രമെ എടുക്കുകയുള്ളൂ. അതിനു ശേഷം അയാൾ മനുഷ്യനായി തിരിച്ചു വരുന്നു. ഒരിക്കൽ മനുഷ്യ രൂപത്തിലെത്തിക്കഴിഞ്ഞാൽ വീണ്ടും അയാൾക്ക് എൺപത്തിനാലു ലക്ഷം ജന്മങ്ങളിലൂടെ അലയേണ്ടി വരില്ല.

**ചോദ്യകർത്താവ്:** ഒരേ ആത്മാവു തന്നെയാണോ എൺപത്തിനാലു ലക്ഷം വട്ടം അലയുന്നത്?

**ദാദാശ്രീ:** അതെ. ഒരേ ആത്മാവു തന്നെ.

**ചോദ്യകർത്താവ്:** പക്ഷെ, ആത്മാവ് പരിശുദ്ധമല്ലേ?

**ദാദാശ്രീ:** ആത്മാവ് ഇപ്പോഴും പരിശുദ്ധമാണ്. എൺപത്തിനാലു ലക്ഷം ജന്മങ്ങളിലൂടെ അലയുമ്പോഴും അതു പരിശുദ്ധം തന്നെ ആയിരുന്നു. അത് പരിശുദ്ധമായിരുന്നു, പരിശുദ്ധമാണ്, എപ്പോഴും പരിശുദ്ധമായിരിക്കുകയും ചെയ്യും.

## (2.17) അടുത്ത ജന്മം അവസാന മണിക്കൂറിലെ ആഗ്രഹങ്ങൾ പോലെ

**ചോദ്യകർത്താവ്:** മരണസമയത്ത് ഒരാളുടെ ആഗ്രഹത്തിന്റേയും ഇഷ്ടങ്ങളുടേയും അടിസ്ഥാനത്തിലാണോ അടുത്ത ജന്മം?

**ദാദാശ്രീ:** അതെ. പക്ഷെ, അയാൾ ഇന്ന ഇന്ന ആഗ്രഹങ്ങളോടെ മരിച്ചു എന്ന് ആളുകൾ പറയുന്നതുപോലെ, അത്തരം അവസാന നിമിഷ ആഗ്രഹങ്ങളൊന്നും സൃഷ്ടിക്കപ്പെടില്ല. ബാലൻസ് ഷീറ്റിന്റെ അടിസ്ഥാനത്തിലാണ് അവ സൃഷ്ടിക്കപ്പെടുന്നത്. മരണത്തിനു മുമ്പുള്ള അവസാന മണിക്കൂറിൽ മുഴുവൻ ജീവിതത്തിന്റേയും ബാലൻസ് ഷീറ്റാണ് അയാൾക്കു മുമ്പിൽ വരുന്നത്. ഈ ബാലൻസ് ഷീറ്റാണ് അയാളുടെ അടുത്ത ജന്മം നിർണ്ണയിക്കുന്നത്.

## (2.18) ഒരു മനുഷ്യനിൽ നിന്നും ഒരു മനുഷ്യനോ?

**ചോദ്യകർത്താവ്:** മനുഷ്യൻ മറ്റൊരു മനുഷ്യരൂപമായി മാത്രമെ മാറുകയുള്ളൂ?

**ദാദാശ്രീ:** അല്ല. നിങ്ങൾക്ക് തെറ്റിയിരിക്കുന്നു. എന്നാൽ ഒരു മനുഷ്യസ്ത്രീയുടെ ഗർഭപാത്രത്തിൽ നിന്ന് ഒരു മനുഷ്യൻ മാത്രമെ ജനിക്കുകയുള്ളൂ. അവിടന്ന് ഒരു കഴുതയുടെ രൂപം ജനിക്കുകയില്ല. മരിക്കുമ്പോൾ താൻ മനുഷ്യനായിത്തന്നെ പുനർജനിക്കുമെന്ന് ഒരാൾ വിചാരിച്ചാൽ, അതു തെറ്റാണ്. വിഡ്ഢി! അയാളുടെ ചിന്തകൾ ഒരു കഴുതക്കു മാത്രം യോഗ്യമായതാണെങ്കിൽ പിന്നെ എങ്ങനെ അയാൾ മനുഷ്യനായി പുനർജനിക്കും? മറ്റുള്ളവരിൽ നിന്നും തട്ടിയെടുക്കാനും മറ്റുള്ളവരുടെ വസ്തുക്കൾ കൈവശപ്പെടുത്താനുമുള്ള ചിന്തകൾ അയാളിൽ നില നിന്നാൽ അയാൾ താഴ്ന്ന ജന്മങ്ങളിലേക്ക് പോകും.

**ചോദ്യകർത്താവ്:** ഒരിക്കൽ മനുഷ്യനായി ജനിച്ചാൽ, വീണ്ടും അയാൾ മനുഷ്യനിലേക്കു തന്നെ വരുന്നതിന് എന്തെങ്കിലും ക്രമമുണ്ടോ? അതോ അയാൾ മറ്റെവിടേക്കെങ്കിലും പോകുമോ?

**ദാദാശ്രീ:** ഒരിക്കൽ ഹിന്ദുസ്ഥാനിൽ മനുഷ്യനായി ജനിച്ചാൽ അയാൾ നാല് രൂപങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്കും. മനുഷ്യൻ, ദേവൻ, മൃഗം, നരകം എന്നിവയാണ് അവ. വിദേശികളെ ഈ നിയമം ബാധിക്കുകയില്ല. അവർ പുനർജന്മത്തിൽ

വിശ്വസിക്കുന്നില്ല. അതുകൊണ്ട് ഇത് അവരെ ബാധിക്കുകയില്ല. രണ്ടു മുതൽ അഞ്ചു ശതമാനം വരെ വിദേശികളൊഴിച്ച് ബാക്കി എല്ലാവരും ഉയർന്ന ജന്മങ്ങളിലേക്കു മാത്രമെ പോവുകയുള്ളു.

**ചോദ്യകർത്താവ്:** വിധാതാവ് എന്ന് ആളുകൾ പറയുന്നത് ആരെയാണ്?

**ദാദശ്രീ:** പ്രകൃതിയെയാണ് അവർ വിധാതാവ് എന്നു പറയുന്നത്. വിധാതാവ് എന്ന പേരിൽ ഒരു ദേവൻ ഇല്ല. ശാസ്ത്രീയ സാഹചര്യത്തെളിവുകൾ (Scientific Circumstantial Evidences) ആണ് വിധാതാവ്. കുട്ടി ജനിച്ച് ആറാം ദിവസം, വിധാതാവു വന്ന് പുതുതായി ജനിച്ച ശിശുവിന്റെ ഭാവി എഴുതുന്നു എന്ന് ആളുകൾ വിശ്വസിക്കുന്നു. ഇത് അവരുടെ സങ്കല്പത്തിൽ മാത്രമാണ് ശരി. വാസ്തവത്തിൽ അത് ശരിയല്ല.

പ്രകൃതിയുടെ നിയമം അനുസരിച്ച് നിങ്ങൾ, നിങ്ങൾക്ക് അവകാശം ഇല്ലാത്ത മറ്റുള്ളവരുടെ വസ്തുക്കൾ തട്ടിയെടുക്കുകയാണെങ്കിൽ, നിങ്ങൾക്ക് മൃഗ ജന്മത്തിലേക്ക് പോകേണ്ടിവരും. അതും ഒരു സ്ഥിരമായ അവസ്ഥയല്ല. കൂടിയത് അത് ഒരു ഇരുന്നൂറ് വർഷത്തേക്ക് മാത്രമായിരിക്കും. അല്ലെങ്കിൽ ഏഴോ എട്ടോ ജന്മങ്ങൾ. വീണ്ടും നിങ്ങൾ മനുഷ്യനായി ജനിക്കും. ചിലപ്പോൾ അത് വെറും അഞ്ചു മിനിറ്റ് നേരത്തേക്കാവാം. ഒരു മിനിറ്റു കൊണ്ട് പതിനേഴ് ജീവരൂപങ്ങളിലൂടെ മാറുന്ന ജീവികളുണ്ട്. അതുകൊണ്ട് എല്ലാവരും ഇരുന്നൂറ് വർഷം ജന്തുരൂപത്തിൽ ജീവിക്കേണ്ടി വരില്ല.

## (2.19) ഒരാൾ എവിടന്ന് വന്നു എന്നു പറയാൻ കഴിയും

**ചോദ്യകർത്താവ്:** ഒരാൾ ജന്തുലോകത്തിൽ ചെന്നു പിറക്കും എന്നതിന് ഞങ്ങൾക്ക് വിശ്വസനീയമായ ശാസ്ത്രീയമായ ഒരു തെളിവ് തരൂ.

**ദാദാശ്രീ:** സംസാരിക്കുന്നത് നായ കുരക്കുന്നതുപോലെ തോന്നുന്ന ആളുകളെ നിങ്ങൾ കണ്ടു മുട്ടിയിട്ടില്ലേ? ആളുകൾ പറയും അയാൾ എപ്പോഴും കുരയ്ക്കുകയാണ് എന്ന്. കഴിഞ്ഞ ജന്മത്തിൽ അയാൾ കൊണ്ടു വന്നിട്ടുള്ളതാണ് ആ ഗുണം. ചിലർ കുരങ്ങന്മാരെ പോലെ പെരുമാറും. അവർ കുരങ്ങിൽ നിന്നും വന്നിട്ടുള്ളവരാണ്. ചിലർ ചാടി വീഴാൻ തയ്യാറായി, പൂച്ചയെപ്പോലെ, അവസരം നോക്കി ഇരിക്കും. ഒരാൾ എവിടെ നിന്ന് വന്നു എന്നോ, എവിടേക്ക് പോകും എന്നോ അയാളുടെ ഗുണം നോക്കി പറയാൻ കഴിയും. എങ്കിലും ഇത് സ്ഥിരമായ ഒരു കാര്യമല്ല.

കലിയുഗ കാലഘട്ടത്തിലെ ഇന്നത്തെ മനുഷ്യർക്ക് എങ്ങനെ പാപം ചെയ്യണമെന്നു പോലും അറിയില്ല. എന്നിട്ടും അവർ പാപം മാത്രം ചെയ്യുന്നു. അപ്പോൾ അവരുടെ പ്രവർത്തികളുടെ ഫലം എന്തായിരിക്കും? കൂടിയത് അവർ അമ്പതോ നൂറോ വർഷം മൃഗജന്മങ്ങളിൽ കഴിയും. മനുഷ്യരായി തിരിച്ചുവരുന്നതിനു മുമ്പ് അവർക്ക് ആയിരം വർഷങ്ങൾ അവിടെ കഴിയേണ്ടി വരില്ല. ചിലർ വെറും അഞ്ചു വർഷങ്ങൾ അവിടെ കഴിച്ച് തിരിച്ചു വരുന്നു. അതുകൊണ്ടു അവരുടെ തെറ്റുകൾ വലിയ കുറ്റങ്ങളായി കാണരുത്. കാരണം അവർ അവരുടെ മൃഗജന്മത്തിൽ നിന്നും ഇപ്പോൾ തിരിച്ചെത്തിയിട്ടേ ഉള്ളൂ. കാരണം അവരുടെ തെറ്റുകൾ അത്ര ഗൗരവമേറിയതല്ല.

## (2.20) വളർച്ചയുടേയും നാശത്തിന്റേയും നിയമം

**ചോദ്യകർത്താവ്:** ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ അർത്ഥം ജന്തുക്കളുടെ എണ്ണം കുറഞ്ഞിരിക്കുന്നു എന്നല്ലേ?

**ദാദാശ്രീ:** അതെ. അതു ശരിയാണ്. ആത്മാക്കളുടെ എണ്ണം സ്ഥിരമായിരിക്കും. പക്ഷെ അവ മാറിക്കൊണ്ടിരിക്കും. മനുഷ്യരുടെ എണ്ണം കൂടുമ്പോൾ മൃഗങ്ങളുടെ എണ്ണം കുറയും. അതുപോലെ മറിച്ചും സംഭവിക്കും. ഈ മാറ്റം തുടർന്നുകൊണ്ടിരിക്കും.

## (2.21)എന്തുകൊണ്ടാണ് കുട്ടികൾ കഷ്ടപ്പെടുന്നത്?

**ചോദ്യകർത്താവ്:** എന്തുകൊണ്ടാണ് നിഷ്കളങ്കരായ കുട്ടികൾ ശാരീരിക രോഗങ്ങൾ മൂലം കഷ്ടപ്പെടേണ്ടി വരുന്നത്?

**ദാദാശ്രീ:** കുട്ടി അതിന്റെ കർമ്മഫലമായിട്ടാണ് കഷ്ടപ്പെടുന്നത്. അത് കണ്ട് അമ്മയും വേദനിക്കുന്നു. പ്രധാന കർമ്മം കുട്ടിയുടേതാണ്. ആ കർമ്മത്തിന് അമ്മ സഹായകമായി എന്നതുകൊണ്ടാണ് അമ്മക്ക് ദുഃഖം അനുഭവിക്കേണ്ടി വരുന്നത്. ഒരു പ്രവർത്തി ചെയ്യുമ്പോഴും, ചെയ്യാൻ പ്രേരിപ്പിക്കുമ്പോഴും, ചെയ്യാൻ സഹായിക്കുമ്പോഴും കർമ്മം ബന്ധിക്കപ്പെടും.

## (2.22) മനുഷ്യജീവിതത്തിന്റെ പ്രാധാന്യം

മറ്റ് ജീവരൂപങ്ങളിലൂടെയെല്ലാം അലഞ്ഞതിനു ശേഷമാണ് ഒരാൾ മനുഷ്യരൂപത്തിലേക്ക് തിരിച്ചു വരുന്നത്. ഈ അലച്ചിലിന്റെ ശൃംഖലയിൽ നിന്നും മോചനം നേടുന്നതും മനുഷ്യനിലൂടെയാണ്. തന്റെ മനുഷ്യജന്മം എങ്ങനെ നിറവേറ്റാം എന്ന് ഒരാൾ അറിഞ്ഞാൽ അയാൾക്ക് മോക്ഷം നേടാം. ഇല്ലെങ്കിൽ മറ്റ് രൂപങ്ങളിൽ അനന്തമായ അലച്ചിലിന് അത് കാരണമാകും. മറ്റ് ജീവ രൂപങ്ങളിലെല്ലാം കർമ്മങ്ങൾ ചെയ്തു തീർക്കപ്പെടുക മാത്രമെ വേണ്ടി വരുന്നുള്ളൂ. എന്നാൽ മനുഷ്യനിൽ കർമ്മങ്ങൾ തീർക്ക പെടുന്നതിനോട് ഒപ്പം പുതിയ കർമ്മങ്ങൾ ബന്ധിക്കപ്പെടുകയും ചെയ്യുന്നു.

വളരെ കഷ്ടപ്പാടിനു ശേഷമാണ് മനുഷ്യശരീരം ലഭിക്കുന്നത്. അതുകൊണ്ട് അത് സ്വന്തം ജോലി പൂർത്തിയാക്കാൻ ഉപയോഗപ്പെടുത്തൂ. ഈ മനുഷ്യശരീരം ലഭിക്കുന്നതിന് ആത്മാവ് അനന്തമായ ജന്മങ്ങൾ ചെലവഴിച്ചിട്ടുണ്ട്. ഈ ശരീരം ആത്മാവിനു വേണ്ടി ഒരു ജന്മം ചെലവഴിക്കുകയാണെങ്കിൽ മാത്രം, ഈ ഒരൊറ്റ ജന്മം കൊണ്ട് നിങ്ങൾക്ക് നിങ്ങളുടെ ജോലി തീർക്കാം.

ഒരു മനുഷ്യന് ജ്ഞാനിയെ കണ്ടെത്താനായാൽ അയാൾക്ക് മോക്ഷം നേടാം. ദേവലോകത്തുള്ളവർ പോലും മനുഷ്യജന്മം ലഭിക്കാൻ അതിയായി മോഹിക്കുന്നു. ഒരു ജ്ഞാനീ പുരുഷനുമായി ബന്ധം സ്ഥാപിക്കുന്നതിലൂടെ, അനേക ജന്മങ്ങളായി നമ്മുടെ ശത്രുവായിരുന്ന ശരീരം നമ്മുടെ പൂർണ്ണ സുഹൃത്തായി മാറുന്നു. ഈ ശരീരത്തിലൂടെയാണ് നിങ്ങൾ ജ്ഞാനിയെ കണ്ടു മുട്ടിയത്. അതുകൊണ്ട് നിങ്ങളുടെ ജോലി പൂർത്തിയാക്കു.

## (2.23) അനശ്വരമായതിന് എങ്ങനെയാണ് ജനനമരണ ചക്രം?

**ചോദ്യകർത്താവ്:** പക്ഷെ ആർക്കാണ് ജനനമരണ ചക്രങ്ങളിലൂടെ കടന്നു പോകേണ്ടി വരുന്നത്?

**ദാദാശ്രീ:** ജനനമരണ ചക്രം അഹത്തിനാണ്. ആത്മാവ് അതിന്റെ അവസ്ഥയിൽ തന്നെയാണ്. 'അഹം' അവസാനിച്ചാൽ ഈ ചക്രവും അവസാനിച്ചു.

## (2.24) അതിനുശേഷം മരണത്തെക്കുറിച്ചു പോലും ഭയമില്ല

**ചോദ്യകർത്താവ്:** ജ്ഞാനം ലഭിച്ചാൽ ഒരാൾ പരമാനന്ദം അനുഭവിക്കുന്നുണ്ട്. അത് ഈ ജന്മത്തിൽ മാത്രമെ നിലനില്ക്കു? അതോ അടുത്ത ജന്മങ്ങളിലും തുടരുമോ?

**ദാദാശ്രീ:** അത് സ്ഥിരമാണ്. ജ്ഞാനത്തിനു ശേഷം കർതൃത്വം ഇല്ലാത്തവനായി തീരുന്നു. അതിന്റെ ഫലമായി പുതിയ കർമ്മങ്ങൾ ബന്ധിക്കപ്പെടാതാവും. ഒന്നോ രണ്ടോ ജന്മങ്ങൾ കൊണ്ട് അയാൾ മോക്ഷം നേടും. ഇക്കാര്യത്തിൽ മറ്റൊരു തെരഞ്ഞെടുപ്പിന് അവസരമില്ല. മോക്ഷം ആഗ്രഹിക്കാത്തവർക്കല്ല ഈ മാർഗ്ഗം. മോക്ഷത്തിന് ആഗ്രഹം ഇല്ലാത്തവർ ഈ മാർഗ്ഗം സ്വീകരിക്കേണ്ടതില്ല.

**ചോദ്യകർത്താവ്:** അടുത്ത ജന്മത്തിൽ ഞങ്ങൾ ഈ ജ്ഞാനം ഓർമ്മിക്കുമോ?

**ദാദാശ്രീ:** എല്ലാം ഇതു പോലെ തന്നെ ഉണ്ടാവും. ഒരു മാറ്റവും ഉണ്ടാവില്ല. നിങ്ങൾ കർമ്മം ബന്ധിക്കുന്നത് നിർത്തിയതു കൊണ്ട്, പിന്നെ ഒരു തിരിച്ച് അറിവില്ലായ്മക്ക് ഇടം ഉണ്ടാവുകയില്ല.

**ചോദ്യകർത്താവ്:** കഴിഞ്ഞ ജന്മങ്ങളിൽ ഞങ്ങൾ കർമ്മം ബന്ധിച്ചു കൊണ്ടിരുന്നു. അതുകൊണ്ടാണ് ഈ തിരിച്ചറിവില്ലായ്മ തുടർന്നുകൊണ്ടിരുന്നത് എന്നാണോ അതിനർത്ഥം?

**ദാദാശ്രീ:** കഴിഞ്ഞ ജന്മങ്ങളിൽ ആത്മാവിനെ കുറിച്ചുള്ള അജ്ഞത കൊണ്ട് നിങ്ങൾ കർമ്മങ്ങൾ ബന്ധിച്ചുകൊണ്ടിരുന്നു. ആ കർമ്മങ്ങളുടെ ഫലങ്ങളാണ് നിങ്ങൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഫലങ്ങൾ അനുഭവിച്ചേ മതിയാവൂ. ഒരാൾ ജ്ഞാനിയെ കണ്ടു മുട്ടിയില്ലെങ്കിൽ, അയാൾ പുതിയ കർമ്മങ്ങൾ ബന്ധിച്ചുകൊണ്ടേയിരിക്കും. അതിനോടൊപ്പം കഴിഞ്ഞ ജന്മങ്ങളുടെ കർമ്മഫലങ്ങൾ അനുഭവിക്കേണ്ടിയും വരും. ഈ ജന്മത്തിലെ കാരണങ്ങൾ അടുത്ത ജന്മത്തിൽ ഫലങ്ങളായി വരും. അങ്ങനെ ജ്ഞാനീ പുരുഷനെ കണ്ടെത്തുന്നതുവരെ കാരണങ്ങളും ഫലങ്ങളും, ഫലങ്ങളും കാരണങ്ങളും ആയുള്ള ശൃംഖല തുടർന്നു കൊണ്ടിരിക്കും. ജ്ഞാനീ പുരുഷൻ കാരണങ്ങളുടെ സൃഷ്ടി അവസാനിപ്പിക്കും. പിന്നെ ഫലങ്ങൾ മാത്രമെ ബാക്കിയുണ്ടാവൂ. അത് സഹിക്കേണ്ടി വരും. പുതിയ കർമ്മങ്ങൾ ബന്ധിക്കപെടുകയില്ല.

അതുകൊണ്ട് നിങ്ങൾ ജ്ഞാനം ഓർമ്മിക്കും എന്നു മാത്രമല്ല, നിങ്ങൾ ജ്ഞാനത്തിന്റെ മൂർത്തരൂപം ആവുകയും ചെയ്യും. പിന്നെ നിങ്ങൾ ഒന്നിനേയും ഭയപ്പെടുകയില്ല.

## (2.25) മരണസമയത്ത് ബോധം ഒരാൾ ജീവിച്ചിരിക്കുന്നതുവരെ!

**ചോദ്യകർത്താവ്:** ദാദാ, ഈ ജ്ഞാനം ലഭിക്കുന്നതിനു മുമ്പ്, ഈ ജീവിതത്തിൽ ബന്ധിപ്പിച്ചിട്ടുള്ള കർമ്മങ്ങളെല്ലാം എങ്ങനെ നശിപ്പിക്കും?

**ദാദാശ്രീ:** നിങ്ങൾ ജീവിച്ചിരിക്കുന്ന സമയത്ത് അതെല്ലാം പശ്ചാത്താപത്തിലൂടെയും പ്രതിക്രമണത്തിലൂടേയും നശിപ്പിക്കണം. അവയെല്ലാം നശിപ്പിക്കാൻ കഴിഞ്ഞു എന്നു വരില്ല. എന്നാൽ തീർച്ചയായും അവയുടെ ശക്തി കുറയും. അടുത്ത ജന്മത്തിൽ അവ വളരെ ദുർബ്ബലമായതുകൊണ്ട് അവ പൊടിഞ്ഞുപോകും.

**ചോദ്യകർത്താവ്:** പശ്ചാത്താപം കൊണ്ട് കർമ്മബന്ധനം ദുർബ്ബലമാകുമോ?

**ദാദാശ്രീ:** അതെ. അവ ദുർബ്ബലമാകും. പശ്ചാത്താപം കൊണ്ട് ചില തരം കർമ്മങ്ങൾ മാത്രമെ വേരോടെ ദുർബ്ബലമാകുകയുള്ളു. നമ്മുടെ പ്രതിക്രമണത്തിന് അനന്തശക്തിയുണ്ട്. ദാദാ ഭഗവാൻ സാക്ഷിയായി പ്രതിക്രമണം ചെയ്യുക. അത് വലിയ ഫലമുണ്ടാക്കും.

## (2.26) ഈ ജ്ഞാനത്തിനു ശേഷം മഹാവിദേഹക്ഷേത്രത്തിലേക്ക് പുതിയ എക്കൗണ്ട്

കർമ്മത്തിന്റെ ശക്തികൊണ്ട്, നിങ്ങൾക്ക് ഇനിയും ഒന്നോ രണ്ടോ ജന്മങ്ങൾ നിങ്ങൾക്ക് ബാക്കി വന്നു എന്നു വരാം. അവ ഉണ്ടാവട്ടെ. പക്ഷെ അതിനു ശേഷം നിങ്ങൾ തീർച്ചയായും സിമന്ദർ സ്വാമിയുടെ അടുത്തു പോകും. അദ്ദേഹം ഇപ്പോൾ മഹാവിദേഹ ക്ഷേത്രത്തിൽ ജീവിച്ചിരിക്കുന്ന തീർത്ഥങ്കരനാണ്. ഇപ്പോൾ മുതൽ നിങ്ങൾ കൊണ്ടു വന്നിരിക്കുന്ന എക്കൗണ്ടുകൾ, അവ എത്ര ശക്തവും കഠിനവുമായാലും, അവ അവസാനിക്കും. അവക്ക് മറ്റൊരു വഴിയില്ല.

**ചോദ്യകർത്താവ്:** കർമ്മത്തിന്റെ ശക്തി പ്രതിക്രമണം കൊണ്ടു കുറയുമോ?

**ദാദാശ്രീ:** ഉവ്വ്, അവ കുറയും. അവ വേഗം അവസാനിക്കുകയും ചെയ്യും.

## (2.27) പ്രതിക്രമണം അന്തിമ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു

നിങ്ങൾ പ്രതിക്രമണത്തിലൂടെ എത്ര തെറ്റുകൾ നശിപ്പിക്കുമോ. അത്രയും നിങ്ങൾ മോക്ഷത്തിന് സമീപമെത്തിയിരിക്കും.

**ചോദ്യകർത്താവ്:** ഈ 'ഒട്ടിപ്പിടിച്ച ഫയലുകൾ' (ഭാര്യ, ഭർത്താവ് എന്നിവർ പോലെയുള്ള അടുത്ത ബന്ധങ്ങളുള്ളവർ) അടുത്ത ജന്മത്തിലും ഞങ്ങളോട് ഒട്ടിയിരിക്കുമോ?

**ദാദാശ്രീ:** നാം എന്തിന് അടുത്ത ജന്മത്തെക്കുറിച്ച് വ്യസനിക്കണം. ഇവിടെ വെച്ച് തന്നെ ആവശ്യത്തിന് പ്രതിക്രമണം ചെയ്യുക. നിങ്ങൾക്ക് ഒഴിവുള്ള സമയത്തൊക്കെ പ്രതിക്രമണം ചെയ്യുക. നിങ്ങൾ 'ചന്ദുഭായിയോട്' (നിങ്ങളുടെ ആപേക്ഷികമായ ആത്മാവിനോട്) പറയണം വീട്ടിലുള്ള എല്ലാവർക്കും വേണ്ടിയും അതുപോലെ കഴിഞ്ഞുപോയ ജീവിതത്തിൽ ആരെയൊക്കെ വേദനിപ്പിച്ചിട്ടുണ്ടോ അവർക്കു വേണ്ടിയുമെല്ലാം പ്രതിക്രമണം ചെയ്യണമെന്ന്. അവൻ 'രാഗം, ദ്വേഷം, ലൈംഗികമായ കാര്യങ്ങൾ, കോപം, അഹങ്കാരം, ലോഭം' എന്നിങ്ങനെ ഈ ജീവിതത്തിലും അതുപോലെ കഴിഞ്ഞ പല ജന്മങ്ങളിലും ചെയ്തിട്ടുള്ള എല്ലാ തെറ്റുകൾക്കും പ്രതിക്രമണം ചെയ്യണം. ദിവസവും വീട്ടിലെ ഒരംഗത്തെ എടുത്ത് അയാൾക്കു വേണ്ടി പ്രതിക്രമണം ചെയ്യുക. അതുപോലെ ചുറ്റുമുള്ള എല്ലാവർക്കും വേണ്ടിയും പ്രതിക്രമണം ചെയ്യണം. അതേ ബോധത്തോടെ അയല്ക്കാർക്കു വേണ്ടിയെല്ലാം

പ്രതിക്രമണം ചെയ്യുക. അങ്ങനെ ചെയ്തുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ ചുമടിന്റെ ഭാരം കുറയും. നിങ്ങൾ അങ്ങനെ ചെയ്യാതെ അത് കുറയില്ല.

ഞാൻ ആദ്യം ഈ ലോകത്തിനോട് മുഴുവനുമുള്ള ബന്ധനവും ഇതുപോലെ കളഞ്ഞു. പിന്നീടാണ് എനിക്ക് മുക്തിയുണ്ടായത്. നിങ്ങളുടെ മനസ്സിൽ ഞാൻ തെറ്റുകാരനാണ് എന്ന തോന്നൽ ഇരിക്കുന്ന കാലത്തോളം എനിക്ക് സമാധാനമുണ്ടാവില്ല. അതുകൊണ്ട് ഈ രീതിയിൽ പ്രതിക്രമണം ചെയ്യുമ്പോൾ എല്ലാം മാഞ്ഞുപോകുന്നു.

## (2.28) മരിച്ചവർക്ക് പ്രതിക്രമണം

**ചോദ്യകർത്താവ്:** മരിച്ചു പോയവരോട് എങ്ങനെയാണ് മാപ്പു ചോദിക്കുക?

**ദാദാശ്രീ:** മരിച്ചു പോയെങ്കിലും നിങ്ങൾക്ക് അവരുടെ മുഖം ഓർമ്മയുണ്ടാവും, അവരുടെ ഫോട്ടോഗ്രാഫുകളുണ്ടാവും. അതുപയോഗിച്ച് നിങ്ങൾക്ക് പ്രതിക്രമണം ചെയ്യാം. മുഖം ഓർമ്മയില്ലെങ്കിലും അവരുടെ പേര് ഉപയോഗിച്ച് നിങ്ങൾക്ക് പ്രതിക്രമണം ചെയ്യാം. അത് അവരിൽ എത്തിച്ചേരും.

**ചോദ്യകർത്താവ്:** മരിച്ചവരോട് ഏതു രീതിയിലാണ് പ്രതിക്രമണം ചെയ്യേണ്ടത്?

**ദാദാശ്രീ:** ആദ്യം അവരുടെ മനസ്സ്, ശരീരം, വാക്ക്, കർമ്മങ്ങൾ എന്നിവയിൽ നിന്നെല്ലാം വേറിട്ടിരിക്കുന്ന അവരുടെ ശുദ്ധാത്മാവിനെ ഓർമ്മിക്കുക. പിന്നെ നിങ്ങളുടെ തെറ്റുകൾ ഏറ്റുപറയുക (ആലോചന). പിന്നീട് ചെയ്ത തെറ്റുകൾക്കെല്ലാം മാപ്പു ചോദിക്കുക (പ്രതിക്രമണം). പിന്നീട് ആ തെറ്റ് ഇനിയൊരിക്കലും ആവർത്തിക്കുകയില്ല എന്ന് ഉറച്ച തീരുമാനമെടുക്കുക (പ്രത്യാഖ്യാനം).

'നിങ്ങൾ' ശുദ്ധാത്മാവ് ആയി നിന്ന് ചന്ദുഭായ് (റിലേറ്റീവ് സെൽഫ്) ചെയ്യുന്നത് കാണുകയും അറിയുകയും വേണം. അവൻ എത്ര പ്രതിക്രമണം ചെയ്യുന്നു, എത്ര മാത്രം ആത്മാർത്ഥമായി ചെയ്യുന്നു എന്നെല്ലാം നിരീക്ഷിക്കണം.

**ജയ് സത്ചിദാനന്ദ്**

## മരണസമയത്തെ പ്രാർത്ഥന

പ്രിയപ്പെട്ട ദാദാഭഗവാൻ, പ്രിയപ്പെട്ട സിമന്ദർ സ്വാമി, ഞാൻ എന്റെ ചിന്തകളും വാക്കുകളും പ്രവർത്തികളും, എന്റെ ** എന്ന പേരും, എന്റെ ഈ ലോകത്തിലെ പേരുമായി ബന്ധപ്പെട്ട എല്ലാ അജ്ഞതകളും, എല്ലാ കർമ്മങ്ങളും പരമാത്മാവിന്റെ പ്രകട ദിവ്യരൂപമായ അങ്ങയുടെ പത്മപാദങ്ങളിൽ അർപ്പിക്കുന്നു.

പ്രിയപ്പെട്ട ദാദാഭഗവാൻ, പ്രിയപ്പെട്ട സിമന്ദർ സ്വാമി, ഞാൻ അങ്ങയുടെ സമ്പൂർണ്ണ സംരക്ഷണം സ്വീകരിക്കുന്നു. എന്റെ ഈ സമർപ്പണം അങ്ങയോട് മാത്രമായിരിക്കട്ടെ. എന്റെ ജീവിതത്തിന്റെ അന്തിമ നിമിഷത്തിൽ ദയവായി സന്നിഹിതനായാലും. എന്റെ അന്തിമ മോക്ഷം വരെ എന്നോടൊപ്പം ഉണ്ടായിരിക്കേണമേ.

പ്രിയഭഗവാനെ, ഈ ലോകത്തിലെ നശ്വരമായ ഒരു വസ്തുവിലും എനിക്ക് ആഗ്രഹമില്ല. മോക്ഷം മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്റെ അടുത്ത ജീവിതം അങ്ങയുടെ മാർഗ്ഗദർശനത്തിലും അങ്ങയുടെ പാദങ്ങളിലും ആയിരിക്കട്ടെ.

മുകളിൽ പറഞ്ഞിരിക്കുന്നതിനോടൊപ്പം

**'ദാദാഭഗവാൻ നാ അസീം ജയ് ജയ് കാർ ഹൊ'**

എന്ന് ചൊല്ലുക.

* ജീവിതത്തിന്റെ അന്തിമ നിമിഷത്തിൽ എത്തിയിരിക്കുന്ന ആൾ തന്റെ പേര് ഇവിടെ ചേർത്ത് ചൊല്ലണം.

* ഇത് ആവർത്തിച്ച് ചൊല്ലണം. അതല്ലെങ്കിൽ മരണത്തോടടുത്തിരിക്കുന്ന ആൾക്കു വേണ്ടി ആരെങ്കിലും അടുത്തുള്ളവർ ചൊല്ലണം.

## മരിച്ച ആൾക്കുള്ള പ്രാർത്ഥന

ദാദാഭഗവാന്റെ സജീവ സാന്നിദ്ധ്യത്തിലും സിമന്ദർ സ്വാമി ഭഗവാൻ സാക്ഷിയായും ഞങ്ങളെല്ലാവരും *മരിച്ച ആളുടെ പേര് * ന്റെ ചിന്തകളും വാക്കുകളും പ്രവർത്തികളുമായും യാതൊരു ബന്ധവുമില്ലാത്ത ശുദ്ധാത്മാവിനെ സംബോധന ചെയ്യുന്നു. പ്രിയപ്പെട്ട ശുദ്ധാത്മാവെ, അങ്ങ് എവിടെയായാലും അങ്ങേക്ക് പരമാനന്ദവും ശാന്തിയും കൈവരട്ടെ. തടസ്സങ്ങളൊന്നും കൂടാതെ അങ്ങേക്ക് മോക്ഷം ലഭിക്കട്ടെ. പ്രിയപ്പെട്ട സിമന്ദർ സ്വാമി ഭഗവാൻ, അങ്ങ് അവൾക്ക്/അവന് സമ്പൂർണ്ണ സംരക്ഷണം നൽകിയാലും.

ഈ ദിവസത്തെ ഈ നിമിഷം വരെ ഞാൻ *മരിച്ച ആളുടെ പേര്* നോട് രാഗം ദ്വേഷം കോപം ലോഭം ദുരഭിമാനം വഞ്ചന എന്നിവയാൽ എന്തെല്ലാം തെറ്റുകൾ ചെയ്തിട്ടുണ്ടോ അതിനെല്ലാം ഞാൻ മാപ്പുചോദിക്കുന്നു. ഞാൻ ആത്മാർത്ഥമായി അവക്കെല്ലാം പശ്ചാത്തപിക്കുന്നു. എന്നോട് ക്ഷമിച്ചാലും. ആ തെറ്റുകളൊന്നും വീണ്ടും ഒരിക്കലും ആവർത്തിക്കാതിരിക്കുന്നതിനുള്ള ശക്തി എനിക്കു നൽകിയാലും.

* മരിച്ച ആളുടെ ഓർമ്മ വരുന്ന സമയത്തെല്ലാം ഈ പ്രാർത്ഥന ആവർത്തിക്കുക.

xxxxxxx

# നവ് കലാമോ
## ഒമ്പത് അമൂല്യമായ ദീക്ഷാവാക്യങ്ങൾ
## എല്ലാ വേദങ്ങളുടെയും മതങ്ങളുടെയും സത്ത്

1. ഏറ്റവും പ്രിയപ്പെട്ട ദാദാ ഭഗവാൻ, ഏറ്റവും നിസ്സാരമായ അളവിൽ പോലും ഒരു ജീവിയുടേയും അഹത്തെ വേദനിപ്പിക്കാതെ ഇരിക്കാനും, വേദനിപ്പിക്കുന്നതിന് കാരണം ആകാതിരിക്കാനും, വേദനിപ്പിക്കുന്നതിന് പ്രേരകം ആകാതിരിക്കാനും എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

   ഒരു ജീവിയുടേയും അഹത്തെ വേദനിപ്പിക്കാതെ ഇരിക്കാനും എന്റെ വാക്കും ചിന്തയും പ്രവർത്തികളും എല്ലാവരാലും സ്വീകാര്യമായി തീരാനും എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

2. ഏറ്റവും പ്രിയപ്പെട്ട ദാദാ ഭഗവാൻ, ഒരു മതത്തിന്റേയും അടിത്തറയെ വേദനിപ്പിക്കാതെ ഇരിക്കാനും, വേദനിപ്പിക്കുന്നതിന് കാരണം ആകാതിരിക്കാനും, വേദനിപ്പിക്കുന്നതിന് പ്രേരകം ആകാതെ ഇരിക്കാനും എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

   ഒരു മതത്തിന്റേയും അടിത്തറയെ വേദനിപ്പിക്കാതെ ഇരിക്കാനും, എന്റെ വാക്കും ചിന്തയും പ്രവൃത്തികളും എല്ലാവരാലും സ്വീകാര്യമായി തീരാനും എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

3 ഏറ്റവും പ്രിയപ്പെട്ട ദാദാഭഗവാൻ, ജീവിച്ചിരിക്കുന്ന സന്യാസി മാരെയോ, സന്യാസിനി മാരെയോ, മതപ്രസംഗകരേയോ മതാദ്ധ്യക്ഷരേയോ വിമർശിക്കാതിരിക്കാനും, അവരോട് തെറ്റ് ചെയ്യാതിരിക്കാനും, അതിന് കാരണമാകാതിരിക്കാനും, അതിന് പ്രേരകമാകാതിരിക്കാനും, എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

4 ഏറ്റവും പ്രിയപ്പെട്ട ദാദാഭഗവാൻ, ഏറ്റവും നിസ്സാരമായ അളവിൽ പോലും ഒരു ജീവിയോടും ഇഷ്ടക്കേട് തോന്നാതിരിക്കാനും, വെറുക്കാതിരിക്കാനും, വെറുപ്പിനോ ഇഷ്ടക്കേടിനോ കാരണം ആകാതെ ഇരിക്കാനും, അതിന് പ്രേരകമാകാതിരിക്കാനും, എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

5 ഏറ്റവും പ്രിയപ്പെട്ട ദാദാഭഗവാൻ, ഒരു ജീവിയോടും കടുത്തതും വേദനാജനകവുമായ ഭാഷയിൽ സംസാരിക്കാതിരിക്കാനും, അതിന് കാരണം ആകാതെ ഇരിക്കാനും, അതിന് പ്രേരകം ആകാതെ ഇരിക്കാനും, എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

ആരെങ്കിലും എന്നോട് കടുത്തതും വേദനാജനകവുമായ ഭാഷയിൽ സംസാരിക്കുന്ന പക്ഷം, അവരോട് മൃദുവായും ദയയോടെയും മറുപടി പറയുന്നതിനുള്ള അനന്തമായ ആന്തരികശക്തി എനിക്കു നല്കിയാലും.

6. ഏറ്റവും പ്രിയപ്പെട്ട ദാദാഭഗവാൻ, ആണായാലും പെണ്ണായാലും നപുംസകമായാലും, ഒരു ജീവിയോടും ലൈംഗിക തൃഷ്ണയോ വികാരങ്ങളോ ചേഷ്ടകളോ പ്രകടിപ്പിക്കാതെ ഇരിക്കാൻ ഉള്ള അനന്തമായ ആന്തരിക ശക്തി എനിക്കു നല്കിയാലും. എന്നന്നേക്കുമായി ലൈംഗികാഗ്രഹങ്ങളിൽ നിന്നും സ്വതന്ത്രമാകുന്നതിനുള്ള അനന്തമായ ആന്തരികശക്തി എനിക്കു നല്കിയാലും.

7 ഏറ്റവും പ്രിയപ്പെട്ട ദാദാ ഭഗവാൻ, പ്രത്യേക രുചികളോടു കൂടിയ ഭക്ഷണ പദാർത്ഥങ്ങളോട് ഉള്ള അമിത ആസക്തി നിയന്ത്രിക്കുന്നതിന് ഉള്ള പരമ ശക്തി എനിക്കു നല്കിയാലും. സമതുലിതവും സമ്പൂർണ്ണവും ആയ ഭക്ഷണ പദാർത്ഥങ്ങൾ സ്വീകരിക്കുന്നതിന് ഉള്ള ശക്തി നല്കിയാലും.

8. ഏറ്റവും പ്രിയപ്പെട്ട ദാദാ ഭഗവാൻ, ഒരു ജീവിയേയും അവർ സമീപത്ത് ഉണ്ടെങ്കിലും ഇല്ലെങ്കിലും, അവർ ജീവിച്ച് ഇരിക്കുന്നവർ ആയാലും മരിച്ചവർ ആയാലും, വിമർശിക്കാതെ ഇരിക്കുവാനും, അവരോട് തെറ്റു ചെയ്യാതിരിക്കാനും എനിക്ക് അനന്തമായ ആന്തരിക ശക്തി നല്കിയാലും.

9. ഏറ്റവും പ്രിയപ്പെട്ട ദാദാ ഭഗവാൻ, ലോക മോക്ഷത്തിന്റെ പാതയിൽ ഒരു ഉപകരണമാകുന്നതിന് എനിക്ക് അനന്തമായ ആന്തരികശക്തി നല്കിയാലും.

*******

# Books of Dada Bhagwan Foundation

| | |
|---|---|
| 1.Adjust Everywhere<br>2.Ahimsa : Non-Violence<br>3.Anger<br>4.Aptavani-1<br>5.Aptavani-2<br>6.Aptavani-4<br>7.Aptavani-5<br>8.Aptavani-6<br>9.Aptavani-8<br>10.Aptavani-9<br>11.Autobiography of Gnani Purush A.M Patel<br>12.Avoid Clashes<br>13.Brahmacharya<br>14.Death : Before, During & After<br>15.Flawless Vision<br>16.Generation Gap<br>17.Harmony in Marriage<br>18.Life Without Conflict<br>19.Money<br>20.Noble Use of Money | 21.Pratikraman<br>22.Pure Love<br>23.Right Understanding to Help Others<br>24.Science of Karma<br>25.Science of Speech<br>26.Shree Simandhar Swami : The Living God<br>27.The Essence Of All Religion<br>28.The Fault Is Of The Sufferer<br>29.The Guru and The Disciple<br>30.The Hidden Meaning Of Truth & Untruth<br>31.The Practice Of Humanity<br>32.Trimantra : The mantra that removes all the worldly obstacles<br>33.Whatever Happened is Justice<br>34. Who Am I ?<br>35.Worries |

❖ Dada Bhagwan books are availables in different languages: Gujarati, Hindi, English, Marathi, Telegu, Kanada, Oriya, Malayali, Bengali, Punjabi, Assamese, Tamil, German, Spanish, Russian etc

❖ 'Dadavani' Magazine is published every month in three Languages: Gujarati, Hindi, and English.

**www.dadabhagwan.org**

# Dada Bhagwan Parivar

**Adalaj:** Trimandir, Simandhar City, Ahmedabad-Kalol
Highway, Po/Adalaj, Dist.: Gandhinagar-382421,
Gujarat, India.
Tel: +91-9328661166/ 9328661177
Email: info@dadabhagwan.org

| | | | |
|---|---|---|---|
| Mumbai | 9323528901 | Delhi | 9810098564 |
| Kolkata | 9830093230 | Chennai | 7200740000 |
| Jaipur | 9351408285 | Patna | 7352723132 |
| Bhopal | 9425024405 | Amravati | 9422915064 |
| Indore | 9039936173 | Bangalore | 9590979099 |
| Raipur | 9329644433 | Hyderabad | 9989877786 |
| Chandigarh | 9780732237 | Pune | 9422660497 |
| Kanpur | 9452525981 | Jalandhar | 9814063043 |
| Bhubaneswar | 8763073111 | Sangli | 9423870798 |
| Varanasi | 9795228541 | | |

| | |
|---|---|
| U.S.A Dada Bhagwan Vignan Institute<br>Tel: +1 877-505-DADA(3232)<br>Email:info@us.dadabhagwan.org | **U.K: Dada Darshan (UK)**<br><br>Tel: +44 330-111-DADA(3232)<br>Email:info@uk.dadabhagwan.org |
| **Germany** :+49 700 32327474<br>**UAE:** +97 1557316937<br>**Kenya:** +25 4722722063<br>**Dubai**: +971 501364530 | Australia: +61 421127947<br>New Zealand: +6421 0376434<br>Singapore: +65 81129229 |



അവസാന സമയത്തു ഓക്സിജനിൽ ,
എന്നാൽ മുഖത്തു പരമാനന്ദം.....

## ഭാവതരംഗങ്ങൾ മാത്രം എത്തിച്ചേരുന്നു

കുട്ടികളുടെയായാലും സ്വജനങ്ങളുടേതായാലും മരണത്തിനു ശേഷം അവരെക്കുറിച്ച് വിഷമിച്ചുകൊണ്ടിരുന്നാൽ അവർക്ക് ദുഃഖം ഉണ്ടാകുന്നു. ആളുകൾ അജ്ഞത കൊണ്ടാണ് ഇങ്ങനെയെല്ലാം ചെയ്യുന്നത്. അതുകൊണ്ട് നിങ്ങൾ കാര്യങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കി ശാന്തമായി ഇരിക്കണം. ആവശ്യമില്ലാതെ വിഷമിച്ചിട്ട് എന്താണ് കാര്യം? ഇത് ലോകത്തിലെ കടബാധ്യതയാണ്. കൊടുക്കൽ വാങ്ങലുകളുടെ കണക്കുകൾ. മരണം എന്താണ്? എക്കൗണ്ടിലെ കണക്കുകൾ തീർന്നു. അവരെ കുറിച്ച് നമുക്ക് വളരെ അധികം ഓർമ്മ വന്നാൽ എന്തു ചെയ്യണം? വീതരാഗിയായ ഭഗവാനോട് പറയണം ഇവന് ശാന്തി നല്കണേ എന്ന്. നമ്മുടെ ഭാവനകൾ തീർച്ചയായും അവനിൽ എത്തിച്ചേരും.

ദാദാശ്രീ

मूल दीपक से प्रकटे दीपमाला

dadabhagwan.org

ISBN 978-93-90664-75-7
9 789390 664757
Printed in India
Price ₹30